# മലയാളം
## ടീച്ചർടെക്സ്റ്റ്

സ്റ്റാൻഡേർഡ് X

DRAFT

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

# മലയാളം

## കേരളപാഠാവലി

DRAFT

## വാർഷികാസൂത്രണം

# X കേരളപാഠാവലി

| ടേം | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| ഒന്ന് | ജൂൺ | ഭാഷ പൂത്തും സംസ്കാരം തളിർത്തും | കഥകളതിമോഹനം |
| | | | സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ |
| | ജൂലൈ | ഭാഷ പൂത്തും സംസ്കാരം തളിർത്തും (തുടർച്ച) | മാതൃഭാഷ : നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി |
| | | ഉള്ളിലാണെപ്പോഴും ഉണ്മതാനെന്ന പോൽ | റസിഡന്റ് എഡിറ്റർ |
| | ആഗസ്റ്റ് | ഉള്ളിലാണെപ്പോഴും ഉണ്മതാനെന്ന പോൽ (തുടർച്ച)) | അന്നന്നത്തെ മോക്ഷം |
| | | | തേൻ |
| ഒന്നാം ടേം മൂല്യനിർണ്ണയം | | | |
| രണ്ട് | സെപ്തംബർ | വിസ്തൃതലോകവിതാനത്തിൽ | മണ്ണും മനുഷ്യനും |
| | ഒക്ടോബർ | വിസ്തൃതലോകവിതാനത്തിൽ (തുടർച്ച) | ബത്തേരിക്കടുത്ത് മലങ്കരയിൽ |
| | | | വെള്ളത്തിന് തെളിയാതിരിക്കാനാവില്ല |
| | നവംബർ | പിറന്നനാടിൻ പെരുമയിൽ | ദേശവും എഴുത്തും |
| | | | ആലപ്പുഴവെള്ളം |
| | ഡിസംബർ | പിറന്നനാടിൻ പെരുമയിൽ (തുടർച്ച) | മുരിങ്ങാമരത്തോപ്പ് |
| രണ്ടാം ടേം മൂല്യനിർണ്ണയം | | | |
| മൂന്ന് | ജനുവരി | ഉലകിന്നുയിരാം ഉണർവുകൾ | പ്രയാണം |
| | | | നരബലി |
| | ഫെബ്രുവരി | | പുനരനുഭവപ്രവർത്തനങ്ങൾ<br>മാതൃകാപ്പരീക്ഷ |
| | മാർച്ച് | പൊതുപരീക്ഷ | |
| വാർഷികമൂല്യനിർണ്ണയം | | | |

DRAFT

# 1
# ഭാഷ പൂത്തും സംസ്കാരം തളിർത്തും

## ആമുഖം

മനുഷ്യകഥയെന്നാൽ മനുഷ്യജീവിതം തന്നെയാണ്. കഥ പറയാനും കേൾക്കാനും മനുഷ്യന് ജന്മസിദ്ധമായ വാസനയുണ്ട്. ജീവിക്കാനും ജീവിതം ആവിഷ്കരിക്കാനും ഭാഷ വേണം. ഓരോ ജനസമൂഹവും ചുറ്റുപാടിൽ നിന്ന് ആർജ്ജിക്കുന്ന മാതൃഭാഷയിലൂടെയാണ് ജീവിതാവിഷ്കാരം നിർവഹിക്കുന്നത്. ജീവിതത്തെ അർഥപൂർണ്ണമാക്കുന്നതിൽ ഭാഷയ്ക്ക് പ്രധാന പങ്കുണ്ട്.

സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. സമൂഹത്തെ ചലിപ്പിക്കുന്ന ജീവച്ഛക്തിയായ ഭാഷ സംസ്കാരത്തിന്റെ ഈടുവയ്പുകൾ സംഭരിച്ചു വച്ചിരിക്കുന്ന കലവറയാണ്. മാതൃഭാഷ സമ്പന്നമാകുമ്പോഴാണ് സംസ്കാരം പുഷ്ടിപ്പെടുന്നത്. കേരളത്തിന് സമ്പന്നമായ ഒരു ഭാഷയും സംസ്കാരവും കൈമുതലായിട്ടുണ്ട്. നമ്മുടെ ഭാഷയിലെ ആവിഷ്കാരപ്രകടിതരൂപങ്ങൾ, പദസമ്പത്ത്, ജീവിതാഖ്യാനങ്ങൾ, പ്രയോഗവ്യവസ്ഥകൾ എന്നിവയെല്ലാം സൂക്ഷ്മതലത്തിൽ തിരിച്ചറിയേണ്ടതുണ്ട്. ഭാഷയിലെ മികച്ച കൃതികൾ പരിചയപ്പെടുത്തുന്നതിലൂടെ അത് സാധ്യമാകണം.

ഭാഷ പൂത്തുലയുകയും വികാരങ്ങൾ തളിർത്ത് പരിലസിക്കുകയും ചെയ്യുന്ന മലയാള സാഹിത്യം മാതൃഭാഷയുടെ കരുത്തും സൗന്ദര്യവും വ്യക്തമാക്കുന്നുണ്ട്. നാടോടി ഗാനങ്ങളിൽ ആരംഭിക്കുന്ന കവിതയുടെ അതിപ്രാചീനമായ പാരമ്പര്യം മുതൽ ഏറ്റവും നൂതനമായ ആവിഷ്കാരങ്ങൾവരെ അതിൽ ഉൾപ്പെടുന്നു. മലയാളിയുടെ ജീവിതവും ദർശനവും മനോവ്യാപാരങ്ങളും സൗന്ദര്യബോധവും ആഹ്ലാദാനുഭൂതികളും എല്ലാം സാഹിത്യരചനകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. അത് തിരിച്ചറിയാനും അതിന്റെ വൈകാരികവും ചിന്താപരവുമായ തലങ്ങൾ കുട്ടികളിൽ എത്തിക്കാനും ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ സാധ്യമാകേണ്ടതുണ്ട്.

ഭാഷയോട് ഇഷ്ടവും സാഹിത്യത്തോട് താൽപര്യവും ഉണ്ടാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ യൂണിറ്റിൽ കുട്ടികൾക്ക് ഏറ്റെടുക്കാനുള്ളത്. വായിച്ചു വളരാനും അതുവഴി ചിന്തിച്ച് ഉയരാനും അവർക്കാകണം. ഭാഷയെ സർഗാത്മകമായി ആവിഷ്കരിക്കുന്നതിനും അതിലൂടെ എഴുത്തിന്റെ മേഖലയിൽ നിലയുറപ്പിക്കുന്നതിനും കുട്ടികൾക്ക് കഴിയണം. എഴുത്തിനോടൊപ്പം വിവിധ അവതരണങ്ങൾക്കും അവർ പ്രാപ്തി നേടട്ടെ. ഭാഷാപഠനത്തിൽ നവീനാശയങ്ങൾ പുതിയ പദ്ധതികളാക്കി ആവിഷ്കരിക്കാനും (ideation) അവ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താനും അവർ പ്രാപ്തരാകുമ്പോഴാണ് ഈ യൂണിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലമാകുന്നത്.

### പഠനലക്ഷ്യങ്ങൾ

- സാഹിത്യരചനകളെ ഭാവാത്മകമാക്കുന്ന ഘടകങ്ങൾ വേർതിരിച്ചു മനസ്സിലാക്കുക, ഘടകങ്ങളുടെ പരസ്പരബന്ധം അപഗ്രഥിച്ചറിയുക, രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുക.

DRAFT

- സാമൂഹികവ്യവഹാരത്തിന്റെ വിവിധ സന്ദർഭങ്ങളിൽ ഇടപെടുകയും തന്റേതായ വാദമുഖങ്ങൾ ഉന്നയിക്കുകയും പ്രഭാഷണം, ചർച്ച തുടങ്ങിയ വ്യവഹാരരൂപങ്ങളിൽ യുക്തിപൂർവം അവതരിപ്പിക്കുകയും ചെയ്യുക.
- സാഹിത്യകൃതികൾ അപഗ്രഥിച്ച് ജീവിതവും സാഹിത്യവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ട ആശയങ്ങളും നിഗമനങ്ങളും രൂപീകരിക്കുകയും ആസ്വാദനക്കുറിപ്പ്, താരതമ്യക്കുറിപ്പ് തുടങ്ങിയ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുക.
- സ്വന്തം രചനകളും സഹപാഠികളുടെ രചനകളും പരിശോധിച്ച് പദം, വാക്യം, ആശയം എന്നിവയിലെ മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തി അവതരിപ്പിക്കുക.
- സർഗാത്മകരചനകളിലെ ഭാഷയുടെ സവിശേഷതകൾ (പ്രതീകങ്ങൾ, ബിംബങ്ങൾ, ധ്വനി ....) തിരിച്ചറിഞ്ഞ് അവയുടെ അടിസ്ഥാനത്തിൽ സ്വന്തമായി സർഗാത്മക രചനങ്ങളിൽ ഏർപ്പെടുക.

**പ്രവേശകം**

ജീവിതം കഥയാണ്. നന്മകളും നേരുകളും തിരിച്ചറിവുകളും നിറയുന്ന കഥ. കഥ പറഞ്ഞും കഥയിൽ ജീവിച്ചുമാണ് ജീവിതത്തെ കഥയുള്ളതാക്കി മാറ്റുന്നത്. ഖസാക്കിലെ രവി കുഞ്ഞുങ്ങളോട് പറയുന്ന കഥയിൽ മാനവികതയുടെ വലിയ പാഠങ്ങളുണ്ട്. കുഞ്ഞാമിനയ്ക്ക് കേൾക്കേണ്ടത് ആരും ചാവാത്ത കഥയാണ്. കുഞ്ഞാമിനയുടെ കുരുന്നു മനസ്സിലെ മോഹം നമുക്കും തിരിച്ചറിവിന്റെ വഴിയിലെ വെളിച്ചമാകണം.

DRAFT

## പ്രവർത്തനവും പ്രക്രിയയും

**പ്രവേശകപ്രവർത്തനം**

അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കൽ

അവധിക്കാലത്ത് കണ്ട സിനിമ/ നാടകം തുടങ്ങിയ കലകളിൽ ഏതെങ്കിലും ഒന്നിന്റെ കഥ ചുരുക്കിപ്പറയാൻ അവസരം നൽകുന്നു.
(പരമാവധി കുട്ടികൾക്ക് അവസരം നൽകണം. ഓരോ കുട്ടിയെയും അവതരണത്തിലെ മികവുകൾ പറഞ്ഞ് അഭിനന്ദിക്കണം. അതിലൂടെ കഥാവതരണത്തിന്റെ ഗുണങ്ങളെ സംബന്ധിച്ച് സമഗ്രമായ ധാരണ എല്ലാ കുട്ടികൾക്കും ലഭിക്കണം.)

തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

? ഏതു കഥയാണ് ഏറ്റവും ഇഷ്ടമായത് ? എന്തുകൊണ്ട്?

കുട്ടികൾ പ്രതികരിക്കുന്നു.

? 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ കുഞ്ഞാമിനക്ക് ഏതുതരം കഥകളാണ് ഇഷ്ടം?

[രണ്ടുപേർ തമ്മിലുള്ള നാടകീയമായ സംഭാഷണം പോലെയും അവതരിപ്പിക്കാം. ആ ഭാഗം അഭിനയിച്ചു കാണിക്കാനും അവസരം നൽകാം.]

നോവൽഭാഗം ഭാവാത്മകമായി വായിക്കുന്നു.

തുടർന്ന് നോവൽഭാഗം ഓഡിയോ കേൾപ്പിക്കുന്നു.

അതിനുശേഷം ചോദ്യത്തോട് കുട്ടികൾ പ്രതികരിക്കുന്നു.

പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

? കഥയെക്കുറിച്ചുള്ള കുഞ്ഞാമിനയുടെ കാഴ്ചപ്പാട് നൽകുന്ന സൂചനകൾ എന്തെല്ലാം ?

? ഈ കഥാഭാഗം നൽകുന്ന സന്ദേശം എന്താണ്?

? കഥ പറച്ചിലിന്റെയും കേൾക്കലിന്റെയും കഥയുടെയും എന്തെല്ലാം സാധ്യതകളാണ് ഈ ഭാഗത്ത് തെളിയുന്നത്?

ചോദ്യങ്ങൾ ഓരോന്നായി ഉന്നയിച്ച് ചർച്ച

പ്രധാന ആശയങ്ങൾ ബോർഡിൽ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**

- സമാധാനവും ശാന്തിയും പുലരുന്ന ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
- സംഭാഷണത്തിലെ നാടകീയത, സാർ, സാർ എന്ന ആവർത്തനം, ഗുരുശിഷ്യ സംവാദത്തിന്റെ ശൈലി, സംഭാഷണങ്ങളുടെ ലയം, ചോദ്യോത്തരങ്ങൾ, നാടോടിക്കഥ പറച്ചിലിന്റെ സവിശേഷത എന്നിവ എടുത്തുകാട്ടുന്നു.
- 'രവി കഥ പറയാനൊരുങ്ങി...' എന്നതുപോലെയുള്ള വാക്യങ്ങൾ, കഥയെ ദൃശ്യവൽക്കരിക്കുന്നു.
- കഥാവതരണശൈലി, ഭാഷാപ്രയോഗം, പ്രതീകാത്മകത എന്നിങ്ങനെ ഒ.വി. വിജയന്റെ രചനാശൈലിയുടെ പൊതുപ്രത്യേകതകൾ ഇവിടെ കാണാം.
- കഥയിൽ പോലും മരണമില്ലാതിരിക്കണമെന്ന ആവശ്യം കുട്ടികളുടെ നിഷ്കളങ്കമനസ്സിലെ ഭയങ്ങൾ/പ്രതീക്ഷകൾ എന്താണെന്ന സൂചന.
- മരണമില്ലാത്ത കഥകൾ വഴി ജീവിതത്തിന്റെ സന്തോഷം/പ്രതീക്ഷ/സൃഷ്ടിപരത ഊന്നിപ്പറയുന്നതിന് കഥയ്ക്കുള്ള സാധ്യത.
-

DRAFT

കഥകളെക്കുറിച്ചുള്ള കുഞ്ഞാമിനയുടെ കാഴ്ചപ്പാടിന്റെ സമകാലികപ്രസക്തി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

കഴിഞ്ഞ ക്ലാസ്സിൽ തുടർപ്രവർത്തനമായി നിർദേശിച്ച കുറിപ്പുകൾ പരസ്പരം കൈമാറി വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു.

ഏതാനും പേർ അവതരിപ്പിക്കുന്നു.

മറ്റുള്ളവർ വിലയിരുത്തുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ

- കഥയുടെ ഉള്ളടക്കം, സന്ദേശം, ആഖ്യാനശൈലി എന്നിവ ഉൾക്കൊണ്ടിട്ടുണ്ട്.
- സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. (കഥയുടെ സന്ദേശം ഇന്നത്തെ സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണെന്ന് ഉദാഹരണസഹിതം വിശദീകരിച്ചിട്ടുണ്ട്.
- സൃഷ്ടിപരമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ ശരിയായ വാക്യഘടനയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം രചനകളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുന്നു. [രചനാപരമായ പരിമിതികളുള്ള കുട്ടികൾക്ക് ടീച്ചർ ആവശ്യമായ സഹായങ്ങൾ നൽകുന്നു.]

| |
|---|
| കഥ മാത്രമല്ല എല്ലാം വൈകാരികമായി അവതരിപ്പിക്കാൻ ഭാഷ വേണം മാതൃഭാഷ വേണം. |

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഇതുവരെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ വാക്യം വിശകലനം ചെയ്യുന്നു.

മാതൃഭാഷയിൽ വൈകാരികമായി അവതരിപ്പിച്ച സന്ദർഭങ്ങൾ കുട്ടികളോട് പറയാൻ ആവശ്യപ്പെടുന്നു.

ചർച്ച

**ക്രോഡീകരണം**

- മാതൃഭാഷയുടെ ശക്തി
- മലയാളത്തിന്റെ സവിശേഷതകൾ
- മാതൃഭാഷയുടെ സാധ്യതകൾ

കഥ കേൾക്കാൻ വെമ്പലോടെ കാത്തിരിക്കുന്ന ഖസാക്കിന്റെ ഇതിഹാസത്തിലെ കുഞ്ഞാമിനയെയും കൂട്ടുകാരെയും കണ്ടല്ലോ?

വാക്യം സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.

***കഥ പറയുമ്പോൾ***
***കിളിയുടെ കണ്ണിൽ***
***നൂറുനൂറു വർണ്ണങ്ങൾ...***
***ഭാഷയുടെ ചിറകിലും.***

## വിശകലന ചോദ്യങ്ങൾ

? ഈ വാക്യത്തിന്റെ പൊരുൾ എന്താണ്?

? കഥ പറച്ചിലിന്റെ അനുഭൂതി ഈ വാക്കുകളിൽ തെളിയുന്നുണ്ടോ?

DRAFT

? കിളി കഥ പറയുന്നു എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് എന്താവും?

വ്യക്തിഗതമായി പ്രതികരിക്കുന്നു.

ഗ്രൂപ്പിൽ ചർച്ച -അവതരണം

**ക്രോഡീകരണം**

- പ്രവേശകമായ ഖസാക്കിന്റെ ഇതിഹാസത്തിൽ നിന്നും തുടർച്ചയായി വരുന്ന കഥാചിന്ത. അന്തമറ്റ കഥകളുടെ ചേർത്തുവയ്പായി മാറുന്ന ജീവിതത്തിലേക്കു വിരൽ ചൂണ്ടാം.
- കിളിപ്പാട്ടിൽ കഥകൾ പറയുന്ന കിളിയുടെ കണ്ണിൽ ആ ജീവിതവർണ്ണങ്ങളുടെ തിരമാറ്റം നടക്കുന്നു. യഥാർഥത്തിൽ കാണാത്തതിനെ കാണിച്ചുതരാനാണല്ലോ ഭാഷയിലൂടെയുള്ള ശ്രമം.
- വ്യത്യസ്തമായ മനുഷ്യാനുഭവങ്ങളാണ് വ്യത്യസ്തമായ കഥകളായി മാറുന്നത്. അത്തരം കഥകൾ പറയുമ്പോൾ ഭാഷയുടെ വളർച്ചയും ചിറകുവിടർത്തലും സാധ്യമാകുന്നു.
- ചുരുക്കത്തിൽ എണ്ണിയാൽ തീരാത്ത അനുഭവങ്ങൾ കഥകളാകുമ്പോൾ പറന്നുയരുന്ന ഭാഷയുടെ ചിറകിൽ നൂറുനൂറുവർണ്ണങ്ങൾ വിരിയുന്നു.
- എഴുത്തച്ഛന്റെ പൈങ്കിളിയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.
- 

DRAFT

# കഥകളതിമോഹനം

**കാവ്യസന്ദർഭം**

ഇതിഹാസകാവ്യമാണ് മഹാഭാരതം. സഹോദരന്മാരുടെ മക്കൾ തമ്മിൽ രാജ്യാധികാരത്തിനുവേണ്ടി നടത്തിയ കൊടിയയുദ്ധത്തിന്റെ കഥയിലൂടെ, യുദ്ധം മാനവരാശിക്ക് വരുത്തിവയ്ക്കുന്ന മഹാവിപത്തിനെക്കുറിച്ചുള്ള താക്കീതാണ് ഭാരതേതിഹാസത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

പതിനെട്ടു പർവങ്ങളിലായാണ് വ്യാസൻ മഹാഭാരതകഥ അവതരിപ്പിച്ചിട്ടുള്ളത്. ആറാമത്തേത് ഭീഷ്മപർവമാണ്. കൗരവസേനയുടെ സർവസൈന്യാധിപനായ ഭീഷ്മർ ആയിരുന്നു കുരുക്ഷേത്രയുദ്ധത്തിൽ ആദ്യഘട്ടത്തിൽ സേനയെ നയിച്ചിരുന്നത്. ശിഖണ്ഡിയെ മുൻനിർത്തി പാണ്ഡവർ നടത്തിയ യുദ്ധത്തിൽ ഭീഷ്മർ ശരശയ്യയിലായി. കുരുക്ഷേത്രയുദ്ധത്തിന്റെ പതിനൊന്നാം ദിവസം ഭീഷ്മരുടെ പതനത്തിനു ശേഷം ദുര്യോധനൻ ഏറെ ദുഃഖിതനായിരുന്നു. തന്റെ സമീപത്തെത്തിയ കർണ്ണനോട് കൗരവപക്ഷത്തെ നയിക്കാൻ ഏവർക്കും സമ്മതനായ ഒരു സേനാനായകനെ വേണമെന്ന് അദ്ദേഹം പറയുന്നു. കർണ്ണൻ സേനാനായകത്വം ഏറ്റെടുക്കണം എന്നായിരുന്നു ദുര്യോധനന്റെ ആവശ്യം. അത് കർണ്ണൻ വിനയപൂർവം നിരസിച്ചു.

സർവഗുരുവും സർവശക്തനുമായ ദ്രോണാചാര്യർ നായകത്വം ഏറ്റെടുക്കണം എന്നായിരുന്നു കർണ്ണന്റെ നിർദേശം. തുടർന്ന് ദ്രോണാചാര്യരെ സേനാധിപതിയായി അഭിഷേകം ചെയ്യുന്നു. പതിനൊന്നു മുതൽ പതിനഞ്ചുവരെയുള്ള അഞ്ചുദിവസം ദ്രോണാചാര്യർ കൗരവസേനയ്ക്കു ശക്തമായ നേതൃത്വം നൽകി. മഹാഭാരതകാവ്യത്തെ 21 പർവങ്ങളിലായാണ് എഴുത്തച്ഛൻ ശ്രീമഹാഭാരതം കിളിപ്പാട്ടിൽ അവതരിപ്പിക്കുന്നത്. മഹാഭാരതത്തിലെ ഒൻപതാമത്തെ പർവമായ ദ്രോണപർവത്തിലെ വരികളാണ് പാഠഭാഗം.

**പാഠവിശകലനം**

മലയാളസാഹിത്യചരിത്രത്തിൽ മഹത്തായ കൃതികൾ സംഭാവന ചെയ്ത സാഹിത്യ പ്രസ്ഥാനമാണ് കിളിപ്പാട്ട്. മഹാകവി തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനാണ് കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന് പൊതുവിൽ വിശ്വസിച്ചുവരുന്നു. കവി നേരിട്ട് കഥ പറയുന്നതിന് പകരം കിളിയെക്കൊണ്ട് കഥ പറയിക്കുന്ന രീതിയാണ് കിളിപ്പാട്ടിലുള്ളത്. കേക, കാകളി, കളകാഞ്ചി, അന്നനട എന്നീ വൃത്തങ്ങൾ കിളിപ്പാട്ട് വൃത്തങ്ങളായി അറിയപ്പെടുന്നു.

അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ശ്രീമഹാഭാരതം കിളിപ്പാട്ട് എന്നീ കൃതികളാണ് ഈ പ്രസ്ഥാനത്തിലെ പ്രധാന കൃതികൾ. യുദ്ധം മാനവരാശിക്ക് ഏൽപ്പിക്കുന്ന ഒടുങ്ങാത്ത ദുരിതങ്ങളും ദുരന്തങ്ങളും യുദ്ധരംഗ വർണ്ണനകളിലൂടെയും യുദ്ധാനന്തര ജീവിതത്തിന്റെ ദയനീയാവസ്ഥകളിലൂടെയും മലയാളത്തിന് ഇണങ്ങുന്ന ഭാഷയിലും ശൈലിയിലും എഴുത്തച്ഛൻ പുനരാവിഷ്കരിച്ചു.

കുരുക്ഷേത്രയുദ്ധാനന്തരം അവശേഷിച്ചത് ശ്രീകൃഷ്ണനും പാണ്ഡവരുമടക്കം ഏതാനും ചിലർ മാത്രമാണ്. ഭീഷ്മരും ദ്രോണരും കർണ്ണനും ഉൾപ്പെടെയുള്ള കൗരവപ്പട ഒന്നടങ്കവും നാമാവശേഷമായി. യുദ്ധനിയമങ്ങൾ പാടെ ലംഘിക്കപ്പെട്ട് പാണ്ഡവർ നേടിയ വിജയം അവർക്കുപോലും ആസ്വാദ്യമായി തോന്നിയില്ല. ഇങ്ങനെ യുദ്ധവും മാത്സര്യവും മാനവരാശിക്ക് സന്തോഷവും സമാധാനവും നൽകുന്നതിന് പകരം കടുത്ത ദുഃഖവും അശാന്തിയുമാണ് നൽകുന്നതെന്ന് എഴുത്തച്ഛൻ ഓർമ്മപ്പെടുത്തുന്നു. തെളിഞ്ഞ ഭാഷ, നാടകീയത മുറ്റിനിൽക്കുന്ന ആഖ്യാനരീതി, ദാർശനികമായ ഉൾക്കാഴ്ചയുടെ സമ്പന്നത എന്നിവയാൽ സമ്പുഷ്ടമാണ് മഹാഭാരതം കിളിപ്പാട്ട്.

കുരുക്ഷേത്രയുദ്ധത്തിൽ ഭീഷ്മരുടെ പതനത്തെ തുടർന്ന് ദ്രോണാചാര്യരെ സർവ്വ സൈന്യാധിപതിയായി അഭിഷേകംചെയ്യുന്നതാണ് പാഠസന്ദർഭം. ഇരുചെവികളും കുളിർപ്പിക്കുന്ന വിധത്തിൽ മധുരമായി കഥ പറയാൻ പഞ്ചവർണ്ണക്കിളിയോട് കവി അപേക്ഷിക്കുന്നതോടെയാണ് ദ്രോണപർവം ആരംഭിക്കുന്നത്. തന്റെ മാത്രമല്ല മാനവരാശിയുടെ മുഴുവൻ കാതും കരളും കുളിരണിയണമെന്ന് കവി ആഗ്രഹിക്കുന്നു എന്ന് ഈ വരികൾ വ്യക്തമാക്കുന്നു. പഞ്ചവർണ്ണക്കിളിപ്പെൺകിടാവിനെ സന്തുഷ്ടയാക്കുവാൻ കവി കാഴ്ചവയ്ക്കുന്നത് മലയാളിയുടെ നാവിൽ കൊതിയൂറുന്ന വിഭവങ്ങൾ തന്നെയാണ്. കൊഴുത്ത പാലിൽ പഞ്ചസാരപ്പൊടിയും കദളിപ്പഴങ്ങളും തേനും ശർക്കരയും കൂട്ടിക്കുഴച്ച് സ്വാദിഷ്ടമായ പഞ്ചാമൃതമാണ് പഞ്ചവർണ്ണക്കിളി

DRAFT

പെണ്ണിന് കവി കാഴ്ചവയ്ക്കുന്നത്. ഭീകരമായ യുദ്ധവർണ്ണനയ്ക്ക് മുന്നോടിയായി കവി ഇത്തരമൊരു വിഭവ വർണ്ണന നടത്തിയത് എന്തിനായിരിക്കും? ഇതൊരു മുന്നറിയിപ്പായാണ് കാണാനാവുക. നാവിൽ കൊതിയൂറുന്ന വിഭവം സ്വീകരിച്ച് സന്തുഷ്ടമായ ജീവിതം നയിക്കേണ്ടതിന് പകരം സർവനാശത്തിന് കാരണഭൂതമായ യുദ്ധമാത്സര്യങ്ങളിൽ പെട്ട് നശിക്കുന്ന മനുഷ്യരെക്കുറിച്ചുള്ള വേവലാതികൂടി ഈ വരികൾക്കിടയിൽ നിന്നും വായിച്ചെടുക്കാം. ഭീഷ്മപതനവും കടുത്ത ജീവിതദുരിതങ്ങളുടെ പ്രതീകമായ ശരശയ്യയും കാക്കയും കഴുകനും കുറുനരിയും കീറിപ്പറിച്ച കൗരവരുടെ അന്ത്യദിനങ്ങളെക്കുറിച്ചും എല്ലാം പാടാനാണ് ഇഷ്ടഭോജ്യം ഭുജിച്ച് സന്തുഷ്ടയായ കിളിപ്പെണ്ണിനോട് കവി ആവശ്യപ്പെടുന്നത്. ഭാരതകഥ വിസ്തരിച്ച് പറയാനാവില്ലെങ്കിലും വളരെ ചുരുക്കി പറയാമെന്ന് പൈങ്കിളിപ്പെണ്ണ് സമ്മതിക്കുന്നു.

ഭീഷ്മർക്കുശേഷം കർണ്ണനോട് സേനാപതിയാവാൻ ദുര്യോധനൻ ആവശ്യപ്പെടുമ്പോൾ ദ്രോണാചാര്യനിരിക്കുമ്പോൾ താൻ സേനാപതിയാകുന്നത് ശരിയല്ലെന്നും ദ്രോണാചാര്യനുശേഷം താനാവാമെന്നും കർണ്ണൻ അഭിപ്രായപ്പെടുന്നു. കർണ്ണന് കർണ്ണസുഖമുള്ള കാര്യങ്ങൾ പറയാൻ കഴിയുന്നില്ല എന്ന് പ്രസ്താവിക്കുക വഴി കർണ്ണസുഖമുള്ള കാര്യങ്ങൾ മാത്രം പറഞ്ഞു പ്രിയം നേടുന്ന സമൂഹത്തിലെ ചില ആളുകളെ വ്യംഗ്യമായി വിമർശിക്കുക കൂടി കവി ചെയ്യുന്നു. അനിവാര്യമായ യുദ്ധത്തിൽ കുലഗുരുവായ ദ്രോണരെ സേനാപതി ആക്കുന്നതുവഴി യുദ്ധം വീണ്ടും കനക്കുന്നു. ഇതുവഴി ഇരുഭാഗത്തും കനത്തനാശം എന്ന സൂചനകൂടി കവി നൽകുന്നു. തെളിഞ്ഞ ഭാഷയും കേരളീയതയും വ്യംഗ്യാർഥപ്രയോഗങ്ങളും പാഠഭാഗത്തെ ആസ്വാദ്യമാക്കുന്നു.

DRAFT

## കണ്ടെത്തി അവതരിപ്പിക്കുക

എഴുത്തച്ഛൻ രാമായണകഥയും മഹാഭാരതകഥയും കിളി കഥ പറയുന്ന രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഈ നിരീക്ഷണത്തിന്റെ സാധുത കഥകളതിമോഹനം എന്ന കാവ്യഭാഗം അടിസ്ഥാനമാക്കി കണ്ടെത്തൂ.

2/3 പേർ കാവ്യഭാഗം ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.

കവിതാഭാഗം ഓഡിയോ കേൾപ്പിക്കുന്നു.

ഓഡിയോ കേട്ടുകൊണ്ട് വരികളിലൂടെ കടന്നുപോകുന്നു.

## വിശകലന ചോദ്യങ്ങൾ

സ്ലൈഡ് പ്രദർശിപ്പിക്കുന്നു

- ? കവി കിളിയെ പ്രചോദിപ്പിക്കുന്നത് എങ്ങനെയെല്ലാം ?
- ? കിളിക്ക് കവി നൽകുന്ന വിശിഷ്ടഭോജ്യങ്ങൾ എന്തെല്ലാം ?
- ? കഥ പറച്ചിലിന് ഉണ്ടാകണമെന്ന് കവി ആഗ്രഹിക്കുന്ന ഗുണങ്ങൾ അവയിൽ തെളിയുന്നുണ്ടോ?

ചർച്ച

## ക്രോഡീകരണം

- കഥ ആകർഷകമാകണം.
- ആസ്വാദ്യമാകണം
- ജീവിതഗന്ധിയാകണം
-

## കുറിപ്പ് തയ്യാറാക്കുക

കാവ്യഭാഗം വായിച്ച് കഥ ചുരുക്കി എഴുതുക.

കാവ്യഭാഗത്തെ കഥ ചുരുക്കി ആകർഷകമായി രണ്ടുമൂന്നു പേർ അവതരിപ്പിക്കുന്നു.

ചുരുക്കി അവതരിപ്പിക്കുമ്പോൾ / എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

ചർച്ച

## ക്രോഡീകരണം

- പ്രധാനാശയങ്ങൾ തിരിച്ചറിഞ്ഞ് ഉൾപ്പെടുത്തണം. (രചനയിലെ മുഖ്യ സന്ദേശത്തിന് പ്രധാന്യം നൽകണം. )
- പ്രധാന സംഭവങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കണം. (അപ്രധാനമായ വിവരങ്ങൾ ഒഴിവാക്കണം.)
- രചനയിലെ വാക്കുകൾ പകർത്താതെ സ്വന്തം ഭാഷയിൽ എഴുതണം.
- ലളിതവും വ്യക്തവുമായ ലഘുവാക്യങ്ങൾ ഉപയോഗിക്കണം.

തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

? കവിതാഭാഗത്തെ കഥാപാത്രങ്ങൾ ആരെല്ലാം ?

? കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്തെല്ലാം ?

? കഥാപാത്രങ്ങൾക്ക് നൽകിയ വിശേഷണങ്ങൾ എന്തെല്ലാം ?

കവിതാഭാഗം വായിച്ച് കണ്ടെത്തുന്നു.
ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു.
ഗ്രൂപ്പുകളുടെ അവതരണം.

തുടർന്ന്

കർണ്ണൻ എന്ന കഥാപാത്രത്തെ സൂക്ഷ്മവിശകലനം ചെയ്യുന്നതിനായി 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിലെയും മഹാഭാരതത്തിലെയും പ്രസക്തമായ ചില ഭാഗങ്ങൾ ഓരോ ഗ്രൂപ്പിലും നൽകുന്നു.

പാഠഭാഗത്തെ കർണ്ണന്റെ വ്യക്തിത്വ സവിശേഷതകൾ വെളിപ്പെടുന്ന വരികളുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുന്നു.

DRAFT

*'ഇനി ഈ ഞാൻ എവിടേക്കു പിന്മാറാനാണ്? യുദ്ധം തീർച്ചയായിക്കഴിഞ്ഞു. എന്റെ ബലത്തിൽ വിശ്വസിച്ചാണ്, സകലരേയും ധിക്കരിച്ച്, നിന്നെ ധിക്കരിച്ച്, സ്വന്തം മാതാവിന്റെ ഹിതംപോലും ധിക്കരിച്ച്, സുയോധനൻ യുദ്ധമാർഗ്ഗത്തിൽത്തന്നെ ഉറച്ചുനിന്നത്. അർജ്ജുനനെ ഞാൻ ദ്വൈരഥത്തിൽ വധിക്കുമെന്ന വിശ്വാസമാണ് അവന്റെ വിജയകാംക്ഷയ്ക്കാസ്പദം. സുയോധനന്റെ കപ്പൽ ഇപ്പോൾ നടുക്കടലിലാണ്. ആ നൗകയെ ഇങ്ങനെ നടുക്കടലിലേക്ക് ആനയിച്ചതിനുശേഷം അതിൽനിന്നും പിന്മാറുന്നതിലും നീചമായ കൃത്യം വേറെ എന്താണ് എനിക്കു ചെയ്യാൻ കഴിയുക? കൃഷ്ണാ, നീ എന്റെ ഈ വാക്കു കേട്ടാലും. ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ സുയോധനനെ കർണ്ണൻ കൈവെടിയുകയില്ല. സ്വർണ്ണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്നു ഞാൻ കൈവെടിയുകയില്ല. ബന്ധംകൊണ്ടും ലോഭംകൊണ്ടും ഭയംകൊണ്ടും യാതൊന്നു കൊണ്ടും ഈ മാർഗ്ഗത്തിൽനിന്നും കർണ്ണന് ഇനി പിന്മാറ്റമില്ല."*

കർണ്ണനെ പാണ്ഡവരാജാവാക്കാമെന്ന ശ്രീകൃഷ്ണന്റെ
വാഗ്ദാനത്തോടുള്ള കർണ്ണന്റെ പ്രതികരണം.

*( ഇനി ഞാൻ ഉറങ്ങട്ടെ - പി. കെ. ബാലകൃഷ്ണൻ - Page 96)*

*ഭീഷ്മർ പടയിൽ വീണതോടെ ഭയാർത്തരായ കൗരവസേനകൾ കർണ്ണന്റെ പേർ പറഞ്ഞു വിലപിക്കാൻ തുടങ്ങി എന്ന ആമുഖത്തോടെ കർണ്ണന്റെ കുരുക്ഷേത്രപ്രവേശം സഞ്ജയൻ വിവരിക്കാൻ തുടങ്ങി.*
*സത്യവിക്രമനായ ഭീഷ്മർ പടക്കളത്തിൽ വീണതു കണ്ട ധാർത്തരാഷ്ട്രസേനകൾ ഉദ്വിഗ്ന* മനസ്കരായി. ചെന്നായ്ക്കൾ നിറഞ്ഞ കാട്ടിൽ ഇടയനറ്റ ആട്ടിൻപറ്റമെന്നപോലെ അവർ പരിഭ്രമിച്ചുഴന്നു. സുയോധനസേന അശരണരായി ആർത്തനാദം പുറപ്പെടുവിച്ചു. മഹാവിപത്തിന്റെ പിളർന്ന വായിൽപ്പെട്ട കൗരവപക്ഷത്തെ രാജാക്കന്മാർ അപ്പോൾ ഭീഷ്മസന്നിഭനായ കർണ്ണനെ സമാശ്വാസപൂർവ്വം ഓർത്തു.*

കർണ്ണന്റെ കുരുക്ഷേത്രപ്രവേശം

*( ഇനി ഞാൻ ഉറങ്ങട്ടെ - പി. കെ. ബാലകൃഷ്ണൻ - Page 155)*

*ഉദ്വിഗ്നത – ദുഃഖം, ഭയം

*തുടർന്നു സുയോധനന്റെ നേരെ തിരിഞ്ഞ് കർണ്ണൻ ഇങ്ങനെ പറഞ്ഞു: "സുയോധനാ, നീ പുരുഷവ്യാഘ്രനും *പ്രാജ്ഞനുമാണ്. ഉടയോൻ കാണുമ്പോലെ മറ്റൊരാൾക്കും കൃത്യങ്ങളുടെ നിജസ്വഭാവം കാണാൻ കഴിവില്ല. ഞങ്ങളെല്ലാവരും അനന്തരകൃത്യങ്ങളെപ്രതി, നിന്റെ വാക്കു കേൾക്കാൻ കൊതിക്കുന്നു. നിന്റെ ബുദ്ധിയിൽ തോന്നുന്നതെന്താണെന്നു നീ വെളിവായി പറഞ്ഞാലും."*
*സുയോധനൻ പറഞ്ഞു:*
*"സുഹൃത്തേ കർണ്ണാ, സർവ്വയോധഗുണം തികഞ്ഞ പിതാമഹൻ പത്തു ദിവസം ഞങ്ങളെ പരിപാലിച്ചു പടക്കളത്തിൽ വീണു. ഞങ്ങളിന്നു സൂതനില്ലാത്ത രഥംപോലെ അശരണരാണ്. സേനാപതിയില്ലാത്ത സേനയ്ക്കു പടയിൽ നില്ക്കാനാവില്ല. എനിക്ക് ഇനിയുള്ള സ്വജനങ്ങളിൽ നീയാണ് യോഗ്യൻ. ഇനി സേനാപതിയാകേണ്ടത് ആരെന്ന് ഞങ്ങൾക്കേവർക്കുംവേണ്ടി നീ തീരുമാനം ചെയ്താലും."*

കർണ്ണനെ സേനാപതിയാക്കുവാനുള്ള ദുര്യോധനന്റെ നിർദ്ദേശം.

*(ഇനി ഞാൻ ഉറങ്ങട്ടെ - പി. കെ. ബാലകൃഷ്ണൻ - Page 155)*

****പ്രാജ്ഞൻ*** - ബുദ്ധിമാൻ

DRAFT

പ്രധാന ആശയങ്ങൾ ക്രോഡീകരിച്ച് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.


? ജീവൻ ത്യജിച്ചും മറ്റുള്ളവർക്കായി നിലകൊള്ളുക എന്ന കർണ്ണന്റെ നിലപാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട് ? കുറിപ്പ് തയ്യാറാക്കുക (വ്യക്തിഗതം)

കൈമാറി വായന - മെച്ചപ്പെടുത്തൽ

ചർച്ചചെയ്ത് വിലയിരുത്തൽ സൂചകങ്ങൾ രൂപീകരിക്കുന്നു.

മികച്ചവ കണ്ടെത്തുന്നു.

അവതരിപ്പിക്കുന്ന പ്രധാന ആശയങ്ങൾ ചേർത്ത് കർണ്ണൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ അടിസ്ഥാനമാക്കി ആശയപടം തയ്യാറാക്കുന്നു.




ഇന്നത്തെ കാലത്ത് എല്ലാവരും കർണ്ണനെപ്പോലെ ആദർശനിഷ്ഠയുള്ളവരാണോ?

**കർണ്ണൻ**

മഹാഭാരതത്തിലെ ഏറ്റവും തേജസ്സുറ്റ കഥാപാത്രമാണ് കർണ്ണൻ. കുന്തിയ്ക്ക് സൂര്യനിൽ ജനിച്ച കാനീനപുത്രനാണ് കർണ്ണൻ. സൂര്യദേവന് ദേവമാതാവായ അദിതി കൊടുത്ത കവചകുണ്ഡലങ്ങളാണ് കർണ്ണന്റെ രക്ഷാകവചം. കുന്തീപുത്രനായ കർണ്ണൻ സൂതനായ അതിരഥന്റെയും രാധയുടെയും പുത്രനായി, വളർന്നു. അർജ്ജുനനേക്കാൾ മികച്ച വില്ലാളിയും, ഭീമനെ വെല്ലുന്ന കായികക്ഷമതയ്ക്ക് ഉടമയും, യുധിഷ്ഠിരനോളം സർവ്വ ശാസ്ത്രങ്ങളും അറിയാവുന്ന മഹാജ്ഞാനിയും, നകുലനേക്കാൾ ആകാരഭംഗിയുള്ളവനും, സഹദേവനെപ്പോലെ ബുദ്ധികൂർമ്മയും ഉള്ളവനായിരുന്നു കർണ്ണൻ.

അസാധാരണമായ ധീരതയും, സഹനശക്തിയും, ദാനധർമ്മശീലവും പൗരുഷവും ഒത്തുചേർന്ന മറ്റൊരു കഥാപാത്രം മഹാഭാരതത്തിലുണ്ടോ എന്ന് സംശയമാണ്. പ്രാണനാശകങ്ങളായ മഹാശാപങ്ങൾ ഏറ്റിട്ടും കർണ്ണൻ കുലുങ്ങുന്നില്ല. പാണ്ഡവരിൽ അർജ്ജുനനൊഴിച്ചു ബാക്കി നാലുപേരെയും അവസരം കിട്ടിയാലും കൊല്ലുകയില്ലെന്നു മാതാവായ കുന്തിക്ക് വാക്കുകൊടുക്കുന്നു. ജീവരക്ഷകമായ കവചകുണ്ഡലങ്ങൾ ഇന്ദ്രന് ദാനം നല്കുക വഴി മരണമേറ്റുവാങ്ങി. തന്റെ അഭിമാനം സംരക്ഷിച്ച ദുര്യോധനനോടുള്ള അടങ്ങാത്ത നന്ദി കർണ്ണനുണ്ടായിരുന്നു. ആയുധ പരീക്ഷയുടെ സന്ദർഭത്തിൽ ജന്മവും കുലവും ജാതിയും ചോദ്യം ചെയ്യപ്പെട്ടപ്പോൾ, പരസ്യമായി തേജോവധം ചെയ്യപ്പെട്ടപ്പോൾ അംഗരാജ്യത്തെ രാജാവായി അഭിഷേകം ചെയ്ത് ആത്മാഭിമാനം വീണ്ടെടുത്ത് നൽകിയതിന്റെ കൃതജ്ഞതയായി സ്വന്തം ജീവൻ തന്നെ അദ്ദേഹത്തിന് വേണ്ടി സമർപ്പിച്ച കഥാപാത്രമാണ് കർണ്ണൻ.

ചുവടെകൊടുത്ത വരികളും സമകാലിക സംഭവങ്ങളും ആസ്പദമാക്കി ചർച്ച ചെയ്യുക.

DRAFT

സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ചു
നാണം കെട്ടു നടക്കുന്നിതു ചിലർ
(ജ്ഞാനപ്പാന - പൂന്താനം)

ചർച്ച

**ക്രോഡീകരണം**

- അധികാരമോഹം വ്യക്തിത്വത്തെ ഇല്ലാതാക്കും.
- ആദർശനിഷ്ഠയില്ലായ്മ വ്യക്തിത്വത്തെ നശിപ്പിക്കും.
- അധികാരത്തിനു വേണ്ടിയുള്ള കലഹം, സ്ഥാനമാനങ്ങൾക്കായി വ്യക്തിത്വം ബലി കഴിക്കുന്ന അവസ്ഥ എന്നിവ വർത്തമാനകാലത്ത് നിലനിൽക്കുന്നുണ്ട്.
- ആദർശനിഷ്ഠയാണ് വ്യക്തികളെ അനശ്വരരാക്കുന്നത്
- ആർത്തിയും അധികാരമോഹവും സമൂഹത്തെ ദുഷിപ്പിക്കും.

**തുടർപ്രവർത്തനം**

? 'കർണ്ണസുഖം ഞാൻ പറകയില്ലാരോടും ' കർണ്ണന്റെ ഈ നിലപാട് വർത്തമാനകാല സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

**വിലയിരുത്തൽ സൂചകങ്ങൾ**

- ➢ കർണ്ണന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
- ➢ കർണ്ണന്റെ നിലപാടിലെ വർത്തമാനകാലപ്രസക്തി വിശകലനം ചെയ്തിട്ടുണ്ട്. (സ്ഥാനമാനങ്ങൾക്കുവേണ്ടി ആദർശം ബലി കഴിക്കുന്നവർ, അധികാരമോഹത്തിന്റെ പിന്നാലെ പോകുന്ന വർത്തമാനകാലസമൂഹം)
- ➢ സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ➢ ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

സൂചകങ്ങൾ ഉപയോഗിച്ച് പരസ്പരം വിലയിരുത്തുന്നു.

മികവുകൾ പങ്കുവയ്ക്കുന്നു.

സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**പ്രയോഗഭംഗി കണ്ടെത്തൽ**

? കർണ്ണസുഖം എന്ന പ്രയോഗത്തിന്റെ അർഥസാധ്യതകൾ എന്തെല്ലാം ?

- കർണ്ണത്തിന് സുഖം നൽകുന്നത്.
- കർണ്ണന് സുഖം നൽകുന്നത്.
- കാവ്യസന്ദർഭത്തിന് യോജിച്ച അർഥം ഏതാണ് ? എന്തുകൊണ്ട്?

ചർച്ച

ക്രോഡീകരണം

ഇത്തരത്തിലുള്ള മറ്റു പ്രയോഗങ്ങൾ കാവ്യഭാഗത്തുനിന്ന് കണ്ടെത്തുക.

DRAFT

- "പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ ! തെളി-
  ഞ്ഞെഞ്ചെവി രണ്ടും കുളുർക്കെപ്പറക നീ."
- "കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
  കർണ്ണസുഖം ഞാൻ പറകയില്ലാരോടും."

ചെവി രണ്ടും കുളുർക്കപ്പറക, കർണ്ണസുഖം എന്നീ പ്രയോഗങ്ങൾ ശ്രദ്ധിച്ചല്ലോ. കർണ്ണസുഖത്തെ വ്യത്യസ്തമായി ആവിഷ്കരിച്ചിട്ടുള്ള സന്ദർഭങ്ങളാണ് ഇത്. രണ്ടു സന്ദർഭങ്ങളിലും ആശയത്തെ വ്യത്യസ്തമാക്കുന്നതെന്തെല്ലാം?

അഭിപ്രായം സമർഥിക്കുക.

കുട്ടികൾക്ക് അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള അവസരം നൽകുന്നു.

ചർച്ചചെയ്ത് വിലയിരുത്തൽ സൂചകങ്ങൾ രൂപീകരിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- നൽകിയ വരികളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്
- പ്രയോഗങ്ങളുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്
- സ്വന്തം അഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്

പരസ്പരം കൈമാറി വായിച്ച് വിലയിരുത്തുന്നു.

മെച്ചപ്പെടുത്തുന്നു.

മികച്ചവ അവതരിപ്പിക്കുന്നു.

## വിശകലനക്കുറിപ്പ് തയ്യാറാക്കൽ

കഥകളതിമോഹനം (ഓഡിയോ) കേൾപ്പിക്കുന്നു.

കാവ്യഭാഗത്ത് കിളിയോട് കഥ പറയാൻ ആവശ്യപ്പെടുന്ന വരികൾ ഏതെല്ലാം ?

- ഭീഷ്മസമാനനരിനിവഹത്തിന്നു
  ഭീഷ്മർ ശരശയനത്തിന്മേൽ വീണാറെ

**ഭീഷ്മർ**

ഇന്ത്യൻ ഇതിഹാസകൃതികളിലൊന്നായ വ്യാസമഹാഭാരതത്തിലെ അതുല്യകഥാപാത്രമാണ് ഭീഷ്മർ. ശന്തനുരാജാവിന് ഗംഗാദേവിയിൽ ജനിച്ച പുത്രൻ. ദേവവ്രതൻ എന്നായിരുന്നു ബാല്യത്തിലെ പേര്. അച്ഛന്റെ ആഗ്രഹനിവൃത്തിക്കായി താനെന്നും ബ്രഹ്മചാരിയായിരിക്കും എന്ന ഭീഷ്മപ്രതിജ്ഞയെടുത്തതിനാലാണ് ആ പേര് വന്നത്.

മഹാഭാരതകഥയിലെ ഏറ്റവും തലയെടുപ്പുള്ള കഥാപാത്രമായ ഭീഷ്മർ പാണ്ഡവരുടെയും കൗരവരുടെയും പിതാമഹനാണ്. സഹോദരനായ വിചിത്രവീര്യന് വധുക്കളായി അംബ, അംബിക, അംബാലിക എന്നീ സ്ത്രീകളെ ഭീഷ്മർ ബലമായി തട്ടിക്കൊണ്ടുവരുന്നുണ്ട്. മറ്റൊരാളുമായി പ്രണയത്തിലാണെന്ന് അറിയച്ചതിനാൽ അംബയെ മടക്കി അയക്കുന്നു. താൻ സ്നേഹിച്ചയാളും പിന്നീട് തള്ളിപ്പറഞ്ഞപ്പോൾ അതിനെല്ലാം കാരണക്കാരനായ ഭീഷ്മരെ താൻ വധിക്കുമെന്ന് പ്രതിജ്ഞയെടുത്ത് അംബ അഗ്നി പ്രവേശം ചെയ്യുന്നു. ഈ അംബയാണ് പിന്നീട് ശിഖണ്ഡി എന്ന കഥാപാത്രമായി ദ്രുപദ രാജകൊട്ടാരത്തിൽ വളരുന്നത്.

18 ദിവസം നീണ്ടുനിന്ന മഹാഭാരതയുദ്ധത്തിൽ കൗരവരുടെ ആദ്യത്തെ സൈന്യാധിപനായിരുന്നു ഭീഷ്മർ. 10 ദിവസം കൊണ്ട് പാണ്ഡവപ്പടയിൽ വൻനാശം വിതച്ച് ഭീഷ്മർ സംഹാരരുദ്രനെ പ്പോലെ നിന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ കൃഷ്ണന്റെ ഉപദേശം സ്വീകരിച്ച് പാണ്ഡവർ ഭീഷ്മരെ തന്നെ അഭയം പ്രാപിച്ച് അദ്ദേഹത്തെ വധിക്കാനുള്ള ഉപായം തേടുന്നു. ആണോ പെണ്ണോ അല്ലാത്ത ശിഖണ്ഡിയോട് താൻ പൊരുതില്ലെന്നും ആയതിനാൽ ശിഖണ്ഡിയെ മുന്നിൽ നിർത്തി അർജ്ജുനൻ അസ്ത്രമെയ്ത് തന്നെ വീഴ്ത്തണമെന്നും പിതാമഹൻ തന്നെ ഉപായം പറഞ്ഞു കൊടുക്കുന്നു. പിറ്റേന്നങ്ങനെ യുദ്ധത്തിൽ പാണ്ഡവർ ഭീഷ്മരെ വീഴ്ത്തുന്നു. സ്വച്ഛന്ദമൃത്യു എന്ന അനുഗ്രഹമുള്ളയാളായ ഭീഷ്മർ ഉത്തരായനകാലം വരുന്നതുവരെ ശരശയ്യയിൽ കിടക്കുന്നു. യുദ്ധാനന്തരം ധർമ്മപുത്രർ രാജഭരണത്തെക്കുറിച്ച് ഉപദേശം തേടിയെത്തുന്നതും മഹാജ്ഞാനിയായ ഭീഷ്മരുടെ അടുത്താണ്.

DRAFT

തോറ്റ സുയോധനനാദികളാകിയ
നൂറ്റുപേരെന്തൊന്നു ചെയ്തതു ചൊല്ലു നീ.

കഥകേൾക്കാനുള്ള മനുഷ്യസഹജമായ ജിജ്ഞാസ ഈ വരികളിൽ തെളിയുന്നതെങ്ങനെ?

ചർച്ച

**ക്രോഡീകരണം**

- കഥ കേൾക്കാനും ആസ്വദിക്കാനുമുള്ള സഹജമായ ആഗ്രഹം
- കഥയിൽ പിന്നീട് എന്താണ് സംഭവിച്ചത് എന്നുള്ള ആകാംക്ഷ (സേനാപതിയായ ഭീഷ്മരുടെ പതനത്തിന് ശേഷം യുദ്ധത്തിൽ തോറ്റ കൗരവാദികൾ പിന്നീടെന്താണ് ചെയ്തത്? അവർക്ക് എന്ത് സംഭവിച്ചു?)

? ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി
ഞാൻ

ഈ വരികളിലെ ആശയം എന്ത് ?

വ്യക്തിഗതമായി കുറിക്കുന്നു.

ഗ്രൂപ്പിൽ ചർച്ച - അവതരണം

**ക്രോഡീകരണം**

പതിനെട്ട് അക്ഷൗഹിണിപ്പട അണിനിരന്ന മഹാഭാരതയുദ്ധകഥ വിശദാംശങ്ങളോടെ വർണ്ണിക്കുവാൻ പ്രയാസമാണ്.

എങ്കിലും സംഭവബഹുലമായ കഥ ചുരുക്കിപ്പറയാൻ ശ്രമിക്കാം എന്ന വിനയാന്വിതമായ മറുപടിയാണ് പൈങ്കിളി നൽകുന്നത്.

? 'ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ' എന്ന വരികൾ എഴുത്തച്ഛന്റെ മഹാഭാരത വിവർത്തനത്തെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം ?

വ്യക്തിഗതം

<u>ഭീഷ്മസമാനനും ഗ്രീഷ്മസമാനനും</u>

ഭീഷ്മൻ എന്നാൽ ശിവൻ എന്നർഥം. ഭീഷ്മസമാനൻ എന്നതുകൊണ്ട് സംഹാരമൂർത്തിയായ പരമശിവനുതുല്യൻ എന്നാണ് അർഥമാക്കുന്നത്. ഭീഷ്മരെയാണ് ഇവിടെ ശിവനോട് സാദൃശ്യപ്പെടുത്തുന്നത്.

ഭീഷ്മരുടെ യുദ്ധവൈദഗ്ധ്യവും സർവനാശകശക്തിയും ശത്രുക്കൾക്ക് ഭയമുണ്ടാക്കുന്ന സ്വഭാവവുമാണ് ഈ സാദൃശ്യകല്പനയിൽ തെളിയുന്നത്. മഹാഭാരതത്തിൽ, ഭീഷ്മർ അജയ്യനായ യോദ്ധാവാണ്. ശിവന്റെ സംഹാരരൂപവുമായി ഭീഷ്മരെ തുലനം ചെയ്യുന്നതിലൂടെ, ശത്രുസൈന്യങ്ങളെ നശിപ്പിക്കാനുള്ള ഭീഷ്മരുടെ അസാമാന്യശക്തിയും യുദ്ധത്തിലെ വൈദഗ്ധ്യവും വ്യക്തമാക്കുന്നു.

ഭീഷ്മസമാനൻ എന്നതിന് 'ഗ്രീഷ്മസമാനൻ' എന്നൊരു പാഠവും ചില പതിപ്പുകളിൽ കാണുന്നുണ്ട്.

ഗ്രീഷ്മം എന്നാൽ വേനൽക്കാലം എന്നാണ് അർഥം. ഗ്രീഷ്മം ഭൂമിയെ ഉണക്കിക്കരിച്ചുകളയുന്നു. സന്ദർഭത്തിൽ, 'ഗ്രീഷ്മസമാനൻ' എന്നാവുമ്പോൾ ശത്രുക്കൾക്ക് ചുട്ടെരിക്കുന്ന വേനൽപോലെ ഭീഷ്മരുടെ സാന്നിധ്യം അസഹ്യമായ ഭയം സൃഷ്ടിച്ചു എന്നർഥവും എടുക്കാം.

<u>ദ്രോണാചാര്യർ</u>

വ്യാസമഹാഭാരതത്തിൽ പലതുകൊണ്ടും പ്രാധാന്യമുള്ള ഒരു കഥാപാത്രമാണ് ദ്രോണാചാര്യർ. ഭരദ്വാജ മഹർഷിയുടെ പുത്രനായ ഇദ്ദേഹമാണ് പാണ്ഡവരുടെയും കൗരവരുടെയും ഗുരു. അഗ്നിവേശമുനിയിൽനിന്നാണ് ദ്രോണർ ആയുധവിദ്യ അഭ്യസിച്ചത്. ശരദ്വാന്റെ പുത്രിയായ കൃപിയെ വിവാഹം കഴിച്ചു. ഇവരുടെ പുത്രനാണ് അശ്വത്ഥാമാവ്.

കുരുക്ഷേത്രയുദ്ധത്തിൽ കൗരവപക്ഷത്തു നിൽക്കേണ്ടി വന്ന ആചാര്യൻ മനസ്സാൽ പാണ്ഡവരെ അനുഗ്രഹിക്കുന്ന സന്ദർഭവും കാണാം.യുദ്ധത്തിന്റെ പത്താംനാൾ ഭീഷ്മപിതാമഹൻ ശരശയ്യപൂകിയ ശേഷം സൈന്യാധിപസ്ഥാനം ദ്രോണാചാര്യൻ ഏറ്റെടുക്കുന്നു. ശത്രുപക്ഷത്തിൽ സർവ്വനാശം വിതക്കുമെന്ന തോന്നലാൽ ഭയന്ന പാണ്ഡവർ ദ്രോണാചാര്യരുടെ മകനായ അശ്വത്ഥാമാവ് മരിച്ചുവെന്ന കള്ളം പ്രചരിപ്പിക്കുന്നു. അതിനായി ഭീമസേനൻ അശ്വത്ഥാമാവെന്ന് പേരുള്ള ആനയെ കൊല്ലുന്നു.

അശ്വത്ഥാമാവ് മരിച്ചുവെന്ന് ധർമ്മപുത്രരിൽനിന്ന് കേട്ടതോടെ മാനസികമായി തകർന്നുപോയ ദ്രോണാചാര്യർ ആയുധം താഴെവച്ച് തേർത്തട്ടിലിരുന്നുപോയി. ഈ തക്കം നോക്കി ദ്രുപദപുത്രനായ ധൃഷ്ടദ്യുമ്നൻ ആചാര്യനെ വധിച്ചു എന്നാണ് കഥ.

DRAFT

എഴുത്തച്ഛന്റെ വിവർത്തനത്തിന്റെ പ്രത്യേകതയെക്കുറിച്ചുള്ള വായനക്കുറിപ്പ് ഗ്രൂപ്പുകളിൽ നൽകുന്നു.

## കനക്കെച്ചുരുക്കുന്ന വിവർത്തന വൈഭവം

മഹാഭാരതത്തിന് മലയാളത്തിൽ പലതരത്തിലുള്ള പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. രാമപണിക്കരുടെ കണ്ണശ്ശഭാരതം, ശങ്കരപ്പണിക്കരുടെ ഭാരതമാല, എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ട്, പുനം നമ്പൂതിരിയുടെ ഭാരതം ചമ്പു എന്നിവ മഹാഭാരതത്തിന് മലയാളത്തിൽ ഉണ്ടായിട്ടുള്ള സംക്ഷിപ്ത വിവർത്തനങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

ഒന്നേകാൽ ലക്ഷത്തോളം ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന വ്യാസഭാരതത്തെ 11500 ഓളം വരികളിൽ കനകച്ചുരുക്കി ഇരുപത്തൊന്ന് പർവ്വങ്ങളായി വിഭജിച്ചാണ് എഴുത്തച്ഛൻ ഭാരതം കിളിപ്പാട്ടിൽ കഥാകഥനം നടത്തിയിട്ടുള്ളത്.

'സ്വതന്ത്രവും സംക്ഷിപ്തവും അനന്യസാധാരണവുമായ ഒരു വിവർത്തന രീതിയാണ് എഴുത്തച്ഛൻ സ്വീകരിച്ചിട്ടുള്ളത്. അധ്യാത്മരാമായണത്തെ അപേക്ഷിച്ച് ഭാരതത്തെ കൂടുതൽ സ്വതന്ത്രവും സ്വായത്തവുമായ ഒരു കൃതിയായി വേണം കാണാൻ. മൂലകൃതിയിലെ ഗുണോത്തരങ്ങളായ ഭാഗങ്ങൾ പ്രായേണ വിട്ടുകളയാതെയും ശുഷ്കങ്ങളായ അംശങ്ങൾ ഉപേക്ഷിച്ചും സങ്കോചമോ, വികാസമോ ആവശ്യമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ ആ കൃത്യം യഥായോഗ്യം അനുഷ്ഠിച്ചും.......

ഭക്തിസംവർദ്ധനത്തിന് എവിടെയും വ്യാഘ്യാതരഹിതമായ മാർഗം ഉദ്ഘാടനംചെയ്തും, വീരകരുണരസങ്ങളിൽ സന്ദർഭമനുസരിച്ച് നിപുണമായി ശ്രദ്ധിച്ചും, ശൃംഗാര ഹാസ്യരസ ങ്ങൾക്കു ഗംഭീരനായ ഒരു തത്ത്വോപദേശകന്റെ പീഠത്തിൽ ഉപവിഷ്ടനായി വ്യംഗ്യമര്യാദയിൽ മാത്രം വ്യാപാരം ചെയ്തും, ഒരു സ്വതന്ത്രകാവ്യമാണ് ആ മഹാത്മാവ് രചിച്ചിരിക്കുന്നത്.' - എന്ന മഹാകവി ഉള്ളൂരിന്റെ വാക്കുകൾ (കേരള സാഹിത്യചരിത്രം - വാല്യം II) എഴുത്തച്ഛന്റെ വിവർത്തനകലയെ അടിവരയിടുന്നു. എഴുത്തച്ഛന്റെ വിവർത്തന സമ്പ്രദായത്തെ സാമാന്യ വിവർത്തനം, സംക്ഷേപണം, വിപുലനം, ഉപേക്ഷണം, ഉപജീവനം എന്ന് അഞ്ചായി തരം തിരിക്കാം. പദാനുപദവിവർത്തനം അപൂർവമായി മാത്രമേ കാണുന്നുള്ളൂ. ഭാരതത്തിൽ മൂലകൃതിയിൽ നിന്ന് എന്തെങ്കിലും വ്യതിയാനം വരുത്തുമ്പോൾ ഔചിത്യഭംഗം ഉണ്ടാകാതിരിക്കാൻ എഴുത്തച്ഛൻ വളരെ ശ്രദ്ധിക്കുന്നുണ്ട്. ആശയം കൂടുതൽ ഹൃദയംഗമമാക്കാൻ വേണ്ടിവരുന്ന മാറ്റങ്ങളും ചിലപ്പോൾ വരുത്തുന്നു. സംക്ഷേപണ തർജ്ജമയ്ക്ക് ഉദാഹരണം ധാരാളം കാണാം എഴുത്തച്ഛന്റെ ഭാരതത്തിൽ. വലിയ ഉപഖ്യാനങ്ങളെ രണ്ടോ നാലോ വരികളിൽ ഒതുക്കുന്നതിന് അദ്ദേഹത്തിന് ഒരു മടിയുമില്ല. അതുപോലെ ഭഗവത്ഗീതയെ എട്ട് ഈരടികളിലായിട്ടാണ് അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നത്. ചില സന്ദർഭങ്ങളിൽ വിപുലനം ചെയ്ത് അവതരിപ്പിക്കുന്നുമുണ്ട്. അതുപോലെ മൂലകൃതിയിലെ പല ഉപഖ്യാനങ്ങളെയും പൂർണമായി ഉപേക്ഷിക്കാനും എഴുത്തച്ഛൻ മടിക്കുന്നില്ല. ചുരുക്കത്തിൽ എഴുത്തച്ഛൻ ഒരു കേവല വിവർത്തകനല്ല. കഥാശില്പം തയ്യാറാക്കുന്ന വിഷയത്തിൽ അന്യൂനമായ പാണ്ഡിത്യവും അസൂയാവഹമായ വിവേകവും പ്രതിഭയും പ്രകടിപ്പിച്ച ഒരു മഹാകവിയാണ്. ഒരു രണ്ടാം തരം കവിക്കോ വിവർത്തകനോ ബൃഹത്തായ വ്യാസഭാരതത്തെ ഇത്ര ചെറിയ ചിമിഴിൽ ഇത്ര ഹൃദയഹാരിയാംവിധം ഉൾക്കൊള്ളിക്കുവാൻ കഴിയുകയില്ല.

DRAFT

ഗ്രൂപ്പിൽ ചർച്ചചെയ്തു ആശയം കൃത്യതപ്പെടുത്തുന്നു.

ഗ്രൂപ്പുകളുടെ അവതരണം

പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

- സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന ഭാഷാശൈലി
- ഗഹനമായ ആശയങ്ങൾ ചിരപരിചിതങ്ങളായ ഉദാഹരണങ്ങളിലൂടെ അവതരിപ്പിക്കുന്നു. മൂലകൃതിയിൽ വിസ്തരിച്ച് വർണ്ണിച്ചവ സാരസംക്ഷിപ്തമായി അവതരിപ്പിക്കുന്നു. സംസ്കൃതപദങ്ങൾ മലയാള ശൈലിക്ക് അനുയോജ്യമായ രീതിയിൽ പ്രയോഗിച്ചു.
- സ്വതന്ത്ര വിവർത്തനം എന്ന സൂചനയുണ്ട്. (മഹാഭാരതത്തിന്റെ പദാനുപദ വിവർത്തനമല്ല.)
-
-

തുടർന്ന് കുഞ്ചൻ നമ്പ്യാരുടെ കല്യാണസൗഗന്ധികത്തിലെ ചെറുഭാഗം സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഏറെത്തുടങ്ങിയാലൊന്നും ഫലം വരാ
വാറില്ല വാക്കിനെന്നെല്ലാംവരുമിനി-
ക്കൂറുള്ളവർക്കും മുഷിച്ചിൽ തുടങ്ങുമി-
പ്പോറത്തെമേറെപ്പറഞ്ഞു തുടങ്ങിയാൽ;
ആദരാലെങ്കിലും കോരിവിളമ്പിയാൽ
സ്വാദില്ലെയെന്നു വരുമിനി നിർണ്ണയം
*(കല്യാണസൗഗന്ധികം- കുഞ്ചൻ നമ്പ്യാർ)*

(കല്യാണസൗഗന്ധികം തുള്ളലിൽ ആദ്യഭാഗത്ത് കാണുന്ന ദേവതാസ്തുതിയിൽ ഉൾപ്പെട്ട വരികളാണിവ.)

വരികളിലെ ആശയം കണ്ടെത്തി എഴുതുക. (വ്യക്തിഗതം )

പരസ്പരം കൈമാറി വായന

കാവ്യരചനയെ സംബന്ധിച്ച കുഞ്ചൻനമ്പ്യാരുടെ നിലപാടാണോ ഈ വരികളിൽ തെളിയുന്നത് ?

ചർച്ച - ക്രോഡീകരണം

DRAFT

- തുള്ളൽ അവതരണത്തിലും രചനയിലും പാലിക്കേണ്ട സൂക്ഷ്മത വ്യക്തമാക്കുന്ന വരികൾ.
- ഏത് കാര്യവും അധികമായാൽ ആപത്തുളവാകും എന്ന സൂചന നൽകുന്നു.
- സാധാരണക്കാരുടെ  ഭാഷയിലാണ് നമ്പ്യാർ കൃതികൾ രചിച്ചിട്ടുള്ളത്.
- സംവേദനക്ഷമമായ ഭാഷയുടെ അനിവാര്യത സൂചിപ്പിക്കുന്നു.
- കാവ്യഭാഷയുടെ ഔചിത്യം (സാരസംക്ഷിപ്തത, ധ്വന്യാത്മകത, ലാളിത്യം)
- അനാവശ്യമായ വർണ്ണനകളും വിവരണങ്ങളും കാവ്യാസ്വാദനത്തിന് തടസ്സം സൃഷ്ടിക്കുന്നു.
- കൂടുതൽ സംസാരിച്ചാൽ കേൾക്കുന്നവർക്ക് വിരസതയുണ്ടാകും

എഴുത്തച്ഛന്റെയും കുഞ്ചൻ നമ്പ്യാരുടെയും കാവ്യഭാഷയുടെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. (വ്യക്തിഗതം)

## വിലയിരുത്തൽ സൂചകങ്ങൾ

- രണ്ട് രചനാഭാഗങ്ങളിലെയും ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (മുകളിൽ നൽകിയിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്താം)
- നിരീക്ഷണങ്ങളിലെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

വിലയിരുത്തി മൂന്ന് /നാല് എണ്ണം അവതരിപ്പിക്കുന്നു.

തയ്യാറാക്കിയ വിശകലനക്കുറിപ്പ് മെച്ചപ്പെടുത്തി എഴുതുക.

DRAFT

## താളം കണ്ടെത്തി അവതരിപ്പിക്കുക

കുട്ടികൾക്ക് ഇഷ്ടപ്പെട്ട വ്യത്യസ്തതാളത്തിലുള്ള - റോക്ക്, പോപ്പ്, മെലഡി സിനിമാഗാനങ്ങൾ ഒറ്റയ്ക്കും കൂട്ടായും പാടാൻ അവസരം നൽകുന്നു.

അവ പരസ്പരം ഈണം/താളം മാറ്റി പാടാൻ ആവശ്യപ്പെടുന്നു.

തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

? ഈണവും താളവും മാറ്റിയപ്പോൾ എന്താണ് സംഭവിച്ചത്?

? വരികളിലെ ആശയം, ഭാവം എന്നിവ നഷ്ടപ്പെട്ടോ?

ചർച്ച - ക്രോഡീകരണം

ഗാനങ്ങൾക്ക് /കവിതയ്ക്ക് ഈണം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

പൊതുചർച്ച

## ക്രോഡീകരണം

- ഗാനത്തിന്റെ/കവിതയുടെ ആശയം / ഭാവം എന്നിവ ഉൾക്കൊണ്ട് ഈണം നൽകണം.
- അർഥപൂർണ്ണമായി പദങ്ങൾ അന്വയിക്കുകയും മുറിക്കുകയും ചെയ്യണം.
- ഭാവത്തിന് അനുകൂലമായ ശബ്ദക്രമീകരണം.
- ഒഴുക്കോടെയുള്ള ആലാപനം

തുടർന്ന്

എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിലെ ചില ഭാഗങ്ങൾ ഒരെണ്ണം വ്യത്യസ്ത ഗ്രൂപ്പുകൾക്ക് നൽകുന്നു.

അവയ്ക്ക് ഈണം കണ്ടെത്തി അവതരിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

അവതരണം

മികച്ച ഈണത്തിൽ /താളത്തിൽ അവതരിപ്പിച്ചത് ആരെല്ലാം?

അവ മികച്ചതാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

ഭാവവും താളവും തമ്മിലുള്ള ബന്ധം തിരിച്ചറിയുംവിധം ചർച്ച ക്രോഡീകരിക്കുന്നു.

## ഉപന്യാസം തയ്യാറാക്കൽ

നേരത്തേ നൽകിയ കവിതാഭാഗങ്ങളിലെ പ്രയോഗങ്ങൾ, വാങ്മയചിത്രങ്ങൾ, ശബ്ദഭംഗി, അർഥഭംഗി തുടങ്ങിയവ വിശകലനം ചെയ്യുന്നതിനുള്ള ചോദ്യങ്ങൾ ആ ഭാഗം ലഭിച്ച ഗ്രൂപ്പുകൾക്ക് നൽകുന്നു.

? ഈ വരികളിൽ കവി വർണ്ണിക്കുന്ന സന്ദർഭം പറയാമോ?

? കവി ആരെയാണ് ഈ ഭാഗത്ത് വർണ്ണിക്കുന്നത്? യുദ്ധത്തിന്റെ ഭീകരത കവി എങ്ങനെ ബോധ്യപ്പെടുത്തുന്നു ?

? യുദ്ധഭൂമിയിലെ ദാരുണരംഗങ്ങൾ കവി ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ?

ഓരോ ഗ്രൂപ്പും വിശകലനം ചെയ്ത് കണ്ടെത്തുന്നു.

പൊതുഅവതരണം

ക്രോഡീകരണം

| |
|---|
| (കർണ്ണനാമംഗനരാധിപനെന്നുടെ....... ദൈവമേ)<br>യുദ്ധക്കളത്തിൽ മരിച്ചു കിടക്കുന്ന കർണ്ണനെയും മറ്റും കാണാൻ ഗാന്ധാരി എത്തുന്ന സന്ദർഭം.<br>യുദ്ധഭൂമിയിൽ മരിച്ചുകിടക്കുന്ന കർണ്ണന്റെ വർണ്ണന.<br>കുണ്ഡലമറ്റ കർണ്ണന്റെ മുഖം, ജീവൻ പോയിട്ടും തിളങ്ങുന്ന കവിൾത്തടം, വേറിട്ടു കിടക്കുന്ന വില്ല്, നായും നരികളും കടിച്ചു വലിക്കുന്ന ശരീരം തുടങ്ങിയ സൂക്ഷ്മ വർണ്ണനയിലൂടെ യുദ്ധത്തിന്റെ ഭീകരത വ്യക്തമാക്കുന്നു. |

DRAFT

(സംഭ്രമത്തോടൊരു ........ പോയിതു ബാണവും)

— അർജുനന്റെ അസ്ത്രപ്രയോഗസാമർത്ഥ്യം
— യുദ്ധത്തിന്റെ ഭീകരത വർണ്ണിക്കുന്നത്
— അർജുനാസ്ത്രം ആനയുടെ തലയറുത്തു, ഭഗദത്തന്റെ വില്ലറുത്തു, തലയറുത്തു, ആനയുടെ വാലുമരിഞ്ഞു തുടങ്ങിയ പ്രയോഗങ്ങൾ
— യുദ്ധം കൺമുന്നിൽ കാണുന്നതുപോലെ അവതരിപ്പിക്കാനുള്ള എഴുത്തച്ഛന്റെ വർണ്ണനാസാമർഥ്യം.

ചർച്ചയുടെ അടിസ്ഥാനത്തിൽ എഴുത്തച്ഛന്റെ വർണ്ണനയുടെ സവിശേഷതകൾ ക്രോഡീകരിക്കുന്നു

**ക്രോഡീകരണം**

- സന്ദർഭത്തിനനുയോജ്യമായ ഭാഷ
- യുദ്ധരംഗം വർണ്ണിക്കുമ്പോൾ ഭാഷ ചടുലവും ഭക്തി വർണ്ണനയിൽ ഭാഷ സരളവും തത്ത്വോപദേശം ചെയ്യുമ്പോൾ ഗഹനവുമായി മാറുന്നു.
- ഭാവത്തിന് യോജിച്ച താളം സ്വീകരിക്കുന്നു.
- സന്ദർഭങ്ങളുടെ സൂക്ഷ്മമായ വർണ്ണന, വാങ്മയചിത്രങ്ങൾ

കഥകളതിമോഹനം എന്ന പാഠഭാഗത്തെയും പരിചയപ്പെട്ട കാവ്യസന്ദർഭങ്ങളെയും വിശകലനം ചെയ്ത് എഴുത്തച്ഛന്റെ വർണ്ണനാപാടവം എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**മൂല്യനിർണയ സൂചകങ്ങൾ**

- വിഷയം ഉൾക്കൊണ്ട് നൽകിയ വരികൾ വിശകലനം ചെയ്തു പ്രസക്തമായ ആശയങ്ങൾ / വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- വർണ്ണനാപാടവത്തിന്റെ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട് (പ്രയോഗഭംഗി, വാങ്മയചിത്രം, ശബ്ദഭംഗി, ഈണം, താളം തുടങ്ങിയവ).
- സ്വന്തംനിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

DRAFT

## അനശ്വരനായ കവി, കാലാതീതമായ കവിത

'വെട്ടത്തുനാട്ടിൻ നിത്യസൗഭാഗ്യസത് സിന്ദൂര-
പ്പൊട്ടുപോലെഴും തുഞ്ചൻപറമ്പേ, നമസ്കാരം!
കളഗാനത്തോടൊരു തത്തപ്പെൺമണി തത്തി-
ക്കളിച്ച തളിർച്ചെടിപ്പടർപ്പേ, നമസ്കാരം!
ചേണൊക്കും പുതുമലയാൺമതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം!'

വെട്ടത്തുനാടിന്റെ തന്നെ സന്തതിയായ മറ്റൊരു മഹാകവിയാണിങ്ങനെ തുഞ്ചൻപറമ്പിനെ അഭിസംബോധന ചെയ്ത് സാദരനമസ്കാരമരുളുന്നത്. നാലുനൂറ്റാണ്ടു മുമ്പവിടെ ജീവിച്ചിരുന്ന സാധുവും സാത്വികനുമായൊരു മനുഷ്യൻ 'പുതുമലയാണ്മതൻ മഹേശ്വര'നായിത്തീർന്നു. എഴുത്തച്ഛനു മുമ്പുണ്ടായിരുന്ന മലയാളഭാഷയുടെയും ഭാഷാകവിതയുടെയും സ്ഥിതിക്ക് എഴുത്തച്ഛന്റെ കാലത്ത് എന്തെന്തു മാറ്റങ്ങളാണുണ്ടായത്! ആ മാറ്റങ്ങളിലേക്ക് ഭാഷയെയും കവിതയെയും നയിച്ചത്. "മുക്കുവത്തരുണിയിൽ പാരാശര്യനെന്നപോലൊരു ചക്കാലത്തരുണി യിൽ ജാതനായ ആ ദിവ്യനാണ്.

അവിശ്വസനീയമോ അസാധാരണമോ ആയ സത്യത്തിനു ചുറ്റും മിത്തുകളുടെ പരിവേഷമു ണ്ടാകുന്നു. അങ്ങനെ എഴുത്തച്ഛൻ, ശാപംപറ്റി ഭൂമിയിൽ വന്ന ഗന്ധർവനാണെന്നും മറ്റുമുള്ള ഐതിഹ്യങ്ങളുണ്ടായി. എന്നാൽ 'ശ്രീരാമായണഗാന ഗന്ധർവനെന്ന് എഴുത്തച്ഛനെ വിശേഷിപ്പിച്ച കവി സത്യവാക്കാണെന്നു പറയാനാണ് തോന്നുന്നത്. പലരും രാമായണം പാടി; പക്ഷേ, തുഞ്ചൻ രാമായണം പാടിയപ്പോളത് ഗന്ധർവഗാനമായി എന്നത് ഭംഗിയായിപ്പറഞ്ഞുവച്ചൊരു സത്യം മാത്രമാണ്. തന്നെയുമല്ല, ആ ഗാനധാരയിലൂടെ എഴുത്തച്ഛൻ അനശ്വരനായ കവിയായി നാലു നൂറ്റാണ്ടുകാലമായി കേരളീയ സമൂഹത്തിന്റെ ഹൃദയാകാശത്തിൽ ജ്വലിച്ചു നിൽക്കുന്നു – 'മനുഷ്യപത്മേഷുരവി സ്വരൂപം' എന്നാരോ കുറിച്ചിട്ടത് അന്വർഥമാക്കിക്കൊണ്ട് മരണപര്യവസിതമായ ജീവിതത്തിനിടയിൽ അസാധാരണമായ ചില കാര്യങ്ങൾ ചെയ്തുവയ്ക്കുന്ന വ്യക്തി യശോരൂപത്തിലുള്ളൊരു മരണാനന്തരജീവിതത്തിനർഹനാകുന്നു. അക്കൂട്ടത്തിൽ കവികളുമുണ്ട്. മഹത്തായ കവിതയുടെ സൃഷ്ടികൊണ്ട് അവർ അനശ്വരതയ്ക്കർഹരാവുന്നു. എന്നാൽ, മഹത്തായ കവിതയെക്കുറിച്ച് ചിന്തിക്കുമ്പോൾ മറ്റൊരു വസ്തുതയിൽ നാം ചെന്നെത്തുന്നു: കവിതയുടെ മഹത്ത്വത്തെ നിർണ്ണയിക്കുന്നതിൽ കാവ്യബാഹ്യമായ ചില ഘടകങ്ങളും ഉണ്ടായെന്നു വരാം ദേശകാലങ്ങളോടും ജനതയുടെ ചരിത്രത്തോടും ബന്ധപ്പെട്ട ചില ഘടകങ്ങൾ. കവിത, കവിതയുടേതായ നിലയിൽത്തന്നെ മഹത്ത്വപ്പെടുന്നതോടൊപ്പം, ദേശകാല ചരിത്രങ്ങളോടു ബന്ധപ്പെട്ട ചില കാരണങ്ങളാലും മഹത്ത്വപ്പെടുന്നു. സൂര്യനു കീഴിൽ സ്വന്തം ഭാഷയും ദേശവും നിലനിൽക്കുന്നിടത്തോളം ആ കവിതയുടെ കർത്താവും യശോരൂപനായി നിലനിൽക്കു മെന്നതിന്റെ ലളിതമായൊരുദാഹരണമാണ് എഴുത്തച്ഛൻ. കാരണം, കേരളത്തിന്റെ സംസ്കാരത്തെ കരുപ്പിടിപ്പിച്ചവരിൽ എഴുത്തച്ഛനുമുണ്ട്; മലയാളഭാഷയെ ഇന്നത്തെ രൂപത്തിൽ ചിട്ടപ്പെടുത്തുന്നതിന് എഴുത്തച്ഛൻ വഹിച്ച പങ്കും നിർവിവാദമാണ്. എഴുത്തച്ഛൻ ഒരേ സമയം വലിയ കവിയും, ആ കവിയെക്കാൾ വലിയൊരു മനുഷ്യനുമാണെന്ന് ആ കൃതികൾ വായിക്കുന്നവർക്ക്, ആ ജീവിതകഥാവശിഷ്ടങ്ങളിലൂടെയെങ്കിലും കണ്ണോടിക്കുന്നവർക്കു തോന്നിപ്പോകും. വെറുതെയല്ല 'കൈരളിയുടെ കഥ'കാരൻ പറഞ്ഞത്: 'ചുരുക്കം ചില ഗ്രന്ഥങ്ങൾ 'എന്നെക്കാൾ എത്രയോ മടങ്ങ് മഹത്ത്വമുണ്ട്, എനിക്കു ജന്മം തന്ന മനുഷ്യന് എന്ന നമ്മോട് വ്യംഗ്യഭാഷയിൽ വിജ്ഞാപനം

DRAFT

ചെയ്യാറുണ്ട്. എഴുത്തച്ഛന്റെ കൃതികളിലൂടെ കടന്നു പോകുമ്പോൾ നാം ആ വിജ്ഞാപനം മുഴങ്ങിക്കേൾക്കുന്നു.'

ഈ പ്രസ്താവം എത്രമാത്രം സാധുതയുള്ളതാണെന്ന് മനസ്സിലാക്കണമെങ്കിൽ, എഴുത്തച്ഛന്റെ കവിതയെ മഹത്വശോഭമാക്കുന്ന കാവ്യബാഹ്യമായ ഘടകങ്ങളെപ്പറ്റി - കാലം, ദേശം, ഭാഷ എന്നിവയോട് ബന്ധപ്പെട്ട ആ ഘടകങ്ങളെപ്പറ്റി - സാമാന്യമായ അറിവുണ്ടാവണം; ആ അറിവുണ്ടായാലും പോരാ, അതിന്റെ പശ്ചാത്തലത്തിൽ ഈ കൃതികളെ വിലയിരുത്താൻ കൂടി കഴിയണം. ഒന്നാമതായി കാലദേശങ്ങളെ സംബന്ധിച്ച കാര്യങ്ങൾ: ചരിത്രത്തിലെ സുവർണയുഗങ്ങളിൽ ജീവിച്ചിരുന്ന ചില കവികളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. എന്നാൽ, എഴുത്തച്ഛൻ ജീവിച്ചിരുന്ന പതിനാറാം നൂറ്റാണ്ട് പല നിലയ്ക്കും കേരളത്തിന് കഷ്ടകാലമായിരുന്നു. ഈ സ്ഥിതിവിശേഷത്തെ മുതലെടുത്ത വിദേശശക്തികൾ, കേരളീയരെ തമ്മിൽത്തല്ലിനശിക്കുക എന്ന ദുരന്തമുനമ്പിലേക്കു നയിക്കുന്ന കാലമായി രുന്നു അത്. അന്ന് കേരളത്തിലെ ജനതയെ മാനസികമായും സാംസ്കാരികമായും പുനരേകീകരിച്ച ഒരു ശക്തിസ്രോതസ്സായിട്ടാണ് എഴുത്തച്ഛന്റെ കവിത അവതരിച്ചത്. അദ്ദേഹം ജീവിച്ചിരുന്ന തിരൂരിനു വളരെയകലെയല്ലാത്ത തിരുനാവായയിൽ ഓരോ രാജാക്കൾക്കുവേണ്ടി ചാവേർപ്പടയാളികൾ തമ്മിൽ വെട്ടിയും കൊന്നും വീരമൃത്യു വരിച്ചിരുന്നു; ഒരർഥത്തിൽ കേരളത്തിന്റെ ഐക്യമാണവിടെ ദീനമൃത്യു വരിച്ചു കൊണ്ടിരുന്നത്; എന്നാൽ മന്ത്രശക്തിയാർന്ന സ്വന്തം കവിതകൊണ്ട് കേരളത്തെ ഏകീകരിക്കുകയായിരുന്നു നിസ്വനും പരമസാത്വികനും ജഗസ്നേഹധനനുമായിരുന്ന തുഞ്ചത്തു രാമാനുജനെന്ന ഈ കവി അദ്ദേഹത്തിന്റെ കവിതകൊണ്ടുണ്ടായ ആ നേട്ടം ഒരു തരത്തിൽ കവിതാബാഹ്യമെന്നു പറയണം. അത് എഴുത്തച്ഛനെ സ്വന്തം കവി തയെക്കാൾ വലിപ്പമുള്ള മനുഷ്യനാക്കി.

എഴുത്തച്ഛന്റെ കാലംവരെ കേരളകവിത വ്യക്തമായും രണ്ടു കൈവഴികളായിട്ടാണൊഴുകി യിരുന്നത് - തമിഴ് പ്രഭാവമുള്ള പാട്ട് ഒരു കൈവഴിയെങ്കിൽ, സംസ്കൃതത്തെ മറ്റെന്തിലും മീതെ ആദരിച്ചിരുന്ന മണിപ്രവാളം മറ്റൊരു കൈവഴിയുമായിരുന്നു. ഇവ രണ്ടിനെയും സമന്വയത്തിന്റെ വഴിയിലേക്കു കൊണ്ടുവന്ന്, മലയാളത്തിന്റെ സ്വത്വം മാനിക്കപ്പെടുകയും ആത്മസത്ത പ്രകാശിതമാവുകയും ചെയ്യുന്ന പുതിയൊരു സർഗാത്മകതയുടെ ശീലും ശൈലിയും ഭാവപ്രകർഷവുമായിത്തീർന്നു എഴുത്തച്ഛന്റെ കവിത. അത് ഭാഷയെയും ഭാഷാകവിതയെയും പല കെടുതികളിൽ നിന്നും രക്ഷിച്ചു. സംസ്കൃത തമിഴ് മൊഴികളെ എങ്ങനെ എത്രമാത്രം കൊള്ളണം, മലയാണ്മയുടെ സ്വത്വത്തെയും സ്വാതന്ത്ര്യത്തെയും എങ്ങനെ നിലനിർത്തണം, പൂർവകാലകൃതികളിലെ ജനസമ്മതി നേടാത്ത വികലപ്രയോഗങ്ങളെ എങ്ങനെ തള്ളണം തുടങ്ങിയ കാര്യങ്ങളിൽ എഴുത്തച്ഛന് തന്റേതായ വീക്ഷണമുണ്ടായിരുന്നു. സ്വന്തം കൃതികളിലൂടെ ആചാര്യൻ അത് വ്യക്തമാക്കുകയാണുണ്ടായത്. തമിഴ് പാരമ്പര്യത്തിൽ നിന്ന് നിലനിർത്താവു ന്നവയെ നിലനിർത്തി, സംസ്കൃതത്തിന്റെ അക്ഷയഖനികളിൽ നിന്ന് കൈക്കൊള്ളാവുന്നവ യെയെല്ലാം മലയാളത്തിന്റേതാക്കി, ജീവദ്ഭാഷയുടെ ഘടനയെ താറുമാറാക്കാത്ത സാഹിത്യഭാഷയ്ക്ക് രൂപം നൽകി. ഈ പ്രക്രിയയിൽ അസാമാന്യമായ പാകവിജ്ഞാനമാണ് എഴുത്തച്ഛൻ പ്രകടിപ്പിച്ചത്. അങ്ങനെ ചില വലിയകവികളുടെ നല്ല കൃതികൾക്കുപോലും സാർവത്രികവും സാർവജനീനവുമായ സമ്മതിയും ആദരവും നേടുന്നതിന് വിഘാതമായി നിന്ന ഭാഷാപ്രശ്നങ്ങൾക്ക് സർഗാത്മകമായ പരിഹാരം കാണലായിത്തീർന്നു എഴുത്തച്ഛന്റെ രചനകൾ. കേരളീയർക്കാകമാനം നെഞ്ചേറ്റി ലാളിക്കാൻ പാകത്തിനുള്ള ഒരു കാവ്യഭാഷയും ശൈലിയും രൂപപ്പെട്ടുവന്നു.

DRAFT

എഴുത്തച്ഛന്റെ കൃതികൾ കേരളീയന്റെ ഹൃദയത്തിലേക്ക് സുഗമമായി കടന്നു ചെല്ലാവുന്ന ഒരു ഭാഷാശൈലിക്കുവേണ്ടിയുള്ള അന്വേഷണവും, ഒപ്പം അതിന്റെ രമ്യപരിണതിയുമാണ്. ആധുനിക കാവ്യഭാഷയ്ക്ക് അടിത്തറയുറപ്പിച്ചത് എഴുത്തച്ഛൻ തന്നെയാണ്. രാമായണ ഭാരതങ്ങളിലേതു ഭാഗത്തും ആ കാവ്യഭാഷയുടെ കരുത്തും കാന്തിയും നമുക്ക് അനുഭവവേദ്യമാകും.

**എഴുത്തച്ഛൻ (ഒ.എൻ.വി. കുറുപ്പ്)**

DRAFT

# സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ

**പാഠസംഗ്രഹം**

മഹാഭാരതം വനപർവ്വത്തിൽ അമ്പത്തിരണ്ടാം അധ്യായം മുതൽ എഴുപതാം അധ്യായം വരെയുള്ള ഭാഗമാണ് ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ. വിദർഭരാജാവായ ഭീമന്റെ മകൾ ദമയന്തിയാണ് ഇതിലെ നായിക. നാരദമഹർഷിയിൽ നിന്നും ദമയന്തിയുടെ ഗുണഗണങ്ങളെക്കുറിച്ചറിഞ്ഞ നളൻ ദമയന്തിയിൽ ആകൃഷ്ടനാകുന്നു. നളനെക്കുറിച്ച് രാജഹംസത്തിൽ നിന്ന് കേട്ടറിഞ്ഞ ദമയന്തിയും നളനിൽ അനുരക്തയാകുന്നു.

ഒരിക്കൽ നളൻ രാജകീയോദ്യാനത്തിൽ വിശ്രമിക്കുമ്പോൾ, ഒരു കൂട്ടം ഹംസങ്ങളെ കണ്ടു. അവയിൽ സ്വർണ്ണചിറകുള്ള ഒന്നിനെ പിടിക്കുന്നതിൽ നളൻ വിജയിച്ചു. ഹംസം മനുഷ്യസ്വരത്തിൽ നളനോട് പറഞ്ഞു, "അല്ലയോ രാജാവേ നള! നീ ജ്ഞാനിയും നീതിമാനും സത്യസന്ധനും നിർമ്മലനുമാണ്. അതിനാൽ ഞാൻ എന്റെ ജീവനുവേണ്ടി യാചിക്കുന്നു. ദയവായി എന്നെ കൊല്ലരുത്. വിദർഭ രാജാവായ ഭീമന്റെ മകളായ ദമയന്തി എന്നൊരു യുവതിയുണ്ട്. അവളെക്കാൾ ആർദ്രതയും സൗന്ദര്യവുമുള്ള മറ്റൊരു സ്ത്രീയുമില്ല. എന്നെ മോചിപ്പിച്ചാൽ, ഞാൻ ദമയന്തിയോട് നിങ്ങളെക്കുറിച്ച് പറയും, അവൾക്ക് നിന്നിൽ അനുരാഗം ജനിയ്ക്കും." നളൻ മുമ്പ് കൊട്ടാരവാസികളിൽ നിന്ന് ദമയന്തിയുടെ സൗന്ദര്യത്തെക്കുറിച്ചുള്ള കഥകൾ കേട്ടിരുന്നു. അവളെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന നിരവധി രാജാക്കന്മാരെയും രാജകുമാരന്മാരെയും അവൻ കണ്ടിരുന്നു. അവനും അവളെ കാണാൻ ആഗ്രഹിച്ചു, നളൻ ഹംസത്തെ മോചിപ്പിച്ചു.

DRAFT

**പാഠവിശകലനം**

ആട്ടക്കഥാസാഹിത്യത്തിൽ അദ്വിതീയമായ സ്ഥാനം നേടിയ കൃതിയാണ് ഉണ്ണായിവാരിയരുടെ നളചരിതം ആട്ടക്കഥ. നാലുദിവസംകൊണ്ട് അവതരിപ്പിക്കാനാവുന്ന വിധത്തിലാണ് ഇത് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ദൃശ്യതലത്തിലും ശ്രവ്യതലത്തിലും സാഹിത്യമൂല്യത്തിലും മലയാളസാഹിത്യത്തിൽ സമുന്നതമായ സ്ഥാനമുള്ള കൃതിയാണ് നളചരിതം. കൃതികൾ മനുഷ്യകഥാനുഗായികൾ എന്നാണല്ലോ പ്രസിദ്ധമായ കാവ്യസങ്കല്പം. മനുഷ്യജീവിതമാണ് സാഹിത്യത്തിന്റെ ഉള്ളടക്കത്തെ ശക്തമാക്കുന്നത് എന്നാണ് ആ സങ്കല്പനത്തിന്റെ സാരം. ഈ കാഴചപ്പാടിൽ നളചരിതം ആട്ടക്കഥയെ നോക്കിക്കണ്ടാൽ നരചരിതം തന്നെയാണ് നളചരിതമാകുന്നത് എന്ന് കാണാം. മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വവും സങ്കീർണ്ണതകളും ദുരന്തസന്ധികളും നളചരിതം അനാവരണം ചെയ്യുന്നു.

മനുഷ്യജീവിതം സംത്രാസം (Tension) നിറഞ്ഞതാണ്. അതിൽനിന്നുള്ള മോചനമാണ് ആത്യന്തികമായ ലക്ഷ്യം. സംത്രാസത്തിൽ നിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം. ശരീരവും മനസ്സും സ്വതന്ത്രമാകുന്നിടത്തേ ജീവിതം ആസ്വാദ്യകരമാകുന്നുള്ളൂ.

സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ എന്ന പാഠഭാഗം സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിചാരങ്ങളിലേക്ക് നയിക്കുന്നതാകണം. മനുഷ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിനുള്ള പ്രാധാന്യത്തെയാണ് ഭംഗ്യന്തരേണ പാഠഭാഗത്ത് വ്യക്തമാക്കുന്നത്. സ്വാതന്ത്യത്തിന് പരിമിതമായ അർഥമല്ല ഉള്ളതെന്ന് തിരിച്ചറിയാൻ കഴിയണം. ശാരീരികമായ ബന്ധനത്തിൽ നിന്ന് മോചിതനാകുന്നത് പോലെ പ്രധാനമാണ് മാനസികമായ ബന്ധത്തിൽ നിന്നുമുള്ള മോചനവും. ഇവിടെ പലവിധ ചിന്തകളാൽ ബന്ധിതനായ നളനാണ് ഹംസത്തെ ശാരീരികമായി ബന്ധിക്കുന്നത്. താൻ ബന്ധിക്കപ്പെട്ടതോടെ ഹംസത്തിൽ മരണഭയം ഉടലെടുക്കുന്നു. തന്റെ മരണം തന്റെമാത്രം വിധിയെ നിർണ്ണയിക്കുന്നതല്ലെന്നാണ് ഹംസത്തിന്റെ വാക്കുകളുടെ ചുരുക്കം. യുദ്ധം മനുഷ്യജീവിതത്തിൽ വിതയ്ക്കുന്ന ദുരിതത്തിന്റെ ചിത്രം കണ്ട കുട്ടിക്ക് ഹംസത്തിന്റെ വാക്കുകളുടെ പൊരുൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടാവില്ല. ഇഷ്ടംകൊണ്ടാണ് നളൻ തന്നെ ബന്ധിച്ചത് എന്നറിയുന്നതോടെ ഹംസം അനുഭവിക്കുന്ന വിശ്രാന്തി ചെറുതല്ല. ആ തിരിച്ചറിവിന് അളക്കാനാവാത്ത സ്വാതന്ത്യത്തിന്റെ ചിറകടിദൂരമുണ്ട്. നളനും ഹംസവും പരസ്പരം തിരിച്ചറിയുകവഴി രൂപപ്പെടുന്ന മൈത്രിക്ക് സ്വാതന്ത്ര്യം എന്നുതന്നെയാണ് അർഥം. ഈ പരസ്പരഹൃദയജ്ഞാനമാണ് വൈരവും കലാപവുമൊഴിഞ്ഞ ലോകത്തെ നിർമ്മിക്കുന്നത്. ഹൃദയങ്ങളെ സ്നേഹത്തിന്റെ ചങ്ങലകൊണ്ടാണ് ബന്ധിക്കേണ്ടത് എന്ന പാഠവും ഇതിലുണ്ട്.

'ഇച്ഛയ്ക്കൊത്തവഴി ഗച്ഛ നീ' എന്ന നളന്റെ വാക്കുകൾ സ്നേഹത്തിന്റെ ഉദ്ഗാനമായും സ്വാതന്ത്ര്യത്തിന്റെ മധുരഗീതവുമായാണ് ഹംസം കേൾക്കുന്നത്. ഇത്തരം ആഖ്യാനങ്ങളാണ് മനുഷ്യകഥാനുഗായികളായ കൃതികൾ ആവിഷ്കരിക്കുന്നത് എന്നും കുട്ടിക്ക് തിരിച്ചറിയാനാവണം. ഇത്തരം ആശയങ്ങളിൽ ഊന്നിക്കൊണ്ടു വേണം ഈ പാഠഭാഗം വിനിമയം ചെയ്യാൻ.

DRAFT

**വിശദീകരിക്കേണ്ടവ**

ശ്ലോകം :" അനക്കം കൂടാതെ ... രുരോദാതി കരുണം "

അമൂല്യ സ്വർണശോഭയുള്ളവനും ഉറങ്ങിക്കിടന്നവനുമായ അരയന്നശ്രേഷ്ഠനെ ഇണക്കാമെന്ന വിചാരത്തോടെ ആ രാജാവ് അനങ്ങാതെ പതുങ്ങിച്ചെന്ന് താല്പര്യത്തോടെ കടന്നുപിടിച്ചു. അപ്പോൾ അരയന്നം കനത്ത ദുഃഖത്തോടെ ദയനീയമായി കരഞ്ഞു.

പദം: " ശിവ ശിവ... കുടുംബവുമിനി "

കഷ്ടം! ഞാൻ ഇനി എന്തു ചെയ്യും ! ഈ രാജേന്ദ്രൻ എന്നെ ചതിച്ചു കൊല്ലുകയാണല്ലൊ. ഞാനിനി എന്തു ചെയ്യും? എന്റെ കുടുംബത്തിന് ആശ്രയം ഇല്ലാതെയും ആകുമല്ലോ. ( ഇനി എന്റെ കുടുംബം നിസ്സഹായവും നിരാശ്രയവുമായിത്തീരും)

ചരണം 1: " ജനകൻ മരിച്ചുപോയി ... വന്നിതു."

അച്ഛൻ മരിച്ചുപോയി. ഞാൻ ഒരേയൊരു മകനാണ്. എന്റെ അമ്മയുടെ അവസ്ഥ ഇങ്ങനെ ആയല്ലോ! അതുമല്ല, പ്രസവിച്ച് ഏറെനാൾ കഴിയാത്ത എന്റെ ഭാര്യ ഇപ്പോൾ ഇതറിഞ്ഞാൽ അത്യധികം ദുഃഖിതയായി പ്രാണൻ വെടിയും. അതോടെ എന്റെ വംശവുമില്ലാതായിത്തീരും.

ചരണം 2 : "ചെറുതും പിഴ... ദോഷമായി തു"

രാജാവേ, ഒരു ചെറിയ തെറ്റു പോലും ചെയ്യാത്ത എന്നെ കൊന്നാൽ അങ്ങേയ്ക്ക് വലിയ ദുരിതം ഉണ്ടാകും . രാജാവേ, ചെമ്പൊന്നിൻ നിറമുള്ള എന്റെ ചിറക് മനസ്സിൽ ആശ തോന്നിപ്പിക്കുന്നതാണ്. ഇതുകൊണ്ട് നീ ധനികനാവുമോ? ഗുണമെന്നു കരുതിയത് അളവറ്റ ദോഷത്തിന് കാരണമായിത്തീർന്നല്ലോ.

നളചരിതത്തിന്റെ അഞ്ചു വ്യാഖ്യാതാക്കളും "ഇതുകൊണ്ടാക നീ ധനികൻ' എന്ന പാഠമാണ് സ്വീകരിച്ചിരിക്കുന്നത്. അരങ്ങത്ത് ആദ്യം 'ആക' എന്ന് രണ്ടുതവണ പാടുകയും അതിനനുസരിച്ച് ഹംസം സ്വർണ്ണച്ചിറക് നളന് പരിഹാസപൂർവം നീട്ടിക്കൊടുക്കുന്നതായി അഭിനയിക്കുകയും ചെയ്യുന്നു. തുടർന്ന് 'ആകാ' എന്നു പാടുമ്പോൾ ഹംസം ദയനീയഭാവത്തിൽ നളനെ നോക്കി അങ്ങനെ അഭിനയിക്കുന്നു. 'ആകാ' എന്ന പാഠത്തിനനുകൂലമാണെന്നു കാണുക."

(കൈരളീ വ്യാഖ്യാനം - പന്മന രാമചന്ദ്രൻ നായർ )

അറിക ഹംസമേ, അരുതു പരിദേവിതം;
വിരസഭാവമില്ലാ നിന്നിൽ മേ;
ദേഹമനുപമിതം കാണ്മാൻ മോഹഭരമുദിതം, നിങ്കൽ
സ്നേഹമേ വിഹിതം; ന മയാ
ദ്രോഹ,മിതുപൊഴുതമരഖഗവര, ഗുണനിധേ,
ഖേദമരുതു തേ, പറന്നിച്ഛയ്ക്കൊത്തവഴി ഗച്ഛ നീ.

ഹംസമേ, നീ ഇതറിയുക. കരച്ചിൽ നിർത്തുക. എനിക്ക് നിന്നോട് ഒരു ഇഷ്ടക്കേടും ഇല്ല. നിന്നോടുള്ള ഇഷ്ടം കൊണ്ടാണ്, അതിമനോഹരവും സാമ്യം ഇല്ലാത്തതുമായ നിന്റെ ശരീരം കാണാൻ വലിയ മോഹം തോന്നിയത്. എന്നെക്കൊണ്ട് നിനക്ക് ഒരു ദ്രോഹവും ഉണ്ടാവുകയില്ല. പക്ഷികളിൽ ശ്രേഷ്ഠനായിട്ടുള്ളവനേ ( അമരത്വമുള്ളവനെ) അല്ലയോ ഗുണനിധേ,നീ ഇനി ദുഃഖിക്കരുത്. നിനക്ക് ഇഷ്ടമുള്ള ഇടത്തേക്ക് പറന്നു കൊള്ളുക .(നീ ആഗ്രഹിക്കുന്ന ഇടത്തേക്ക് പറന്നു കൊള്ളുക)

DRAFT

## പ്രവർത്തനവിശകലനം

| *വാക്കുകൾ പൂക്കുന്ന പൊയ്ക* |
| --- |
| *നീന്തിത്തുടിക്കുന്ന സ്വാതന്ത്ര്യം* |

വാക്യങ്ങൾ സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.

- ? ഈ വാക്യം നൽകുന്ന അർഥസൂചനകൾ എന്തെല്ലാം?
- ? ഭാഷയും സാഹിത്യവും വളർന്നതിന്റെ സൂചനകൾ ഇവിടെ തെളിയുന്നുണ്ടോ?
- ? ഭാഷ മനുഷ്യനെ സ്വതന്ത്രനാക്കുന്നു. ഈ ആശയം വരികളിൽ തെളിയുന്നുണ്ടോ?

### ക്രോഡീകരണം

വാക്കുകൾ പൂക്കുന്ന പൊയ്കയായിരുന്നു എഴുത്തച്ഛന്റെ കാവ്യലോകം. സാഹിത്യവും പദസമ്പത്തും വളർന്ന് ഉണ്ണായിവാര്യരുടെ കാലമായപ്പോഴേക്കും ഭാഷ നീന്തിത്തുടിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ചിറകിലേറിക്കഴിഞ്ഞിരുന്നു. ഭാഷ വിമോചനത്തിന്റെ ആയുധമാണ്.

## കഥാസന്ദർഭം പരിചയപ്പെടാം

തുടർന്ന് മഹാഭാരതത്തിലെ മറ്റൊരു സന്ദർഭം പരിചയപ്പെടാൻ വേണ്ടി നളോപാഖ്യാനത്തിലെ കഥാഭാഗത്തിന്റെ സംഗ്രഹം ഗ്രൂപ്പിൽ നൽകുന്നു.

കഥ സ്വാംശീകരിച്ചതിനുശേഷം ഏതാനും കുട്ടികൾ വാചികമായി അവതരിപ്പിക്കുന്നു.

തുടർന്ന് പാഠസന്ദർഭം സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ശ്രവ്യവായന

തുടർന്ന് എന്താണ് സംഭവിച്ചത്? പാഠഭാഗം വായിച്ച് കണ്ടെത്താൻ നിർദ്ദേശിക്കുന്നു.

ഓരോ ഗ്രൂപ്പും സാമാനാശയം അവതരിപ്പിക്കുന്നു.

വിശകലനചോദ്യങ്ങൾ ഓരോന്നുവീതം ഗ്രൂപ്പുകൾക്ക് നൽകുന്നു.

- ? നളൻ അരയന്നത്തെ പിടിച്ചതിന്റെ കാരണമെന്താണ്?
- ? പിടിക്കപ്പെട്ടപ്പോഴുള്ള ഹംസത്തിന്റെ അവസ്ഥ കവി അവതരിപ്പിച്ചതെങ്ങനെ ?
- ? തന്നെ പിടികൂടിയത് എന്തുകൊണ്ടാകുമെന്നാണ് ഹംസം വിചാരിക്കുന്നത്? ഹംസത്തോടുള്ള നളന്റെ മറുപടി എന്തായിരുന്നു ?

(ഒരു ചോദ്യം രണ്ട് ഗ്രൂപ്പുകൾക്ക് എന്ന രീതിയിൽ വിശകലനത്തിനായി നൽകുന്നു)

ഗ്രൂപ്പുകൾ കുറിച്ച് അവതരിപ്പിക്കുന്നു.

അവതരണം വിലയിരുത്തുന്നു.

DRAFT

## വിലയിരുത്തൽ സൂചകങ്ങൾ

- വരികളിലെ പ്രധാന ആശയം കണ്ടെത്തിയിട്ടുണ്ട്.
- കഥാപാത്രത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.
- ഗ്രൂപ്പിലെ സജീവപങ്കാളിത്തവും നേതൃത്വവും ഉണ്ട്.

തുടർന്ന് പ്രധാന ആശയം ബോർഡിൽ കുറിക്കുന്നു.

അമൂല്യമായ സ്വർണ്ണത്തിന്റെ നിറമാർന്നവനും ഉറങ്ങിക്കിടക്കുന്നവനുമായ അരയന്ന ശ്രേഷ്ഠനെ ഇണക്കി വളർത്താമെന്ന് കരുതി വളരെ ഇഷ്ടത്തോടെ നളൻ പിടിച്ചു. അപ്പോൾ കനത്ത ശോകംപൂണ്ട് അവൻ ദയനീയമാം വണ്ണം കരഞ്ഞു. തന്നെ ചതിച്ചു കൊല്ലാനാണ് രാജാവായ നളൻ ശ്രമിക്കുന്നതെന്ന് ഹംസം കരുതി.

താൻ പിടിക്കപ്പെട്ടതോടെ നിസ്സഹായവും നിരാശ്രയവുമായ തന്റെ കുടുംബം അനാഥമാകുമെന്നോർത്ത് ഹംസം ആകുലപ്പെടുന്നു.

പ്രസവിച്ച അധികനാൾ കഴിയാത്ത ഭാര്യ തന്റെ വേർപാടിൽ മനമുരുകി മരിച്ചുപോകും മാതാവ് മരിച്ചാൽ പ്രായമാകാത്ത ശിശുവും ജീവിച്ചിരിക്കില്ലല്ലോ. ജനകൻ പണ്ടു മരിച്ചു പോയതിനാൽ ജനനിക്ക് മേലാൽ പ്രസവിക്കാനും മാർഗ്ഗമില്ല.

അതിനാൽ എനിക്ക് അപായം വന്നാൽ അതോടെ ഈ കുലവും നശിച്ചു പോകും. നിരപരാധിയായ എന്നെ കൊന്നാൽ നിനക്ക് പാപമുണ്ട്.

സ്വർണ്ണവർണ്ണമാർന്ന എന്റെ ചിറക് നിന്റെ മനസ്സിൽ കൊതിയുണ്ടാക്കുന്നു. അങ്ങനെയാണെങ്കിൽ ഈ ചിറകുകൊണ്ട് നീ ധനികനായിക്കൊള്ളുക! എന്ന് ഹംസം പരിഹസിക്കുന്നു.

കനകമയമായ ചിറകു ഉള്ളതിനാലാണല്ലോ എനിക്ക് ഈ ആപത്ത് പിണഞ്ഞത്. അതുകൊണ്ട് ഇപ്പോൾ ഗുണവും ദോഷമായി മാറി.

അപ്പോൾ നളൻ  ഇങ്ങനെ മറുപടി പറഞ്ഞു.അല്ലയോ ഹംസമേ നീ ഇത്രയും അറിയുക. നീ വിലപിക്കരുത്. എനിക്ക് നിന്നോട് ഇഷ്ടക്കേടില്ല. നിന്റെ അതുല്യമായ ദേഹം കാണാൻ കവിഞ്ഞ മോഹമുണ്ടായി. അത് നിന്നോട് തോന്നിയ സ്നേഹം കൊണ്ടാണ്. ഞാൻ ദ്രോഹം ചെയ്തിട്ടേയില്ല. അല്ലയോ ദിവ്യപക്ഷി ശ്രേഷ്ഠാ, ഗുണനിധേ, ഇനി നീ ദുഃഖിക്കരുത്. ഇനി നീ ആഗ്രഹിക്കുന്ന വഴിക്ക് പറന്നു പോയ്ക്കൊള്ളുക.

തുടർന്ന് സ്ലൈഡ് പ്രദർശിപ്പിക്കുന്നു

'നിരവലംബം മമ കുടുംബവുമിനി'

തനിക്കൊരു ആപത്ത് വന്നപ്പോഴും കുടുംബത്തെക്കുറിച്ചാണ് ഹംസം ചിന്തിക്കുന്നത്. മറ്റെന്തെല്ലാം സവിശേഷതകളാണ് ഹംസത്തിനുള്ളത്?

ചർച്ച

കുട്ടികൾ പ്രതികരിക്കുന്നു

DRAFT

<u>**ക്രോഡീകരണം**</u>

- അതിരറ്റ കുടുംബസ്നേഹം
- നിസ്വാർഥത
- രാജാവിനോട് പോലും  സത്യം തുറന്നു പറയാനുള്ള ധീരത.
- രാജാവിന്റെ ധനത്തോടുള്ള കൊതിയെ പരിഹസിക്കാനുള്ള ധൈര്യം.
- രാജാവ് ചെയ്യുന്നത് പാപമാണെന്ന് തുറന്നു പറയാനുള്ള ആർജ്ജവം

തുടർപ്രവർത്തനം:

പാഠഭാഗം വിശകലനം ചെയ്ത് ഹംസത്തിന്റെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

ചർച്ചചെയ്ത് മൂല്യനിർണയസൂചകങ്ങൾ രൂപീകരിക്കുന്നു.

<u>**മൂല്യനിർണയ സൂചകങ്ങൾ**</u>

- കഥാസന്ദർഭം വ്യക്തമാക്കിയിട്ടുണ്ട്
- ഹംസത്തിന്റെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

കുറിപ്പുകൾ പരസ്പരം കൈമാറി വായിക്കുന്നു.

മെച്ചപ്പെടുത്തുന്നു

മികച്ചവ അവതരിപ്പിക്കുന്നു

DRAFT

## <u>കഥാപാത്രനിരൂപണം</u>

ഹംസത്തിന്റെ വാക്കുകളിൽ തെളിയുന്ന ജീവിതമൂല്യങ്ങൾ എന്തെല്ലാം? ചർച്ച

? ഹംസത്തിനോട് താല്പര്യം തോന്നാൻ കാരണമെന്താണ്?
? കരച്ചിൽ നിർത്താൻ വേണ്ടി നളൻ ഹംസത്തിനോട് പറയുന്ന ന്യായങ്ങൾ എന്തെല്ലാം?
? നളന്റെ എന്തെല്ലാം സ്വഭാവസവിശേഷതകളാണ് പാഠഭാഗത്ത് തെളിയുന്നത്?

വ്യക്തിഗതമായി കുറിക്കുന്നു.

ഗ്രൂപ്പിൽ ചർച്ച ചെയ്തു സമഗ്രമാക്കുന്നു.

അവതരണം

പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

<u>**ക്രോഡീകരണം**</u>

- സ്നേഹസമ്പന്നൻ
- സൗമ്യശീലൻ
- സൗന്ദര്യാസ്വാദകൻ
- മറ്റുള്ളവരുടെ അഭിപ്രായത്തെ മാനിക്കുകയും പരിഗണിക്കുകയും ചെയ്യുന്നവൻ
- വിമർശനങ്ങളെ ഉൾക്കൊള്ളുന്നവൻ
- കാരുണ്യവാൻ

ചർച്ചകളുടെ വെളിച്ചത്തിൽ നളൻ എന്ന കഥാപാത്രത്തെ നിരൂപണംചെയ്തു കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.

? കഥാപാത്രനിരൂപണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

ചർച്ച

<u>ക്രോഡീകരണം</u>

- കഥാപാത്രത്തിന്റെ സ്ഥാനവും പ്രാധാന്യവും വ്യക്തമാക്കണം.
- കഥാപാത്രത്തിന്റെ സ്വഭാവഗുണങ്ങൾ വിശദമാക്കണം.
- കഥാപാത്രങ്ങളുടെ മാനസികാവസ്ഥ ആന്തരിക സംഘർഷങ്ങൾ എന്നിവ സൂചിപ്പിക്കണം.
- കഥാപാത്രങ്ങളുടെ ജീവിത കാഴ്ചപ്പാട് വിശകലനം ചെയ്യണം.
- കഥാസന്ദർഭങ്ങൾ സൂചിപ്പിച്ചുകൊണ്ട് യുക്തിപൂർവ്വം നിരീക്ഷണങ്ങൾ അവതരിപ്പിക്കണം.
- ആശയവ്യക്തതയോടെ അവതരിപ്പിക്കണം.

സൂചനകൾ ഉൾക്കൊണ്ട് കഥാപാത്രനിരൂപണം തയ്യാറാക്കുന്നു (വ്യക്തിഗതം)

കൈമാറി വായന

മികച്ചവ പൊതുവായി അവതരിപ്പിക്കുന്നു.

ടീച്ചറുടെ കൈത്താങ്ങോടുകൂടി മെച്ചപ്പെടുത്തുന്നു.

## കാവ്യസൗന്ദര്യം കണ്ടെത്തൽ

ഒമ്പതാം ക്ലാസിലെ കാവ്യഭംഗിയുള്ള ഏതാനും വരികൾ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

'ഒട്ടുമാവുകളതു കേട്ടോ, തളിർ -
നാക്കു കടിച്ചേ നിൽപായീ!
പച്ചക്കല്ലുവിളഞ്ഞു കിടക്കും
ഗിരിശൃംഗത്തിൻ പ്രതിരൂപം'

- പുളിമാവു വെട്ടി, ഇടശ്ശേരി

DRAFT

| |
|---|
| പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ<br>തന്വിയാണവൾ കല്ലല്ലിരുമ്പല്ല<br>കറ്റക്കാർകൂന്തൽ മൂടിത്തലവഴി<br>മുറ്റുമാസ്യം മറഞ്ഞുകിടക്കുന്ന<br>ചാരുസാരിയൊതുക്കിച്ചെറുചിരി<br>ചോരും ചോരിവാ ചെറ്റുവിടർത്തവൾ<br>**(സുകൃതഹാരങ്ങൾ - കുമാരനാശാൻ)** |
| പാതകത്തിന്മേൽത്തെറിച്ച തേങ്ങാത്തരി<br>പൂവുപോൽ കൊമ്പിലെടുത്തുയർത്തി<br>പോവുകയാ,ണാറു കാലുകൾ ചന്തമായ്<br>താളത്തിൽ വച്ചു തിരക്കുകൂട്ടി<br>**(വംശം -വിജയലക്ഷ്മി)** |

ഒരേ കാവ്യഭാഗങ്ങൾ രണ്ടു ഗ്രൂപ്പുകൾക്ക് വീതം നൽകുന്നു.

വരികളിലെ ആശയം കാവ്യഭംഗി പകരുന്ന ഘടകങ്ങൾ (ശബ്ദ ഭംഗി, അർഥഭംഗി, വാങ്മയചിത്രം) എന്നിവ കണ്ടെത്തി അവതരിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

ചർച്ച

ക്രോഡീകരണം

പൊതു അവതരണം

ശബ്ദസൗന്ദര്യത്തിലൂടെ കൈവരുന്ന അർഥഭംഗി, മനോഹരമായ വാങ്മയചിത്രങ്ങൾ മുതലായവ കാവ്യഭാഗത്തെ മനോഹരമാക്കുന്നതെങ്ങനെ എന്ന് വ്യക്തമാകുംവിധം ക്രോഡീകരിക്കുന്നു.

തുടർന്ന് കാവ്യസൗന്ദര്യം ഉള്ള വരികൾ സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ എന്ന ആട്ടക്കഥാഭാഗത്തു നിന്നും കണ്ടെത്തി കുറിക്കാൻ നിർദ്ദേശിക്കുന്നു. (വ്യക്തിഗതം )

കണ്ടെത്തിയവ വിശദ ചർച്ചയ്ക്കും കാവ്യസൗന്ദര്യം വ്യക്തമാക്കുന്നതിനുമായി നാല് / അഞ്ച് പേർ വീതമുള്ള ഗ്രൂപ്പുകൾക്ക് നൽകുന്നു.

അനക്കം കൂടാതേ നരവരനണഞ്ഞാശു കുതുകാ -
ദനർഘസ്വർണ്ണാഭം ശയിതമരയന്നപ്പരിവൃഢം

ശിവശിവ ! എന്തു ചെയ്‌വൂ ഞാൻ ! എന്നെ -
ച്ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ.

ജനകൻ മരിച്ചുപോയി, തനയൻ ഞാനൊരുത്തനെൻ-
ജനനി തന്റെ ദശയിങ്ങനെ;
അപി ച മമ ദയിതാ കളിയല്ലനതിചിരസൂതാ പ്രാണൻ
കളയുമതിവിധുരാ; എന്നാൽ
കുലമിതഖിലവുമറുതി വന്നിതു.

DRAFT

ചെറുതും പിഴചെയ്യാതോരെന്നെക്കൊന്നാൽ ബഹു-
ദുരിതമുണ്ടു തവ ഭൂപതേ !
മനസി രുചിജനകം എന്റെ
ചിറകു മണികനകം ഇതുകൊ -
ണ്ടാകാ നീ ധനികൻ ! അയ്യോ !
ഗുണവുമനവധി ദോഷമായിതു.

അറിക ഹംസമേ, അരുതു പരിദേവിതം;
വിരസഭാവമില്ലാ നിന്നിൽ മേ;
ദേഹമനുപമിതം കാണ്മാൻ മോഹഭരമുദിതം, നിങ്കൽ
സ്നേഹമേ വിഹിതം; ന മയാ
ദ്രോഹ,മിതുപൊഴുതമരഖഗവര, ഗുണനിധേ,
ഖേദമരുതു തേ, പറന്നിച്ഛയ്ക്കൊത്തവഴി ഗച്ഛ നീ.

ഗ്രൂപ്പിൽ ചർച്ച

വരികളിലെ കാവ്യഭംഗി കണ്ടെത്തി കുറിക്കുന്നു.

പൊതു അവതരണം

ക്രോഡീകരണം

ആട്ടക്കഥയുടെ സൗന്ദര്യം അതിന്റെ ഭാഷയിലും ആഖ്യാന രീതിയിലും നിറഞ്ഞുനിൽക്കുന്നു.

അക്ഷരങ്ങളുടെ ആവർത്തനം ( പ്രാസഭംഗി ) അർഥപൂർണ്ണമായ അവതരണത്തിന് കരുത്ത് പകരും.

ശബ്ദഭംഗി രംഗങ്ങൾക്ക്/കഥാപാത്രങ്ങൾ കൂടുതൽ ജീവൻ നൽകുന്നു. (കഥാപാത്രങ്ങളുടെ വികാരവിക്ഷോഭങ്ങളെ പ്രേക്ഷകരിലേക്ക് കൂടുതൽ അടുപ്പിക്കുന്നു)

വിവിധരസഭാവങ്ങൾ ഭംഗിയായി അവതരിപ്പിക്കാൻ സഹായകരമാണ്.

സദസ്സിന്റെ ശ്രദ്ധ നിലനിർത്താൻ പര്യാപ്തമാണ്.

നളചരിതത്തിലെ പദങ്ങളിലെ പ്രാസഭംഗിയും താളഭംഗിയും സംഗീതത്തിന്റെ മാറ്റ് കൂട്ടുന്നു.

അനുബന്ധ പ്രവർത്തനം

സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ എന്ന ആട്ടക്കഥഭാഗത്തിന് സൗന്ദര്യം പകരുന്ന ഘടകങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

**<u>മൂല്യനിർണയ സൂചകങ്ങൾ</u>**

- കാവ്യഭംഗിയുള്ള വരികൾ കണ്ടെത്തിയിട്ടുണ്ട്.

DRAFT

- ശബ്ദസൗന്ദര്യവും അർഥസൗന്ദര്യവും നൽകുന്ന ഘടകങ്ങൾ കണ്ടെത്തി വിവരിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

കൈമാറി വിലയിരുത്തുന്നു.

രചന മെച്ചപ്പെടുത്തുന്നു.

## ഡിജിറ്റൽ ആൽബം

നളചരിതം കഥകളി വീഡിയോ പ്രദർശിപ്പിക്കുന്നു.

കണ്ട ദൃശ്യത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു.



? കഥാപാത്രങ്ങളെ തിരിച്ചറിയാൻ കഴിയുന്നുണ്ടോ?

? ഓരോ കഥാപാത്രവും വേഷവിധാനങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നത് എങ്ങനെയെല്ലാം?

? കഥകളി എന്ന ദൃശ്യകലയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

? കഥകളി വേഷങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

## ക്രോഡീകരണം

### കഥകളി

- കേരളത്തിന്റെ തനത് ദൃശ്യകലാരൂപമാണ് കഥകളി.
- രാമനാട്ടമെന്ന കലാരൂപം പരിഷ്കരിച്ചാണ് കഥകളിയുണ്ടായത്.
- കഥകളിയിലെ കഥാപാത്രങ്ങൾക്ക് നിശ്ചിതവേഷമുണ്ട്.
- കഥാപാത്രങ്ങൾ പ്രധാനമായും പച്ച, കത്തി, കരി,താടി, മിനുക്ക് എന്നിങ്ങനെയുള്ള വേഷങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്.
- കഥാപാത്രങ്ങളുടെ സ്വഭാവമനുസരിച്ചാണ് വേഷം രൂപപ്പെടുത്തിയത്.
- കഥകളിയിൽ പ്രത്യേക സംഗീതമുണ്ട്.
- വേഷ സമ്പ്രദായങ്ങളും മുഖത്തെഴുത്തും ആടയാഭരണങ്ങളുടെ വൈചിത്ര്യവും നിറക്കൂട്ടുമാണ് കഥകളിയുടെ പ്രത്യേകതകൾ.

### ആട്ടക്കഥ

- കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ.
- കഥകളിയുടെ രംഗാവതരണത്തിന് ഉപയോഗിക്കുന്ന നാട്യപ്രബന്ധമാണിത്.
- ആട്ടക്കഥയുടെ ദൃശ്യാവിഷ്കാരമാണ് കഥകളി.

DRAFT

തുടർന്ന് വിഷയാടിസ്ഥാനത്തിൽ സംഘങ്ങൾ ആകുന്നു.

— *കഥകളി വേഷം

— *അഭിനയം

— *സംഗീതവും വാദ്യങ്ങളും

— *കഥകളി ഉത്ഭവവും വളർച്ചയും

ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച

ഓരോ ഗ്രൂപ്പും കണ്ടെത്തിയ കാര്യങ്ങൾ ലഘുകുറിപ്പായി അവതരിപ്പിക്കുന്നു.

തുടർന്ന് ഓരോ ഗ്രൂപ്പും കണ്ടെത്തിയ കാര്യങ്ങൾ ഡിജിറ്റൽ ആൽബം രൂപത്തിൽ തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.

ഡിജിറ്റൽ ആൽബം തയ്യാറാക്കുമ്പോൾ നാം എന്തെല്ലാം ശ്രദ്ധിക്കണം?

ചർച്ച

**ക്രോഡീകരണം**

- കണ്ടെത്തിയ കാര്യങ്ങൾ സൂചനകളായി എഴുതണം.
- അനുയോജ്യമായ ചിത്രങ്ങൾ, ഫോട്ടോ എന്നിവ ഉപയോഗിക്കണം.
- പശ്ചാത്തലം, നിറങ്ങൾ അക്ഷരങ്ങളുടെ വലിപ്പം തുടങ്ങി ലേ ഔട്ട് ശ്രദ്ധിക്കണം.

ഗ്രൂപ്പുകൾ ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. അവതരണം.

മികച്ചവ കണ്ടെത്തുന്നു.

DRAFT

**ഡിജിറ്റൽ ആൽബം തയ്യാറാക്കൽ**



Playstore → Quick App (Quick Free Video)

→ ഇൻസ്റ്റാൾ

→ Create a new video

→ പെർമിഷൻ അലൗ

→ ആൽബം ഫോൾഡേഴ്സ്
സെലക്റ്റ് (മാക്സിമം 75 ഫോട്ടോകൾ
- ആദ്യം തൊട്ട ഫോട്ടോ ആദ്യം എന്ന് ക്രമീകരിക്കാവുന്നതാണ്.)

→ ടിക് മാർക്ക് → എക്സ്പോർട്ട്

→ വീഡിയോ കൺവേർട്ട് ( ടൈറ്റിലും എഫക്റ്റ്സും മ്യൂസിക്കും കൊടുക്കാവുന്നതാണ്.)

## റോൾപ്ലേ തയ്യാറാക്കൽ

ടീച്ചർ രസകരമായ ചില തീയേറ്റർ ഗെയിംസ് ക്ലാസിൽ നൽകുന്നു. അതിന്റെ ഭാഗമായി 2 പേർ വീതമുള്ള ഗ്രൂപ്പ് രൂപപ്പെടുന്നു.

രണ്ടു പേരോടും ഇഷ്ടമുള്ള വിഷയം പരസ്പരം സംസാരിക്കുവാൻ ടീച്ചർ ആവശ്യപ്പെടുന്നു.

ഒരാൾ സംസാരിക്കുന്നത് മറ്റേയാൾ ശ്രദ്ധാപൂർവം കേൾക്കണം. കൃത്യമായി പ്രതികരിക്കണം എന്ന് ടീച്ചർ നിർദേശിക്കുന്നു.

വീണ്ടും തീയേറ്റർ ഗെയിം തുടരുന്നു.

വേറെ 2 പേർ ടീം ആകുന്നു.

ഒരാൾ ഹംസവും മറ്റെയാൾ നളനും ആയി അഭിനയിച്ച് സംസാരിക്കട്ടെ.

തുടർന്ന് ആട്ടക്കഥാഭാഗം ഗദ്യരൂപത്തിലുള്ള സംഭാഷണമാക്കി നോട്ട് ബുക്കിൽ എഴുതുവാൻ ഗ്രൂപ്പുകളോട് ടീച്ചർ ആവശ്യപ്പെടുന്നു.

സംഭാഷണം ക്ലാസിൽ അവതരിപ്പിക്കുന്നു.

തുടർന്ന് നളന്റെയും ഹംസത്തിന്റെയും കഥാപാത്രസവിശേഷതകൾ ഉൾക്കൊണ്ട് ആട്ടക്കഥാഭാഗം റോൾപ്ലേയായി അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

? റോൾപ്ലേ അവതരിപ്പിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

ചർച്ച

കുട്ടികളുടെ പ്രതികരണങ്ങൾ

**ക്രോഡീകരണം**

- കഥാപാത്രങ്ങൾക്ക് അനുയോജ്യരായ അഭിനേതാക്കളെ കണ്ടെത്തുന്നു.
- അഭിനേതാക്കൾ കാവ്യ സന്ദർഭം കാവ്യഭാഗത്തെ ആശയം നാടകീയ മുഹൂർത്തങ്ങൾ എന്നിവ ഉൾക്കൊള്ളണം.
- കഥാപാത്രങ്ങളുടെ സവിശേഷതകൾ മനോഭാവം (വൈകാരികത) എന്നിവ മനസ്സിലാക്കണം.
- കഥാപാത്രങ്ങളുടെ വൈകാരികാവസ്ഥ തിരിച്ചറിഞ്ഞ് ഉചിതമായ ശരീരഭാഷ, അനുയോജ്യമായ ശബ്ദക്രമീകരണം, ഭാവവൈവിധ്യങ്ങൾ എന്നിവ സ്വീകരിക്കണം
- അഭിനയം സ്വാഭാവികമായിരിക്കണം.

ഗ്രൂപ്പുകളുടെ അവതരണം

വിലയിരുത്തൽ

DRAFT

## വിലയിരുത്തൽ സൂചകങ്ങൾ

- കുട്ടികളുടെ പങ്കാളിത്തവും നേതൃത്വവും
- കാവ്യസന്ദർഭം കാവ്യഭാഗത്തെ ആശയം കഥാപാത്ര സവിശേഷതകൾ എന്നിവ ഉൾക്കൊണ്ടിട്ടുണ്ട്
- ഉചിതമായ സംഭാഷണം ശബ്ദ ക്രമീകരണം ഭാവവൈവിധ്യം എന്നിവയോടെ അഭിനയിച്ചിട്ടുണ്ട്
- അഭിനയത്തിലെ സ്വാഭാവികതയും അഭിനേതാക്കളുടെ പാരസ്പര്യവും

അനുബന്ധ പ്രവർത്തനം

**ഹംസവും നാളനും തമ്മിലുള്ള സംഭാഷണഭാഷയുടെ സവിശേഷതകൾ കണ്ടെത്തി ലഘു കുറിപ്പ് തയ്യാറാക്കുക**

- സംഭാഷണ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- സംഭാഷണ ഭാഷയിലെ വൈവിധ്യം തിരിച്ചറിഞ്ഞിട്ടുണ്ട്
- സംഭാഷണത്തിൽ നിന്നും വ്യക്തമാക്കുന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ സൂചിപ്പിച്ചിട്ടുണ്ട്
- സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്
- ആശയ വ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്

## കണ്ടെത്തി അവതരിപ്പിക്കാം

"ചെറുതും പിഴചെയ്യാതോരെന്നെക്കൊന്നാൽ ബഹു-
ദുരിതമുണ്ടു തവ ഭൂപതേ!"

വരികൾ പ്രദർശിപ്പിക്കുന്നു.

അരയന്നത്തിന്റെ ചിന്തയുടെ സാമൂഹ്യപ്രസക്തി സമകാലിക സാഹചര്യങ്ങളുമായി ചേർത്ത് ചർച്ച ചെയ്യുന്നു.

? എന്ത് കാരണമുണ്ടെങ്കിലും കൊല്ലുന്നത് ശരിയാണോ?

? കൊല്ലുന്നതും ചാവുന്നതും പ്രശ്നപരിഹാരത്തിന് ഉചിതമായ മാർഗമാണോ?

? തന്നെ കൊന്നാൽ ദുരിതമുണ്ടാകുമെന്ന് ഹംസം പറയുന്നതിന്റെ യുക്തി എന്താണ് ?

? തെറ്റ് ചെയ്യാത്തവർക്ക് ശിക്ഷ അനുഭവിക്കേണ്ടി വരാറുണ്ടോ?

? പത്രവാർത്തകളും ദൃശ്യമാധ്യമങ്ങളും ശ്രദ്ധിക്കുമ്പോൾ ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

? ഇത്തരം സാമൂഹ്യപ്രശ്നങ്ങളോട് നിങ്ങളുടെ പ്രതികരണം എന്താണ്?

ചർച്ച

കുട്ടികൾക്ക് അഭിപ്രായം പറയാൻ അവസരം നൽകുന്നു

DRAFT

വിലയിരുത്തൽ സൂചകങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നു

**സൂചകങ്ങൾ**

- ➢ സമകാലിക സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ➢ പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്തി താരതമ്യം ചെയ്തിട്ടുണ്ട്.
- ➢ തെറ്റ് ചെയ്യാതെ ശിക്ഷ അനുഭവിക്കേണ്ടി വന്നവരുടെ മാനസികവ്യഥകൾ തിരിച്ചറിയുന്നു.
- ➢ തെറ്റ് ചെയ്യരുത്; തെറ്റ് ചെയ്യാത്തവർ ശിക്ഷിക്കപ്പെടരുതെന്ന ബോധം
- ➢ ഉചിതമായ ഭാഷയിൽ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്

"അയ്യോ ഗുണവും അനവധി ദോഷമായി തു"

വരികൾ സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.

? ഏതു ഗുണമാണ് ഹംസത്തിന് വിനയായത്?

? ഗുണവും ദോഷവും നിർണയിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ?

? ഗുണം എപ്പോഴെങ്കിലും ദോഷമായിത്തീരാറുണ്ടോ?

ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച

**ക്രോഡീകരണം**

- ഗുണവും ദോഷവും ആപേക്ഷികമാണ്.
- നിലവിലുള്ള രാഷ്ട്രീയവും സാംസ്കാരികവും സാമൂഹ്യവുമായ ധാരണകളാണ് ഗുണദോഷ വിചിന്തനത്തിന് നിദാനം.
- മനുഷ്യ താൽപര്യങ്ങൾ വിലപ്പെട്ട ഗുണങ്ങളെ ദോഷമായി ചിത്രീകരിക്കാൻ കാരണമാകുന്നു

തുടർന്ന് വ്യക്തിപരമായി സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുന്നു.

**ശ്ലോകം**

വൃത്തശാസ്ത്രത്തിലെ നിയമങ്ങളനുസരിച്ച് നിർമ്മിച്ചിട്ടുള്ള നാലുവരി പദ്യങ്ങളാണ് ശ്ലോകങ്ങൾ. രംഗത്ത് അവതരിപ്പിക്കാനാവാത്ത ദൃശ്യങ്ങളുടെ കഥാസാരം, രംഗത്തിന്റെ സന്ദർഭം, കഥാപാത്രങ്ങളെക്കുറിച്ചുള്ള സൂചന, കാലഗതിയിലെ മാറ്റം തുടങ്ങിയവ വ്യക്തമാക്കുന്ന കവി വാക്യമാണ് കഥകളിയിലെ ശ്ലോകം.

**പദം**

പാട്ട്, ഗീതം എന്നീ അർഥങ്ങളിൽ പദം പ്രയോഗിക്കാറുണ്ട്. സംഗീതശാസ്ത്രത്തിൽ പദത്തിന് സാങ്കേതികമായ അർഥം തന്നെയുണ്ട്. കഥകളിയിൽ സാമാന്യാർഥത്തിലാണ് പദം പ്രയോഗിച്ചിട്ടുള്ളത്. കഥാപാത്രങ്ങളുടെ അഭിപ്രായങ്ങൾ, മനോവിചാരങ്ങൾ എന്നിവ വ്യക്തമാക്കാൻ ആട്ടക്കഥയിൽ ഈ സങ്കേതം ഉപയോഗിക്കുന്നു. ആട്ടപ്പദം,

DRAFT

ശൃംഗാരപ്പദം, യുദ്ധപ്പദം, പാടിപ്പദം മുതലായവ സാമാന്യാർഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്.

**പല്ലവി**

സംഗീതകൃതികൾക്ക് - ദേവസ്തുതിപരങ്ങളായ കീർത്തനങ്ങൾക്കും ആട്ടപ്പദങ്ങൾക്കും മറ്റും പല്ലവി, അനുപല്ലവി, ചരണം എന്ന് മൂന്ന് ഘട്ടങ്ങളുണ്ട്. ചിലയിടങ്ങളിൽ അനുപല്ലവി ഇല്ലാതെ പല്ലവിക്കുശേഷം ചരണങ്ങൾ മാത്രമായും രചന നടത്താറുണ്ട് . ഓരോ ചരണം കഴിയുമ്പോഴും പല്ലവി ആവർത്തിച്ചു ചൊല്ലണമെന്നുണ്ട്.

**അനുപല്ലവി**

ഗാനത്തിലെ ആദ്യദളമായ പല്ലവിയെ പിന്തുടരുന്നത് അനുപല്ലവി.

**ചരണം**

ശ്ലോകത്തിന്റെ പാദം. പാട്ടുകളുടെ ഓരോ ഖണ്ഡം. അനുപല്ലവി കഴിഞ്ഞുള്ള ഭാഗം.

**ഘണ്ടാരം (രാഗം)**

കേരളീയമായ രാഗമായി കണക്കാക്കുന്നു. കഥകളിയിൽ പ്രധാനമായും ദുഃഖം, ധീരത എന്നീ രണ്ട് ഭാവങ്ങളെ പ്രകാശിപ്പിക്കത്തക്ക വിധമാണ് പ്രയോഗിച്ചു കാണുന്നത്.

**അടന്ത (താളം)**

കർണ്ണാടകസംഗീതത്തിലെ ഖണ്ഡജാതി അടതാളത്തിന്റെ കേരളീയ നാമമാണ് അടന്ത. അടന്ത, മുറിയടന്ത,ചെമ്പട, പഞ്ചാരി, ചമ്പ എന്നിവയാണ് കഥകളിയിൽ ഉപയോഗിക്കാറുള്ള മുഖ്യ താളങ്ങൾ.

**സാവേരി (രാഗം)**

മിക്കവാറും സന്ദർഭങ്ങളിൽ പ്രയോഗിക്കാറുണ്ട്. അതിഥിയെ സ്വാഗതം ചെയ്യുമ്പോഴും കാര്യസാധ്യതയെപ്പറ്റി പ്രസ്താവിക്കുന്ന സമയത്തും ആട്ടക്കഥാകർത്താക്കൾ സാവേരി പ്രയോഗിക്കുന്നു.

**കഥകളിയിൽ നിന്ന് ഭാഷയിലേക്ക് വന്ന ശൈലികൾ**

പല്ലവിപാടുക - ഒരു വിഷയം തന്നെ ആവർത്തിച്ചു പറയുക

ശ്ലോകത്തിൽ കഴിക്കുക - ചുരുക്കിപ്പറഞ്ഞു തീർക്കുക

കച്ചകെട്ടുക - ആരംഭം കുറിക്കൽ

അരങ്ങേറ്റം കുറിക്കുക - പ്രാഥമിക പഠനത്തിന് ശേഷമുള്ള പൊതുവേദിയിലെ പ്രകടനം

അഷ്ടകലാശം ചവിട്ടുക - ഓജസ്സും ഊർജ്ജസ്വലതയും പ്രകടമാക്കുന്ന പെരുമാറ്റം

DRAFT

## കഥകളിയുടെ ചരിത്രം

കഥകളി രൂപപ്പെട്ടതിനു പിന്നിൽ ചരിത്രപരമായ പശ്ചാത്തലമുണ്ട്. കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടമാണ് കഥകളിയുടെ ആദ്യരൂപം എന്ന് പറയപ്പെടുന്നു.കോഴിക്കോട് സാമൂതിരിയുടെ നേതൃത്വത്തിൽ അരങ്ങേറിയിരുന്ന കൃഷ്ണനാട്ടം അവതരിപ്പിക്കാനായി ക്ഷണിച്ചപ്പോൾ കലാകാരന്മാരെ അയക്കുന്നതിന് അദ്ദേഹം തയ്യാറായില്ല.ഈ ഘട്ടത്തിൽ കൊട്ടാരക്കര തമ്പുരാൻ രാമനാട്ടം എന്ന പേരിൽ ഒരു കലാരൂപത്തിന് തുടക്കമിട്ടു. വ്യത്യസ്തങ്ങളായ നാടൻ കലാരൂപങ്ങളും അന്നു പ്രചാരത്തിലിരുന്ന ചില ശാസ്ത്രീയ കലാരൂപങ്ങളുടെ സ്വാധീനവും കഥകളിയിൽ കാണാം.

## സാഹിത്യം

കഥകളിയുടെ സാഹിത്യത്തിന് ആട്ടക്കഥ എന്നാണ് പറയുന്നത്. മണിപ്രവാള ഭാഷാ രീതിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. പദങ്ങളായും ശ്ലോകങ്ങളായുമായാണ് ആട്ടക്കഥ രചിക്കുന്നത്. ആട്ടക്കഥകളിലെ പദങ്ങളാണ് കഥകളിയിൽ പാടിയഭിനയിക്കപ്പെടുന്നത്. ശ്ലോകങ്ങൾ രംഗസൂചനയും കഥാസൂചനയും നൽകുന്നതിനുള്ള സൂത്രധാരോപാധിയായാണ് ഉപയോഗിക്കുന്നത്. കൂടാതെ അരങ്ങിലവതരിപ്പിക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളും ശ്ലോകങ്ങളിലൂടെയവതരിപ്പിക്കുന്നു. മലയാളസാഹിത്യത്തിലെ ഒരു പ്രധാനശാഖകൂടെയാണ്, ആട്ടക്കഥകൾ. ഏകദേശം അഞ്ഞൂറോളം ആട്ടക്കഥകൾ മലയാളസാഹിത്യത്തിന്റെ ഭാഗമായി സാഹിത്യത്തിലുണ്ട്. കൊട്ടാരക്കരത്തമ്പുരാന്റെ രാമനാട്ടത്തിലെ എട്ടുദിവസത്തെ കഥകളാണ് ആദ്യത്തെ ആട്ടക്കഥ. കോട്ടയം തമ്പുരാന്റെ ബകവധം, കല്യാണസൗഗന്ധികം,, ഉണ്ണായി വാര്യരുടെ 'നളചരിതം', ഇരയിമ്മൻ തമ്പിയുടെ 'ഉത്തരാസ്വയംവരം', കീചകവധം, കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ രാവണവിജയം, അശ്വതിതിരുനാൾ രാമവർമ്മത്തമ്പുരാന്റെ രുക്മിണീസ്വയംവരം,, അംബരീഷചരിതം എന്നിവ വ്യാപകമായി പ്രചാരമുള്ള ആട്ടക്കഥകളിൽപ്പെടുന്നു.
വേഷങ്ങൾ കഥാപാത്രങ്ങളുടെ സ്വഭാവഗുണങ്ങൾക്കനുസരിച്ച് കഥകളിയിൽ പ്രത്യേക വേഷരീതിയുണ്ട്. പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെയുള്ള അഞ്ച് വേഷങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്.
കല്യാണസൗഗന്ധികത്തിലെ ഭീമൻ - സാത്വിക ഗുണം (പച്ച)
ദുര്യോധനവധത്തിലെ ദുര്യോധനൻ - രാജസം (കത്തി)
നളചരിതത്തിലെ കാട്ടാളൻ -ക്രൂരൻ (കരി)
കല്യാണസൗഗന്ധികത്തിലെ ഹനുമാൻ - സാത്വിക സ്വഭാവമുള്ളത് – (വെള്ളത്താടി)
നളചരിതത്തിലെ ദമയന്തി - സ്ത്രീ വേഷങ്ങൾ (മിനുക്ക്) മുനിമാരുടെ വേഷവും മിനുക്കാണ്. എന്നിരുന്നാലും കഥകളിയിൽ ചില കഥാപാത്രങ്ങൾക്ക് സവിശേഷമായ വേഷവിധാനങ്ങളുണ്ട്. ഉദാഹരണം പ്രഹ്ലാദചരിതത്തിലെ നരസിംഹം, ദുര്യോധന വധത്തിലെ രൗദ്രഭീമൻ.

## സംഗീതം

കഥകളിയിലെ സംഗീതത്തെ അഭിനയ സംഗീതം എന്നാണ് പറയുന്നത്. കർണാടക സംഗീതത്തിലെയും ഹിന്ദുസ്ഥാനി സംഗീതത്തിലെ ചില രാഗങ്ങളുടെ വകഭേദങ്ങളും കഥകളി സംഗീതത്തിൽ കാണാം. ഇതിനെ സോപാനസംഗീതരീതി എന്നും പറയാറുണ്ട്.

DRAFT

കഥകളി നടക്കുന്നതിന്റെ പിന്നരങ്ങിൽ (പിന്നിലാണ്) പാട്ടുകാരുടെ സ്ഥാനം. പ്രധാന പാട്ടുകാരനെ പൊന്നാനിയെന്നും ഏറ്റുപാടുന്നയാളെ ശിങ്കിടി എന്നും പറയും.

## അഭിനയം

ഒരു കഥയുടെ നാടകരൂപത്തിലുള്ള ആവിഷ്കാരമാണു കഥകളിയെന്നുപറയാമെങ്കിലും അരങ്ങിൽ, കഥാപാത്രങ്ങൾ ഒന്നുംതന്നെ സംസാരിക്കുന്നില്ല. മാത്രമല്ലാ, പശ്ചാത്തലത്തിൽനിന്നു പാട്ടുകാരുടെ പാട്ടിനനുസരിച്ച് കൈമുദ്രകൾമുഖേന കഥപറയുകയാണുചെയ്യുന്നത്. കഥകളിയുടെ അഭിനയവിധങ്ങളാണ് ആംഗികം, സാത്വികം, വാചികം, ആഹാര്യം എന്നിവ. ഇതിൽ വാചികം കഥാപാത്രം നേരിട്ട് ചെയ്യുന്നില്ല പിന്നണിയാണ് അത് ചെയ്യുന്നത്.

## നവരസങ്ങൾ

കഥകളിയുടെ ആകർഷകമായ ഒരു വശം. നവരസം (ഒമ്പത് വികാരങ്ങൾ) എന്നറിയപ്പെടുന്ന മുഖഭാവങ്ങളാണ്. കഥപറച്ചിലിന്റെ ഭാഗമായി കഥാപാത്രങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പ്രണയത്തെ സൂചിപ്പിക്കുന്ന ശൃംഗാരം; വീരം ചിത്രീകരിക്കാൻ വീരം ; ഹാസ്യത്തിന് ഹാസ്യം; കോപം പ്രകടിപ്പിക്കാൻ രൗദ്രം; സഹതാപത്തിന് കരുണം ; ഭയത്തെ സൂചിപ്പിക്കാൻ ഭയാനകം ; വെറുപ്പ് പ്രകടിപ്പിക്കാൻ ബീഭത്സം ; അദ്ഭുതത്തിന് അദ്ഭുതം, സമാധാനത്തെ സൂചിപ്പിക്കാൻ ശാന്തം എന്നിവയാണ് കഥകളിയിൽ ഉപയോഗിക്കുന്ന ഒമ്പത് വികാരങ്ങൾ.

## മുദ്രകൾ

കഥകളിയിൽ കഥാപാത്രങ്ങൾ ആശയവിനിമയം നടത്തുന്നത് മുദ്രകളിലൂടെയാണ്. പിന്നരങ്ങിലെ പാട്ടുകാരുടെ പാട്ടുകൾക്കനുസരിച്ച് കഥാപാത്രങ്ങൾ അഭിനയിക്കും. കഥകളിയിൽ പ്രധാനമായും 24 മുദ്രകളാണ് ഉള്ളത്. ഹസ്തലക്ഷണദീപിക എന്ന കൃതിയെ അടിസ്ഥാനമാക്കിയാണ് കഥകളിയിലെ മുദ്രകൾ ചിട്ടപ്പെ ടുത്തിയിരിക്കുന്നത്.മുദ്രകൾ കൂട്ടിച്ചേർത്ത് വാചകങ്ങൾ ഉണ്ടാക്കുക എന്ന രീതി അവലംബിച്ചു പോരുന്നു.

## വാദ്യങ്ങൾ

കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങളാണ് ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം, ഇടയ്ക്ക, ശംഖ് എന്നിവ.പുരുഷ കഥാപാത്രങ്ങളുടെ ആട്ടങ്ങൾക്ക് ചെണ്ടയും മദ്ദളവും ഉപയോഗിക്കുമ്പോൾ സ്ത്രീ കഥാപാത്രങ്ങൾക്ക് പ്രധാനമായും മദ്ദളവും ഇടക്കയും ഉപയോഗിക്കുന്നു. പിന്നണിയിൽ നിൽക്കുന്ന പ്രധാനപാട്ടുകാരനായ പൊന്നാനിയുടെ കയ്യിൽ ചേങ്ങിലയുമുണ്ടാവും. ഏറ്റുപാടുന്ന ശിങ്കിടിയുടെ കൈയ്യിൽ ഇലത്താളവും. ഒരോ കഥാപാത്രത്തിന്റെയും മുദ്രാഭിനയത്തിനുശേഷം കലാശം എന്ന നൃത്ത ഇനം അരങ്ങേറും. കഥാസന്ദർഭത്തിനും ഭാവത്തിനും അനുസരിച്ച് നടത്തുന്ന ഈ നൃത്തത്തിന് കലാശം എന്നാണ് പറയുന്നത്. ഈ സന്ദർഭത്തിൽ വാദ്യങ്ങൾ എല്ലാം ചേർന്ന് പ്രത്യേകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാറുണ്ട്.

DRAFT

# മാതൃഭാഷ : നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി

## പാഠവിശകലനം

പ്രസിദ്ധ നടനും സിനിമാനിർമ്മാതാവുമായ പ്രകാശ് രാജ് മാതൃഭാഷയുടെ പ്രസക്തിയും പ്രാധാന്യവും വിശദീകരിച്ചുകൊണ്ട് എഴുതിയ ഉപന്യാസമാണ് മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി. കുട്ടിക്കാലംമുതൽ മരണംവരെ ഒരു വ്യക്തിയിൽ പ്രവഹിക്കുന്ന നദിയാണ്, ജീവിതമാണ് മാതൃഭാഷ എന്ന ഉപന്യാസത്തിലൂടെ അദ്ദേഹം സമർഥിക്കുന്നു.

മാതൃഭാഷയും സംസ്കാരവും ഒന്നാണ്. ജനിച്ചുവളരുന്ന ചുറ്റുപാടുകളും സംസ്കാരവും ഉള്ളിൽ നിറയുന്നതും നൈസർഗികമായി ബഹിർഗമിക്കുന്നതും മാതൃഭാഷയിലൂടെയാണ്. എന്നാലിന്ന് ഇംഗ്ലീഷ് തുടങ്ങിയ വൈദേശിക ഭാഷകളോടുള്ള അഭിനിവേശം ശക്തമായിരിക്കുന്ന സാഹചര്യം തന്റെ മകളുടെ വ്യവഹാരങ്ങളിലൂടെ ലേഖകൻ ആവിഷ്കരിക്കുന്നു. ഉള്ളിൽ ഉരുവം കൊള്ളുന്ന സംസ്കാരവും ഭാവനയും ചിന്തയും മാതൃഭാഷയിലൂടെ പ്രകാശിതമാകുമ്പോഴേ അതിന് പൂർണ്ണത കൈവരികയുള്ളൂ. "ഞാൻ ശ്വസിക്കുന്ന വായുവിനെപ്പോലെ ഉണ്ണുന്ന ചോറുപോലെ, എന്റെ അമ്മ പറയുന്ന കഥകൾ കേട്ടുകേട്ട് എണ്ണിത്തീർത്ത നക്ഷത്രങ്ങളെപ്പോലെ, എന്റെ ഞരമ്പുകളിലൊഴുകുന്ന രക്തത്തെപ്പോലെ കന്നടഭാഷയും എന്റെയുള്ളിൽ ഒഴുകുന്നുണ്ട്." എന്ന പ്രസ്താവനയിലൂടെ മാതൃഭാഷ ഉപന്യാസകാരനെ എങ്ങനെ സ്വാധീനിച്ചു എന്നു വ്യക്തമാകുന്നു.

ഭാഷ എന്നത് നമ്മുടെ ആവിഷ്കാരത്തിന്റെ രൂപമാണ്. അത് ചുറ്റുമുള്ളവർ മനസ്സിലാക്കുമ്പോൾ സാർഥകമാകുന്നു. പ്രധാന്യത്തോടെ ഇംഗ്ലീഷ് പഠിക്കുന്ന ഒരു മലയാളി തനത് ശൈലികളോ പ്രയോഗങ്ങളോ സൗന്ദര്യമോ ഉൾക്കൊള്ളാത്ത നിഘണ്ടു കേന്ദ്രിതമായ ഒരു നിർജീവ ഭാഷയാണ് ഉൾക്കൊള്ളുന്നത്. നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ട വാക്കുകൾ, പഴഞ്ചൊല്ലുകൾ, പ്രയോഗങ്ങൾ തുടങ്ങിയ ഭാഷയുടെ ശക്തിയും സൗന്ദര്യവും വെളിപ്പെടുന്ന പ്രയോഗങ്ങൾ മലയാളിയെപ്പോലെ മറ്റുള്ളവർക്കും ഉപയോഗിക്കാനാകില്ല. ഷേക്സ്പിയറിനെയും കീറ്റ്സിനെയും മറ്റും ഉദാഹരിച്ചുകൊണ്ട് ലേഖകൻ ഇത് വ്യക്തമാക്കുന്നു. പൂർണ്ണമായും ഉൾക്കൊള്ളാത്ത വൈദേശിക ഭാഷയുടെ പരിചയംകൊണ്ട് ഭാഷയിലും സംസ്കാരത്തിലും കടന്നുവന്ന മൂല്യച്യുതികളും യാന്ത്രികതയും ലേഖകൻ തിരിച്ചറിയുന്നുണ്ട്.

"ഞാൻ പിറന്ന ജാതിയുമായി എനിക്ക് ഒരു ബന്ധവുമില്ല. അത് എന്റെമേൽ വെറുതെ ചുമത്തപ്പെട്ടതാണ് എന്നതുകൊണ്ട് അതിനെ മാറ്റാം. പക്ഷേ, ആർക്കും അവരുടെ മാതൃഭാഷയെ മാറ്റാനാവില്ല. അങ്ങനെ ആരെങ്കിലും ചെയ്താൽ അത് പെറ്റമ്മയെ മാറ്റുന്നതുപോലെയാവും." എന്ന പ്രകാശ് രാജിന്റെ നിരീക്ഷണം ഏറെ വിശദീകരണം അർഹിക്കുന്നതാണ്. ജാതി എന്നത് ഒരു ജനസമൂഹത്തിന് ചില സമാന അടിസ്ഥാനഘടകങ്ങളുടെ പേരിൽ കൽപ്പിക്കപ്പെടുന്നതാണ്. തൊഴിൽവിഭജനം ആയിരുന്നു ജാതിവിഭജനത്തിന്റെ ആദ്യകാല മാനദണ്ഡം. പിന്നീട് പിറന്ന കുലം എന്ന തലത്തിലേക്ക് അത് മാറി. അടിസ്ഥാനപരമായി മനുഷ്യൻ എന്നത് ഒരു ജാതിയാണ്. ഒരു കുഞ്ഞ് ഏതെങ്കിലും ജാതിയിൽപ്പെട്ട അച്ഛനും അമ്മയ്ക്കും പിറന്നാൽ അവരുടെ ജാതിയിൽ കുഞ്ഞും അറിയപ്പെടുന്നു. യഥാർഥത്തിൽ ആ കുഞ്ഞിന്റെമേൽ ചാർത്തപ്പെട്ട ജാതിയുമായി ആ കുഞ്ഞിന് അടിസ്ഥാനപരമായി ബന്ധമൊന്നുമില്ല. മാത്രമല്ല ജാതി എന്ന നിലയിൽ യാതൊരു സവിശേഷതയും ഇതര ജാതിയിൽപ്പെട്ട കുഞ്ഞുങ്ങളിൽനിന്ന് ആ കുഞ്ഞിന്

DRAFT

ഇല്ല. അതിനാൽ ഒരു വ്യക്തിക്ക് എപ്പോൾ വേണമെങ്കിലും ജാതിയുടെ നിയന്ത്രണാധികാരവേലിക്ക് അകത്തുനിന്ന് പുറത്തു കടക്കാനും തന്റെ മേൽ ചാർത്തിയ ജാതിയെ ഉപേക്ഷിച്ച് ജാതിരഹിതജീവിതം നയിക്കാനും കഴിയും. അടിച്ചേൽപ്പിക്കപ്പെട്ട ജാതിയെ ഉപേക്ഷിച്ച് മനുഷ്യജാതിയായി ജീവിക്കാൻ ഏതൊരു വ്യക്തിക്കും കഴിയും. മനുഷ്യന്റെ ജാതി മനുഷ്യത്വം മാത്രമാണെന്നതാണ് അതിന്റെ അടിസ്ഥാനം.

എന്നാൽ ഒരു വ്യക്തി ജനിച്ചുവളർന്ന ജീവിതസാഹചര്യങ്ങളിലെ സാംസ്കാരിക ഭൂമികയിൽ നിന്ന് സ്വാംശീകരിച്ചതാണ് മാതൃഭാഷ. മാതാവിന്റെ ഉദരത്തിൽ രൂപം കൊള്ളുന്ന ഘട്ടം മുതൽ തന്നെ മാതൃഭാഷയുടെ ഉൾക്കൊള്ളൽ ജീവവായുപോലെ കടന്നുവരും. അത് അബോധമായ നൈരന്തര്യപ്രക്രിയയാണ്. ആ നൈസർഗിക പ്രവർത്തനത്തിന്റെ ഫലമായി കേൾക്കുകയും പറയുകയും ചിന്തിക്കുകയും ചെയ്യുന്ന ജൈവിക ഭാഷയാണ് മാതൃഭാഷ. പിൽക്കാലത്ത് ഏത് ഭാഷ സ്വീകരിച്ചാലും മാതൃഭാഷയുടെ സൂക്ഷ്മാംശങ്ങൾ ബോധമണ്ഡലത്തിലും നമ്മുടെ ഭാഷാനിയന്ത്രണ മസ്തിഷ്കമേഖലയിലും വേർപെടുത്താൻ ആവാത്തവിധം ഇഴചേർന്നിരിക്കും. അതിനാൽ ഏതൊരു വ്യക്തിയും എത്ര ആർജിത ഭാഷാശേഷി ഉണ്ടെങ്കിലും ചിന്തിക്കുന്നതും സ്വപ്നം കാണുന്നതും ഭാവനകൾ നെയ്യുന്നതും മാതൃഭാഷയുടെ അസ്തിവാരത്തിന്മേൽ ആയിരിക്കും. അതിനെ മാറ്റാൻ ബോധപൂർവ്വം ശ്രമിച്ചാലും ആർക്കും സാധ്യമല്ല.

"ഭാഷ ചിറകാകുമ്പോൾ
ഏതാകാശവും നമ്മുടേത് "

സ്ലൈഡ് പ്രദർശിപ്പിക്കുന്നു

- ? ഈ വാക്യത്തിന്റെ ആശയം എന്താണ്?
- ? സ്വാതന്ത്ര്യത്തിന്റ ചിറകുകൾ എന്ന ശീർഷകവുമായുള്ള ബന്ധമെന്ത്?
- ? ഭാഷ ചിറകാകുക എന്ന പ്രയോഗത്തിന്റെ അർഥം എന്ത്?

ചോദ്യങ്ങൾ ഉന്നയിച്ച് ചർച്ച.

**ക്രോഡീകരണം**

അറിവാണ് വ്യക്തിയെ സ്വതന്ത്രനാക്കുന്നത്. അറിവു നേടാൻ ഭാഷ വേണം. ഭാഷ ചിറകാകുക എന്ന പ്രയോഗം, ഭാഷയുടെ വിപുലമായ സാധ്യതകളെയാണ് ഓർമിപ്പിക്കുന്നത്. ഭാഷയുടെ സ്വാതന്ത്ര്യത്തെയും സ്വയംപര്യാപ്തതയെയും അത് സൂചിപ്പിക്കുന്നുണ്ട്. ഭാഷയാകുന്ന ചിറക് ഉണ്ടെങ്കിൽ നമുക്ക് ആശയങ്ങളുടെ, അറിവിന്റെ, ആകാശത്ത് പറക്കാം.

മാതൃഭാഷയെക്കുറിച്ചുള്ള പ്രകാശ് രാജിന്റെ ലേഖനം വായിക്കുന്നു.

ഏതാനും പേർ പാഠം ശ്രവ്യവായന നടത്തുന്നു.

ശ്രവ്യവായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

ചർച്ച

ക്രോഡീകരണം



DRAFT

**വിശകലന ചോദ്യങ്ങൾ**

* പച്ചക്കറി വാങ്ങാൻ എത്തിയപ്പോൾ അച്ഛനും മകളുമായുള്ള കരാർ എന്തായിരുന്നു?

* മകൾക്ക് കടയുടമയെ സാധനങ്ങൾ തൊട്ടുകാണിക്കേണ്ടി വന്നത് എന്തുകൊണ്ട്?

* മകളുടെ മാതൃഭാഷ ഏതാണ്? എന്തുകൊണ്ടാണ് അവൾ സ്വന്തം ഭാഷയ്ക്ക് പകരം ഇംഗ്ലീഷ് ഉപയോഗിക്കുന്നത്?

* മാതൃഭാഷയെ കുറിച്ചുള്ള ലേഖകന്റെ അഭിപ്രായങ്ങൾ എന്തെല്ലാം?

ചർച്ചചെയ്ത് വിശദാംശങ്ങൾ കണ്ടെത്തുന്നു.

കുറിപ്പ് തയ്യാറാക്കുന്നു.

*ഏതാനും കുട്ടികളുടെ അവതരണം.

മറ്റു കുട്ടികളും ടീച്ചറും വിലയിരുത്തുന്നു.

ക്രോഡീകരണം

- അഞ്ചുവയസ്സുകാരിയായ മകളോടൊപ്പം അവധിക്കാലത്ത് പച്ചക്കറി വാങ്ങാൻ ലേഖകൻ പോകുന്നു. പച്ചക്കറി വില്പനക്കാരോട് മകൾ തന്നെ വിലപേശി സാധനങ്ങൾ വാങ്ങണമെന്നായിരുന്നു അച്ഛനും മകളും തമ്മിലുള്ള കരാർ.
- കുട്ടി ഇംഗ്ലീഷിൽ പച്ചക്കറികളുടെ പേര് പറഞ്ഞതിനാൽ ഗ്രാമീണയും വൃദ്ധയുമായ കച്ചവടക്കാരിക്ക് കുട്ടി പറഞ്ഞതൊന്നും മനസ്സിലായില്ല.കുട്ടിക്ക് പച്ചക്കറികൾ തൊട്ടു കാണിക്കേണ്ടി വന്നു. ഇത് ലേഖകനിൽ കോപവും വേദനയും ഉണ്ടാക്കി.
- തന്റെ മകൾ അവളുടെ മാതൃഭാഷ പഠിച്ചില്ലെങ്കിൽ എന്താകുമെന്ന് അയാൾ ചിന്തിച്ചു.
- മാതൃഭാഷയായ കന്നഡയെ ജീവവായുപോലെ, ഞരമ്പിലൊഴുകുന്ന രക്തത്തെപ്പോലെ ഉള്ളിൽ നിറച്ചിരിക്കുന്ന ആളാണ് ലേഖകൻ. തന്റെ മകൾ സ്വന്തം ഭാഷയെ മറന്ന് ഇംഗ്ലീഷ് ഉപയോഗിക്കുന്നത് ലേഖകന് കോപവും ആശങ്കയും ഉണ്ടാക്കി.
- ലേഖകന് മാതൃഭാഷ അങ്ങേയറ്റം വൈകാരികമായ ബന്ധമുള്ളതായിരുന്നു. പ്രാണവായുപോലെ ഏറ്റവും അത്യാവശ്യമായത്. അതുകൊണ്ടുതന്നെ തന്റെ മകൾ ഉൾപ്പെടുന്ന പുതുതലമുറ മാതൃഭാഷയിൽ നിന്ന് അകലുന്നത് അദ്ദേഹത്തിന് അസഹനീയമായിരുന്നു.
- മാതൃഭാഷയെ മറക്കുന്ന കുഞ്ഞുങ്ങൾ സ്വന്തം നാട്, സംസ്കാരം, മാതാപിതാക്കൾ എല്ലാവരിൽനിന്നും അകന്ന് അന്യരായി മാറും എന്ന് ലേഖകൻ ഭയപ്പെട്ടു.
- മാതൃഭാഷയിൽ സംസാരിക്കുന്നത് അന്തസ്സും അഭിമാനവുമാണ്. അതിലൂടെ നമ്മുടെ സംസ്കാരം വിനിമയം ചെയ്യപ്പെടുന്നു. മാതൃഭാഷ സംസാരിക്കാൻ കിട്ടുന്ന ഒരോ അവസരവും അഭിമാനത്തോടെ ഉപയോഗിക്കുക.

DRAFT

കുറിപ്പ് മെച്ചപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

**യുക്തിപൂർവം സമർഥിക്കാം**

“അമ്മ മമ്മിയായന്നേ
മരിച്ചു മലയാളം
ഇന്നുള്ളതതിൻ
ഡാഡീജഡമാം 'മലയാലം' ”
(കുഞ്ഞുണ്ണി )

കവിതാശകലം സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഈ വരികളിലെ ആശയം എന്ത്?

ഈ വരികളിലൂടെ കവി വിമർശിക്കുന്നത് എന്തിനെയാണ്?

ചർച്ച

**ക്രോഡീകരണം**

- അമ്മയെ മമ്മി ആക്കിയതോടെ മലയാളഭാഷ മരിച്ചു എന്ന് കവി പറയുന്നു.
- ഇന്ന് അവശേഷിക്കുന്നത് ജഡം പോലെ ജീവനില്ലാത്ത ഭാഷയാണ്.
- വൈദേശികഭാഷാഭ്രമത്തെയാണ് ഇവിടെ പരിഹസിക്കുന്നത്. അമ്മ മാതൃഭാഷയുടെ പ്രതീകമാണ്. ജൈവികമായ മനുഷ്യബന്ധങ്ങൾക്ക് പകരം വൈദേശികഭാഷയിലെ ബന്ധപദങ്ങൾ സ്വീകരിക്കുമ്പോൾ സ്വന്തം സംസ്കാരത്തനിമയാണ് ഉപേക്ഷിക്കപ്പെടുന്നത്. ആധുനിക പൊങ്ങച്ചസംസ്കാരത്തോടുള്ള കവിയുടെ വിമർശനം, മാതൃഭാഷയുടെ തനിമയും സ്വത്വവും സംരക്ഷിക്കപ്പെടണം എന്ന തീവ്രമായ ആഗ്രഹം, മാതൃഭാഷയുടെ തനിമയും സ്വത്വവും നഷ്ടപ്പെടുന്നതിനുള്ള സങ്കടവും വേദനയും.

DRAFT

**വിലയിരുത്തൽ സൂചകങ്ങൾ**

- വരികളിലെ ആശയം ഉൾക്കൊണ്ട് സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നുണ്ട്.
- ഉചിതമായ ഉദാഹരണങ്ങൾ, സംഭവങ്ങൾ എന്നിവ സൂചിപ്പിച്ച് സ്വാഭിപ്രായം സമർഥിക്കുന്നുണ്ട്.
- ആത്മവിശ്വാസത്തോടെയും പരസ്പര ബഹുമാനത്തോടെയും വാദമുഖങ്ങൾ അവതരിപ്പിക്കുന്നുമുണ്ട്.
- പ്രസക്തമായ വാക്കുകൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി ആശയവ്യക്തതയോടെ സംവദിക്കുന്നുണ്ട്.

കുട്ടികളും ടീച്ചറും വിലയിരുത്തുന്നു. കുഞ്ഞുണ്ണി മാഷിന്റെ വരികളിലെ ആശയവുമായി ബന്ധമുള്ള സന്ദർഭം പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു.

പാഠഭാഗം പരിശോധിച്ച് ഉചിതമായ സന്ദർഭം കണ്ടെത്താൻ നിർദ്ദേശിക്കുന്നു.

പ്രസ്തുതഭാഗം ടീച്ചർ സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.

" ഇളയച്ഛൻ, ഇളയമ്മ, വല്യച്ഛൻ, അമ്മാവൻ - ഇങ്ങനെ കൂട്ടുകുടുംബമായി ജീവിക്കുന്ന നമ്മുടെ സംസ്കാരത്തിൽ ഇല്ലാത്ത ഭാഷയെ ഒരു ചോദ്യംപോലും ചോദിക്കാതെ നമ്മുടെ വീട്ടിൽ അനുവദിച്ചതുകൊണ്ട് നമ്മുടെ ബന്ധങ്ങളെല്ലാം 'അങ്കിളും ആന്റി'യും ആയി തീർന്നിരിക്കുന്നു. ബന്ധങ്ങളുടെ സംജ്ഞകൾ നഷ്ടപ്പെടുന്നത് ബന്ധങ്ങൾ നഷ്ടപ്പെടുന്നത് പോലെ തന്നെയല്ലേ? ഇംഗ്ലണ്ടിൽ ജനിച്ച് വെയിൽ കാണാത്ത കുട്ടികൾ 'റെയിൻ റെയിൻ ഗോ എവേ' എന്ന് പാടുമ്പോൾ അതിനർഥമുണ്ട്. പക്ഷേ മഴയില്ലാതെ തടാകങ്ങളും പുഴകളും വറ്റിപ്പോയിക്കൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിന്റെ മക്കൾ 'റെയിൻ റെയിൻ ഗോ എവേ ' എന്ന് പാടാമോ? അവർ പാടേണ്ടത് എങ്ങോട്ട് പോകുന്നു മേഘമേ നിൽക്കുക ഞങ്ങൾക്ക് നാലിറ്റ് വെള്ളം പകരുക എന്നല്ലേ? "

രണ്ട് എഴുത്തുകാരുടെയും നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നത്എന്തെല്ലാം?

വ്യക്തിഗതമായി കുറിക്കാൻ നിർദ്ദേശിക്കുന്നു.

ചർച്ച

**ക്രോഡീകരണം**

- ആംഗലേയ സംസ്കാരത്തിന്റെ ആഴത്തിലുള്ള വ്യാപനം.
- കൂട്ടുകുടുംബമായി ജീവിച്ചിരുന്ന നമ്മുടെ സംസ്കാരത്തിൽ അതുവരെ ഇല്ലാതിരുന്ന ഒരു പുതിയ ഭാഷ കടന്നുവന്നതോടെ ആരെയും 'അങ്കിൾ' എന്നും 'ആന്റി' എന്നും വിളിക്കുന്ന തരത്തിലേക്ക് ബന്ധങ്ങൾ മാറിയിരിക്കുന്നു.
- ഭാഷയും സംസ്കാരവും പ്രാദേശിക സാഹചര്യത്തെ ആശ്രയിച്ചാണ് രൂപപ്പെടുന്നത്.
- വൈദേശിക ഭാഷയെയും സംസ്കാരത്തെയും അനുകരിക്കുന്നതിലൂടെ സ്വന്തം സാംസ്കാരികത്തനിമയാണ് നഷ്ടപ്പെടുത്തുന്നത്.
- തനിമയാർന്ന ബന്ധസംജ്ഞകൾ നഷ്ടപ്പെടുന്നത് ബന്ധം നഷ്ടപ്പെടുന്നതിന് തുല്യമായ വേദനയും സങ്കടവും ഉത്കണ്ഠയും ആണ് പകരുന്നത്.
- അന്ധമായ അനുകരണം സ്വത്വം തന്നെ ഇല്ലാതാക്കുന്നു.
- റെയിൻ റെയിൻ ഗോ എവേ എന്ന പാട്ടിന് നമ്മുടെ ജീവിത പരിസരങ്ങളുമായി ബന്ധമില്ല. എങ്കിലും അർഥമറിയാതെ നമ്മൾ അത് പാടുന്നു.

"മഴയില്ലാതെ തടാകങ്ങളും പുഴകളും പറ്റിപ്പോയിക്കൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിന്റെ മക്കൾ 'റെയിൻ റെയിൻ ഗോ എവേ 'എന്ന് പാടാമോ? അവർ പാടേണ്ടത്, "എങ്ങോട്ട് പോകുന്നു മേഘമേ നിൽക്കുക ഞങ്ങൾക്കു നാലിറ്റ് വെള്ളം പകരുക." എന്നല്ലേ?"
ഈ ചോദ്യങ്ങൾ നിങ്ങളിൽ ഉണർത്തുന്ന ചിന്തകൾ എന്തെല്ലാം? യുക്തിപൂർവ്വം സമർഥിച്ച് കുറിപ്പ് തയ്യാറാക്കുക.

കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു.

DRAFT

കൈമാറി വിലയിരുത്തുന്നു.

മികച്ചവ അവതരിപ്പിക്കുന്നു.

## പ്രതികരണക്കുറിപ്പ് തയ്യാറാക്കാം

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

- "എന്റെ മാതൃഭാഷ കന്നഡയാണ്.അത് പഠിക്കുകതന്നെ വേണമോ എന്ന ചോദ്യം എന്റെ ജീവിതത്തിൽ വന്നതേയില്ല. മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി സരളമായി ഞാനത് പഠിച്ചു."
- "എന്റെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ട് തന്നെയാണ് മറ്റു ഭാഷകൾ വളരെ എളുപ്പം പഠിക്കാൻ എനിക്ക് കഴിഞ്ഞത്. "

**വിശകലന ചോദ്യങ്ങൾ**

? ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

? നിങ്ങൾ മാതൃഭാഷ പഠിച്ചു തുടങ്ങിയത് എങ്ങനെയാണ്?

? 'മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി' എന്ന പ്രയോഗത്തിന്റെ പൊരുൾ എന്ത്?

? മാതൃഭാഷയുടെ ആഴത്തിലുള്ള അറിവ് മറ്റു ഭാഷകൾ എളുപ്പം പഠിക്കുന്നതിന് സഹായകമാണോ?

തുടങ്ങിയ ചോദ്യങ്ങളിലൂടെ വിദ്യാർഥികളെ ചർച്ചയിലേക്ക് നയിക്കുന്നു.

ചർച്ച വിലയിരുത്തുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- വിഷയം ഉൾക്കൊണ്ട് പ്രസക്തമായ ഉദാഹരണങ്ങൾ സഹിതം ആശയങ്ങൾ വ്യക്തമായി അവതരിപ്പിക്കുന്നു.
- ചർച്ചയിൽ സജീവമായ പങ്കാളിത്തം വഹിക്കുന്നു.
- ആഴത്തിലുള്ള നിരീക്ഷണവും വിശകലനശേഷിയും പ്രകടിപ്പിക്കുന്നു.
- ഉചിതമായ പദങ്ങൾ, ഭാഷാശൈലി എന്നിവ പ്രയോഗിക്കുന്നു.
- മാതൃഭാഷയുടെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു.

കുട്ടികളുടെ അഭിപ്രായങ്ങൾ ബോർഡിൽ കുറിക്കുന്നു.

DRAFT

- ഓരോ വ്യക്തിയും ജനിച്ചു വീഴുമ്പോൾ മുതൽ കേൾക്കുന്നത് അവന്റെ മാതൃഭാഷയാണ്. തനിക്ക് ചുറ്റുമുള്ളതിനെ, അമ്മയെ, അച്ഛനെ, പ്രകൃതിയെ ഒക്കെ കുട്ടി മനസ്സിലാക്കുന്നത് മാതൃഭാഷയിലൂടെയാണ്.
- മാതൃഭാഷയാണ് വ്യക്തിയുടെ വൈകാരികവും ബൗദ്ധികവുമായ വളർച്ചയുടെ അടിത്തറ.
- വികാരവിചാരങ്ങളും ആശയധാരകളും സ്വന്തം ഭാഷയിലൂടെ വിനിമയം ചെയ്യുമ്പോഴാണ് അത് വൈകാരികം ആകുന്നത്.
- ലേഖകന് സ്വന്തം ഭാഷ ആരും നിർബന്ധിച്ചു പഠിപ്പിക്കേണ്ടി വന്നില്ല. കുട്ടി അവന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ സ്വാഭാവികമായി കടന്നുപോകുന്നതുപോലെ, ഭാഷയും സ്വാഭാവികമായി,സരളമായി അദ്ദേഹത്തിന്റെ ഉള്ളിൽ നിറയുകയായിരുന്നു.
- വ്യക്തി എവിടെയാണോ വളരുന്നത് അവിടെ നിന്നുമാണ് അവന്റെ ഭാഷ രൂപപ്പെടുന്നത്.
- മാതൃഭാഷ നന്നായി സ്വായത്തമാക്കിയ ആൾക്ക് മാത്രമേ മറ്റു ഭാഷകളിലും പ്രാവീണ്യം നേടാൻ കഴിയു.
-

"എന്റെ മാതൃഭാഷ കന്നഡയാണ്. അത് പഠിക്കുക തന്നെ വേണമോ എന്ന ചോദ്യം എന്റെ ജീവിതത്തിൽ വന്നതേയില്ല. മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി, സരളമായി ഞാനത് പഠിച്ചു."

" എന്റെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ട് തന്നെയാണ് മറ്റു ഭാഷകൾ വളരെ എളുപ്പം പഠിക്കാൻ എനിക്ക് കഴിഞ്ഞത്. "

ലേഖകന്റെ ഈ അഭിപ്രായങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പ്രതികരിക്കുക.

വ്യക്തിഗതമായി പ്രതികരണക്കുറിപ്പ് തയ്യാറാക്കുന്നു.

പരസ്പരം വിലയിരുത്തുന്നു.

മെച്ചപ്പെടുത്തുന്നു

## താരതമ്യക്കുറിപ്പ് തയ്യാറാക്കാം

"നമുക്ക് ഇപ്പോൾ ചെയ്യാവുന്നതെന്തെന്നാൽ, നമ്മൾ ഭരിക്കുന്ന കോടിക്കണക്കിന് ജനങ്ങളുമായി ഇടപെടാൻ കഴിയുന്ന ഒരു വർഗ്ഗത്തെ രൂപപ്പെടുത്തുകയാണ്; രക്തത്തിലും വർണ്ണത്തിലും ഇന്ത്യൻ, പക്ഷേ രുചിയിൽ, അഭിപ്രായങ്ങളിൽ, നൈതികതയിലും ബുദ്ധിയിലും ഇംഗ്ലീഷുകാരായ ഒരു വർഗ്ഗം." (മെക്കാളെയുടെ മിനിട്സിൽ നിന്നും)

മെക്കാളെയുടെ മിനിട്സ് സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

തുടർന്ന്  ചോദ്യങ്ങൾ ചോദിക്കുന്നു.

DRAFT

? ഈ വാക്യങ്ങളിലെ ആശയം എന്ത്?

? ഇന്ത്യക്കാരെ എക്കാലവും അടിമകളാക്കി ഭരിക്കാൻ മെക്കാളെ ആവിഷ്കരിച്ച തന്ത്രം എന്തായിരുന്നു?

കുട്ടികൾ പ്രതികരിക്കുന്നു.

ചർച്ച

ചർച്ചയിൽ രൂപം കൊണ്ട ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

- മെക്കാളെസ് മിനിറ്റ് ഇന്ത്യയിലെ വിദ്യാഭ്യാസരീതിയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു.
- വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് ഭാഷക്ക് മാത്രം പ്രാധാന്യം നൽകി,
- പാശ്ചാത്യവിജ്ഞാനത്തിന് പ്രഥമപരിഗണന.
- പ്രദേശികഭാഷകൾ അവഗണിക്കപ്പെട്ടു.
- തങ്ങളുടെ ഭരണം സുസ്ഥിരവും സുഗമവും ആക്കുന്നതിന് തങ്ങളോട് കൂറുള്ള ഉള്ള ഒരു ജനതയെ സൃഷ്ടിക്കുക കൂടിയായിരുന്നു മെക്കാളയുടെ ലക്ഷ്യം.
- നാടിന്റെ സംസ്കാരത്തെയും ഭാഷയെയും ഇല്ലായ്മ ചെയ്യാൻ തദ്ദേശീയരെ തന്നെ തന്ത്രപൂർവ്വം ഉപയോഗിച്ചു.
- 

തുടർന്ന് ഇതേ ആശയം പ്രകാശ് രാജിന്റെ തന്റെ ലേഖനത്തിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

ലേഖനഭാഗം കണ്ടെത്തുന്നു.

"ബ്രിട്ടീഷുകാർ നമ്മുടെ നാടിന്മേൽ ആധിപത്യം സ്ഥാപിക്കാൻ ഉപയോഗിച്ചിരുന്ന ആയുധം അവരുടെ ഭാഷയായിരുന്നു. മനുഷ്യൻ ഏതു ഭാഷയാണ് സംസാരിക്കുന്നത് ആ നാടിന്റെ ആളായി മാറും എന്ന സത്യം അവർക്ക് നന്നായി അറിയാമായിരുന്നു.

മെക്കാളെയുടെ മിനിട്സിലെ പരാമർശങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാൻ നിർദേശിക്കുന്നു.

ഭാഷയിലൂടെയുള്ള അധിനിവേശം സാമ്രാജ്യത്വത്തിന്റെ ഒരു പ്രധാനതന്ത്രം ആയിരുന്നോ?

കുട്ടികൾ പ്രതികരിക്കുന്നു.

മെക്കാളെയുടെ മിനിറ്റ്സിന്റെ ലക്ഷ്യവും പ്രകാശ് രാജിന്റെ വരികളിലെ ആശയവും ഒന്നുതന്നെയാണെന്ന് കുട്ടി കണ്ടെത്തുന്നു

DRAFT

തുടർന്ന് ഗൂഗി വാ തിങാംഗോയുടെ മനസ്സുകളുടെ അപകോളനീകരണം എന്ന പുസ്തകത്തിലെ പ്രസക്തഭാഗങ്ങൾ - സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

| |
|---|
| "അധിനിവേശസംവിധാനം എന്താണ് ഞങ്ങളെപ്പോലുള്ള കെനിയൻ കുട്ടികളിൽ ചെയ്തത്? ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും അവയുടെ സാഹിത്യത്തെയും ക്രമാനുഗതമായി അടിച്ചമർത്തുകയും മറുവശത്ത് ആംഗലത്തെയും അതിന്റെ സാഹിത്യത്തെയും ആകാശത്തോളം ഉയർത്തുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വലുതായിരുന്നു." |

പ്രകാശ് രാജിന്റെയും ഗൂഗി വാ തീങാംഗോയുടെയും നിരീക്ഷണങ്ങളിൽ വ്യക്തമാകുന്നത് എന്തെല്ലാം? രണ്ടുപേരുടെ നിരീക്ഷണങ്ങളിലും സമാനതകൾ ഉണ്ടോ?

ചർച്ച

മുകളിൽ കൊടുത്ത നിരീക്ഷണങ്ങൾ താരതമ്യം ചെയ്യാൻ നിർദ്ദേശിക്കുന്നു.

വ്യക്തിഗതമായി കുറിക്കുന്നു.

ഗ്രൂപ്പിൽ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

പൊതുഅവതരണം

ചർച്ച

**ക്രോഡീകരണം**

- മാതൃഭാഷയ്ക്ക് മേലുള്ള അധിനിവേശത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ചാണ് രണ്ട് എഴുത്തുകാരും പറയുന്നത്.
- ഇന്ത്യയും ആഫ്രിക്കൻ രാജ്യമായ കെനിയയും ബ്രിട്ടീഷുകാരുടെ കോളനികൾ ആയിരുന്നു.
- കൊളോണിയൽ അധികാരം നിലനിന്ന രാജ്യങ്ങളിലെ മാതൃഭാഷകളുടെ അസ്തിത്വം നഷ്ടപ്പെട്ടു.
- അധിനിവേശം ജനതയ്ക്കുമേൽ മാത്രമായിരുന്നില്ല. അവരുടെ ഭാഷയ്ക്കുമേൽ കൂടിയായിരുന്നു. ഭാഷയിലൂടെയുള്ള അധിനിവേശം സാംസ്കാരികത്തകർച്ചയ്ക്ക് കാരണമാകുന്നു.
- കൊളോണിയലിസം അവസാനിച്ചിട്ടും ഭാഷാപരമായ അടിമത്തം മാറ്റമില്ലാതെ തുടരുന്നു.
- ഭാഷാപരമായ അടിമത്തം ജനങ്ങളിൽ അപകർഷബോധം ഉണ്ടാക്കി.
- ബ്രിട്ടീഷുകാർ ഇംഗ്ലീഷ് ഭാഷയെ മികച്ചതായി കാണിക്കുകയും മാതൃഭാഷയെയും സാഹിത്യത്തെയും അടിച്ചമർത്തുകയും ചെയ്തു.
- മനുഷ്യർ സംസാരിക്കുന്ന ഭാഷ ഏതാണോ, ആ നാടിന്റെ ആളായി മാറും എന്ന സത്യം ബ്രിട്ടീഷുകാർക്ക് അറിയാമായിരുന്നു. ആ സത്യം മനസ്സിലാക്കിയാണ് തങ്ങളോട് കൂറുള്ള ഒരു ജനതയെ വാർത്തെടുക്കാൻ ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയത്.

DRAFT

- ഇംഗ്ലീഷ് ഭാഷയുടെ കടന്നുകയറ്റം തങ്ങളുടെ ജീവിതത്തിന്റെ സകല മണ്ഡലങ്ങളെയും ബാധിച്ചു എന്നാണ് രണ്ടെഴുത്തുകാരും പറയുന്നത്.
-

**വിലയിരുത്തൽ**

- കുട്ടികൾ പരസ്പരം വിലയിരുത്തുന്നു
- അധ്യാപിക വിലയിരുത്തുന്നു.
- മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ആശയം കണ്ടെത്തിയിട്ടുണ്ട്.
- രണ്ട് എഴുത്തുകാരുടെയും നിരീക്ഷണങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട്.
- സ്വന്തം നിഗമനങ്ങൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്.
- വാക്യഘടനയും പദശുദ്ധിയും പാലിച്ച് ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്.

**പ്രഭാഷണം തയ്യാറാക്കാം**

" മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്യനു പെറ്റമ്മ തൻഭാഷ താൻ."

(വള്ളത്തോൾ)

"നിങ്ങൾ ഒരാളോട് അയാൾക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ തലച്ചോറിൽ കടക്കുന്നു. അയാളുടെ സ്വന്തം ഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ ഹൃദയത്തിലേക്ക് കടക്കുന്നു."

(നെൽസൺ മണ്ടേല)

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

? രണ്ട് നിരീക്ഷണങ്ങളുടെയും പൊരുൾ ഒന്നാണോ?

ചോദ്യം ഉന്നയിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

പ്രധാനാശയങ്ങൾ ബോർഡിൽ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**

DRAFT

- വള്ളത്തോളിന്റെയും നെൽസൺ മണ്ടേലയുടെയും നിരീക്ഷണങ്ങളിലെ പൊതു ആശയം ഒന്നാണ്.
- അന്യഭാഷകൾ "ധാത്രിമാർ" (വളർത്തമ്മ) മാത്രമാണ്. — അവ നമുക്ക് പരിചിതവും സഹായകരവുമാകാം, പക്ഷേ അമ്മയായ ഭാഷ നമ്മുടെ സ്വന്തം മാതൃഭാഷയാണ്.
- അന്യഭാഷ ഉപയോഗിക്കുമ്പോൾ കേവലം ആശയഗ്രഹണം മാത്രമാണ് നടക്കുന്നത്. അതിനോട് വൈകാരികമായ അടുപ്പം ഉണ്ടാകുന്നില്ല.

മാതൃഭാഷയുമായുള്ള ജൈവികബന്ധത്തെക്കുറിച്ച് ലേഖകന്റെ നിരീക്ഷണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്താൻ നിർദ്ദേശിക്കുന്നു.

ലേഖകൻ സോഫ്റ്റുവെയർ കമ്പനിയുടെ പരിപാടിക്ക് അതിഥിയായി പോയ സംഭവം വിവരിച്ച ഭാഗം കുട്ടികൾ കണ്ടെത്തുന്നു.

പ്രസ്തുത ഭാഗം വിശകലനം ചെയ്യുന്നു.

സോഫ്റ്റ്വെയർ കമ്പനിയിലെ ചെറുപ്പക്കാരോട് സംസാരിച്ചപ്പോൾ ലേഖകന് ചിരിയും കോപവും ഉണ്ടാകാൻ കാരണമെന്തായിരുന്നു?

ചർച്ച

കണ്ടെത്തിയ ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

- ചെറുപ്പക്കാർ എല്ലാവരും ഇംഗ്ലീഷ് മാത്രം സംസാരിക്കുന്നവരായിരുന്നു.
- എന്തുകൊണ്ട് മാതൃഭാഷയായ കന്നഡ സംസാരിക്കുന്നില്ല എന്ന ലേഖകന്റെ ചോദ്യത്തിന് ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചതുകൊണ്ട് കന്നഡ ശരിക്ക് അറിയില്ല എന്നായിരുന്നു മറുപടി.
- ഇത് ഇനി വരാൻ പോകുന്ന തലമുറയുടെ കൂടി മറുപടിയായി ലേഖകന് തോന്നുന്നു.
- നഗരങ്ങളിലെ ചില വിദ്യാലയങ്ങളിലും വീടുകളിലും മാതൃഭാഷയെ കയ്യും കാലും കെട്ടിയിട്ടിരിക്കുകയാണ്.
- ഭാവിയെക്കുറിച്ചുള്ള തത്രപ്പാടിൽ നമ്മുടെ ഭാഷ മനസ്സിൽ നിന്നും മാഞ്ഞുപോവുകയാണ്.
- മാതൃഭാഷ പഠിക്കാത്ത മക്കൾ നമ്മളോടൊപ്പം ഉള്ളപ്പോഴും അന്യരല്ലേ? എന്ന് ലേഖകൻ ആശങ്കപ്പെടുന്നു.

( പ്രധാനാശയങ്ങൾ ഭാഷാപഠനരേഖയിലേക്ക് )

'കൈയും കാലും കെട്ടി മൂലയിൽ ഇരുത്തിയിരിക്കുന്നു'

ഭാവിയെക്കുറിച്ചുള്ള തത്രപ്പാട് 'എന്നീ പ്രയോഗങ്ങളിലെ സൂചനളെന്ത് ?

ചോദ്യമുന്നയിച്ച് ചർച്ച ചെയ്യുന്നു.

<u>ക്രോഡീകരണം</u>

DRAFT

- മാതൃഭാഷയെ അവഗണിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതിലുള്ള ആശങ്കയും വേദനയും.
- നഗരകേന്ദ്രീകൃത വിദ്യാലയങ്ങളിലും വീടുകളിലും ഇപ്പോൾ മാതൃഭാഷയെ ഒഴിവാക്കുന്നത്.
- മാതൃഭാഷ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള അവസരങ്ങൾ ഇല്ലാതാകുന്നു.
- ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠമൂലം പലരും മക്കളെ ഇംഗ്ലീഷോ അന്യഭാഷകളോ മാധ്യമമാക്കിയുള്ള പഠനത്തിലേക്ക് നയിക്കുന്നു.
- നമ്മുടെ മാതൃഭാഷയ്ക്ക് നാം തന്നെ വിലങ്ങുകൾ തീർക്കുന്നു.
- ഭാഷാപരമായ സ്വത്വത്തിന്റെയും സാംസ്കാരികത്തനിമയുടെയും നഷ്ടം സംഭവിക്കുന്നു.
- മാതൃഭാഷ സംസാരിക്കാൻ സ്വാതന്ത്ര്യമില്ലാത്ത അവസ്ഥ.
-

ചർച്ചകളുടെ വെളിച്ചത്തിൽ 'മാതൃഭാഷ നമ്മുടെ വേര് ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

(വ്യക്തിഗതം )

ശീർഷകത്തിന്റെ പൊരുൾ ചർച്ച ചെയ്യുന്നു

**ക്രോഡീകരണം**

- മാതൃഭാഷ നമ്മുടെ വേര് - വേര് ഒരു വൃക്ഷത്തിന്റെ ആധാരമാണ്; വൃക്ഷത്തിന്റെ ശക്തിയും നിലനില്പും അതിനെ ആശ്രയിച്ചിരിക്കുന്നു.
- ഭാഷ സംസ്കാരത്തിന്റെ വേരാണ്. വേരിന്റെ വ്യാപനവും ഉറപ്പും ഉചിതമായ തരത്തിലല്ല എങ്കിൽ അതിൽ തളിരുകളോ പൂക്കളോ ഫലങ്ങളോ ഉണ്ടാകില്ല.
- മാതൃഭാഷയാണ് ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനം. ഭാഷ നഷ്ടമാകുമ്പോൾ വേരുകൾ നഷ്ടപ്പെടുന്നു.
- വേരുകൾ നഷ്ടപ്പെട്ടാൽ പിന്നെ നിലനില്പില്ല.
-
-

പരസ്പരം വിലയിരുത്തുന്നു

മികച്ചത് കണ്ടെത്തുന്നു

**വിലയിരുത്തൽ സൂചകങ്ങൾ**

- വിഷയം ഉൾക്കൊണ്ട് പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- പാഠഭാഗത്തുനിന്നും ചർച്ചയിൽ നിന്നും ഉചിതമായ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവ്വം സമർഥിച്ചിട്ടുണ്ട്.
- പ്രഭാഷണത്തിന്റെ ഘടനയും ശൈലിയും പാലിക്കപ്പെട്ടിട്ടുണ്ട്.
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

DRAFT

## ഭാഷയും സംസ്കാരവും

ഒരു ജനസമൂഹം അവരുടെ ജീവിതസാഹചര്യങ്ങളിൽനിന്ന് ആർജിച്ച എടുത്ത എല്ലാ ജീവിതാനുഭവങ്ങളുടെയും ആകെത്തുകയാണ് സംസ്കാരം. സംസ്കാരത്തെക്കുറിച്ച് വ്യത്യസ്തവും വിപുലവുമായ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും പല പണ്ഡിതരും നടത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ റെയ്മണ്ട് വില്യംസിന്റെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ് 'സമഗ്ര ജീവിത ശൈലിയാണ് സംസ്കാരം - എന്ന് അദ്ദേഹം അർഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കി. ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ ജീവിതത്തിന്റെ ഭാഗമായി വരുന്ന എല്ലാ ഘടകങ്ങളും സംസ്കാരത്തിന്റെ പരിധിയിൽ ഉൾപ്പെടും. ആധുനിക കാലഘട്ടത്തിൽ സംസ്കാരത്തിന് നൽകാവുന്ന ഏറ്റവും ഉചിതമായ നിർവചനമാണിത്. ഓരോ വ്യക്തിക്കും ജനസമൂഹത്തിനും അവരുടെ ജീവിതഘട്ടങ്ങളിൽ വൈവിധ്യപൂർണ്ണവും വൈരുദ്ധ്യാത്മകവും ബഹുസ്വരാത്മകവുമായ നിരവധി ജീവസന്ധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായി വരും. അതിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, തുടങ്ങിയ പ്രാഥമിക / അവശ്യഘടകങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും കലകളും സാഹിത്യപ്രവർത്തനങ്ങളും രാഷ്ട്രീയപ്രവർത്തനവും എന്നുവേണ്ട ദൈനംദിന ജീവിതത്തിൽ നടത്തുന്ന എല്ലാ പ്രക്രിയകളെയും ചേർത്ത് സംസ്കാരം എന്ന് സാമാന്യമായി പറയാം.

സംസ്കാരത്തിന് ഉച്ചനീചത്വങ്ങൾ ഇല്ല. എല്ലാം ഒരേ തരത്തിൽ പരിഗണിക്കണം എന്നുള്ളതാണ് വർത്തമാനകാല സാംസ്കാരികപഠനത്തിന്റെ അടിസ്ഥാനം. നീചസംസ്കാരം / ഉച്ചസംസ്കാരം - എന്നിങ്ങനെയുള്ള വിഭജനം പരമ്പരാഗത കാഴ്ചപ്പാടിന്റെ ഭാഗമായിരുന്നു. അവിടെയാണ് സംസ്കാരസമ്പന്നരും സംസ്കാരശൂന്യരും എന്ന വിവേചനം ഉണ്ടായിരുന്നത്. പുരോഗമനാത്മകമായ പുതുകാല കാഴ്ചപ്പാടിൽ മനുഷ്യത്വവിരുദ്ധമായ പഴയ കാഴ്ചപ്പാടിനെ നിരാകരിക്കുകയും ഓരോ ജനസമൂഹത്തിനും അവരുടേതായ സാംസ്കാരിക ഘടകങ്ങൾ പ്രവർത്തിക്കുന്നുവെന്നും ഓരോ സാംസ്കാരികസമൂഹവും മറ്റൊന്നിൽനിന്ന് വ്യത്യസ്തമായിരിക്കും എന്ന പൊതുബോധം രൂപപ്പെടുത്തി. അതല്ലാതെ ഒന്ന് മറ്റൊന്നിനേക്കാൾ ഉയർന്നതോ താഴ്ന്നതോ അല്ല എന്ന പൊതുധാരണ അതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടു. സംസ്കാരത്തിന് നിരവധി അടരുകളും ഘടകങ്ങളും ഉണ്ട്. അവയെക്കുറിച്ചുള്ള പഠനം ഒരു ജനസമൂഹത്തിന്റെയാകെ ജീവിതത്തെക്കുറിച്ചുള്ള പഠനമായി മാറുന്നു.

മനുഷ്യരുടെ ആശയവിനിമയ ഉപാധികളിൽ മുഖ്യമായതും സാംസ്കാരികഘടകങ്ങളിൽ ഏറെ പ്രധാനപ്പെട്ടതും സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നതുമായ മാധ്യമമാണ് ഭാഷ. ഭാഷയും സംസ്കാരവും അതിന്റെ പ്രവർത്തനതലത്തിൽ ഒന്നായിരിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ സംസ്കാരം തന്നെയാണ് ഭാഷ സംസ്കാരത്തിന്റെ പ്രതിഫലനരൂപമാണ് ഭാഷ. വാചികമോ ലിഖിതമോ ആയ ഭാഷ മാത്രമല്ല ശാരിരികഭാഷയും (ആംഗ്യ ഭാഷ) അതിന്റെ ഗണത്തിൽ ഉൾപ്പെടും. ഒരു ജനത അവരുടെ ജീവിതാരംഭം മുതൽ ആർജിച്ചെടുത്ത എല്ലാ അനുഭവങ്ങളും പ്രകടിപ്പിക്കുന്നത് ഭാഷയിലൂടെയാണ്. സംസ്കാര വിനിമയപ്രക്രിയയിൽ ഭാഷ എന്ന ഘടകം വഹിക്കുന്ന പങ്കിനെ ഒരു ജനസമൂഹത്തിനും ഒഴിവാക്കാനോ അംഗീകരിക്കാതിരിക്കാനോ സാധ്യമല്ല. പരസ്പരം ഇഴചേർന്ന് ഒന്നായിരിക്കുന്ന ഒരു സമ്മിശ്ര ഘടകമാണ് ഭാഷയും സംസ്കാരവും. ഭാഷയിൽ ലീനമായിരിക്കുന്ന സംസ്കാരത്തെയോ സംസ്കാരത്തിൽ ലിനമായിരിക്കുന്ന ഭാഷയേയോ രണ്ടായി പരിഗണിക്കാനാവില്ല. ഒന്നില്ലെങ്കിൽ മറ്റേതില്ല എന്ന അവസ്ഥ. സാമൂഹികമായ ഈ കാഴ്ചപ്പാടിൽ

DRAFT

നിന്നുകൊണ്ടാണ് ഒരു ജനസമൂഹത്തിലെ ഭാഷ എങ്ങനെയാണ് ആ ജനസമൂഹത്തിന്റെ ജീവവായുവായി പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കേണ്ടത്.

ഏതൊരു ദേശത്തിനും അതിന്റേതായ ഭൂമിശാസ്ത്രപരമായ ഘടനകളും ജൈവികമായ അവസ്ഥകളും കാലാവസ്ഥാഭേദങ്ങളും പരിത്രപരമായ സവിശേഷതകളും ഉണ്ടായിരിക്കും. മേൽപ്പറഞ്ഞ ഘടകങ്ങൾ എല്ലാംകൂടി രൂപപ്പെടുത്തിയെടുത്ത ജീവിതസാഹചര്യങ്ങളും അവസ്ഥകളും ആയിരിക്കും ആ പ്രദേശത്തെ മനുഷ്യജീവിതത്തെ നിർണ്ണയിക്കുന്നത്. അത്തരം മനുഷ്യരുടെ തദ്ദേശീയഭാഷയുടെ നിർമ്മിതിയിലും അവരുടെ ജീവിതത്തെ രൂപപ്പെടുത്തിയ എല്ലാ ഘടകങ്ങളും ഉൾച്ചേർന്നിരിക്കും. അതിനാൽ ഒരു പ്രദേശത്തെ ജനങ്ങളുടെ മാതൃഭാഷ.

എന്നത് അവിടത്തെ സംസ്കാരത്തിന്റെ ചിഹ്നം ആയിരിക്കും .അവർ നിർമ്മിച്ച അടുത്ത ഭാഷാ പദങ്ങളിൽ ശാസ്ത്ര ഘടകങ്ങളും ജൈവിക ബന്ധങ്ങളും ചരിത്ര സന്ദർഭങ്ങളും മൂല്യങ്ങളും വിശ്വാസങ്ങളും പരസ്പര ബന്ധത്തിന്റെ ഹൃദയത്തുടിപ്പുകളുംമനുഷ്യ ശരീരത്തിലെ രക്തം പോലെ ഒഴുകുന്നുണ്ടായിരിക്കും.അവിടങ്ങളിൽ ജനിച്ചുവളർന്ന മനുഷ്യരുടെ മാതൃഭാഷ എന്നത് അവർ നിർമ്മിച്ചെടുത്ത അവരുടെ സംസ്കാരത്തിന്റെ പ്രതിഫലനമായ പ്രസ്തുത ഭാഷയായിരിക്കും. ആ ഭാഷ എന്നത് അവർ തന്നെയായി മാറുന്ന / അടർത്തി മാറ്റാൻ പറ്റാത്ത സവിശേഷബന്ധം അതിൽ ഉണ്ടായിരിക്കും.

ഒരു ഭാഷ മറ്റൊരു ഭാഷയ്ക്ക് മേൽ വർണ്ണതലത്തിലോ പദ തലത്തിലോ അധിനിവേശം നടത്തുമ്പോൾ അധിനിവേശം നടത്തുന്ന ഭാഷയുടെ സാംസ്കാരിക ഘടകങ്ങൾ കൂടി അധിനിവേശത്തിന് വിധേയമാകുന്നഭാഷയ്ക്ക് മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു. അത് അധിനിവേശം നടത്തപ്പെടുന്ന ഭാഷയ്ക്ക് മേൽ ഉണ്ടാക്കുന്ന ഭാരവുംസാംസ്കാരിക വിച്ഛേദവുംഅപരിചിതത്വവും അതിഭയാനകമായിരിക്കും. മലയാള ഭാഷയിലെ സംസ്കൃതം ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ നടത്തിയ ആധിപത്യ പ്രവണതകൾ ഇതിന് തെളിവാണ്. സാംസ്കാരികലോപവും ശക്തിസൗന്ദര്യാംശങ്ങളുടെ ശോഷണവും സംഭവിച്ച ഭാഷയായി മലയാളം മാറുകയും അധിനിവേശ പദങ്ങൾ അപരിചിത സ്വഭാവത്തോടെ ഭാഷയിൽ നിറഞ്ഞു നിൽക്കുകയും ചെയ്യുന്നു. മണ്ണ് നഷ്ടപ്പെട്ട മനുഷ്യന്റെ അവസ്ഥ ഭാഷയ്ക്കും ഉണ്ടാവുന്നു. ഇതിന്റെ മറ്റൊരു തലമാണ്, മാതൃഭാഷാബന്ധം കുറഞ്ഞ, അന്യഭാഷാഭാരവും പേറി നടക്കുന്ന മനുഷ്യർക്ക് സംഭവിക്കുന്നത്.സ്വന്തം ഭാഷയുടെ സംസ്കാരത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് സ്വാംശീകരിക്കാൻ പറ്റാത്ത അന്യഭാഷയെ സ്വീകരിക്കാൻ നിർബന്ധിതരാകുന്ന മനുഷ്യരുടെ ദയനീയത വർത്തമാനകാല കേരളീയസമൂഹത്തിൽ വളരെ പ്രകടമാണ്.

തൊഴിൽ എന്നുള്ള ജീവിതപ്രശ്നം മുൻനിർത്തി ഇംഗ്ലീഷ് പോലുള്ള വിദേശഭാഷകൾ പഠിക്കുകയും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങളെ ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുന്ന ഉപഭോഗാസക്തി വർദ്ധിച്ച കാലഘട്ടമാണ് കേരളത്തിലേത്. ഇവിടെ മനുഷ്യർ തങ്ങളുടെ സാംസ്കാരിക സ്വത്വം ഉൾക്കൊള്ളുന്ന മാതൃഭാഷയെ മനസ്സിലാക്കാതെ ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള പഠനവും മലയാളത്തനിമയുള്ള പദങ്ങളെ ഉപേക്ഷിച്ച്, ഇംഗ്ലീഷ് പദങ്ങളെ ചേർത്തുകൊണ്ടുള്ള ഭാഷാനിർമ്മിതിയും പ്രയോഗവും നിർബാധം നടത്തുകയും ചെയ്യുന്നു. ഏതു ഭാഷ പഠിക്കുന്നതും വളരെ നല്ലതാണ്. അവയെ ഉൾക്കൊള്ളുമ്പോൾ മറ്റൊരു സംസ്കാരത്തെ ഉൾക്കൊള്ളുകയാണ് ചെയ്യുന്നതെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. പക്ഷേ, പ്രകാശ് രാജ് ചൂണ്ടിക്കാണിച്ചതുപോലെ ഉള്ളിൽ ഒഴുകുന്ന ജീവനദിയായിട്ടുള്ള

DRAFT

മാതൃഭാഷയെ നിരാകരിച്ചുകൊണ്ടുള്ള ഏതൊരു ഭാഷാപഠനവും വ്യർഥവും സ്വന്തം സംസ്കാരത്തെ നിഷേധിക്കലുമാകുന്നു. മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങളുടെ പിൻബലത്തിൽ നിന്നുകൊണ്ട് ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ലോകത്തിലെ ഏത് ഭാഷയും നിഷ്പ്രയാസം പഠിക്കാൻ ഏതൊരു വ്യക്തിക്കും കഴിയും. അതാണ് ശക്തി, അതാണ് സൗന്ദര്യം, അതാണ് വിജ്ഞാനാർജ്ജനത്തിന്റെ അടിസ്ഥാനം. ചവിട്ടി നിൽക്കുന്ന നിലത്തിന് ഉറപ്പുണ്ടെങ്കിൽ മാത്രമേ മുന്നോട്ടോ മുകളിലേക്കോ കുതിക്കാൻ സാധിക്കുകയുള്ളൂ. അതേ അവസ്ഥ തന്നെയാണ് മാതൃഭാഷ പിൻബലം നൽകുന്നതും.

ഉള്ളിൽ ഒഴുകുന്ന ജീവനദിയെ വറ്റാതെ സൂക്ഷിച്ചാൽ മാത്രമേ നമുക്ക് ജീവൻ തന്നെ ഉണ്ടാവുകയുള്ളൂ. ആ ജീവനദി പ്രാണവായു നൽകുന്ന മാതൃഭാഷയാണ്. മാതൃഭാഷ നമ്മിൽ നിന്ന് നഷ്ടമായാൽ നമ്മൾ ഇല്ലാതാകുന്ന അവസ്ഥ ഉണ്ടാകും. ആ അവസ്ഥ വരാതെ നോക്കേണ്ടുന്ന ഉത്തരവാദിത്വം ഓരോ വ്യക്തിക്കും ഉണ്ട്.

**ഷേക്സ്പിയർ**

വില്യം ഷേക്സ്പിയർ. ഇംഗ്ലീഷ് സാഹിത്യകാരൻ, കവി, നാടകകൃത്ത്. ദുരന്തനാടകങ്ങളും ശുഭപര്യവസായി നാടകങ്ങളും രചിച്ചു. കിങ് ലിയർ, ഹാംലെറ്റ്, മാക്ബത്ത് തുടങ്ങിയവ പ്രശസ്ത ദുരന്ത നാടകങ്ങളാണ്. റോമിയോ ആൻഡ് ജൂലിയറ്റ്, ജൂലിയസ് സീസർ, ഒഥല്ലോ,ആന്റണി ആൻഡ് ക്ലിയോപാട്ര തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസിദ്ധ നാടകങ്ങളാണ്.

**വേർഡ്സ് വർത്ത്**

പ്രകൃതിയുടെ കവി എന്ന നിലയ്ക്ക് പ്രശസ്തനായ ഇംഗ്ലീഷ് കവി. ആംഗലേയ സാഹിത്യത്തിലെ കാല്പനികതയുടെ വക്താവ്. An Evening Walk and Descriptive Sketches, പ്രശസ്തനായ കോളറിഡ്ജുമായി ചേർന്ന് എഴുതിയ ലിറിക്കൽ ബലാഡ്സ്, ദി പ്രെലൂഡ് എന്നിവ പ്രശസ്തകൃതികളാണ്.

**ജോൺ കീറ്റ്സ്**

ഇംഗ്ലീഷ് കാല്പനിക സാഹിത്യത്തിലെ പ്രഥമഗണനീയനായ കവികളിൽ ഒരാൾ. O Solitude എന്ന ഭാവഗീതമാണ് ആദ്യ കവിത.25 വയസ്സ് വരെയുള്ള ചുരുങ്ങിയ ജീവിതത്തിനിടയിൽ രചിച്ച അർച്ചനാകാവ്യ ങ്ങൾ(ode) അദ്ദേഹത്തിന്റെ കാവ്യ ജീവിതത്തിലെ നേട്ടങ്ങളാണ്.

**ഏണസ്റ്റ് ഹെമിങ് വേ**

നോബൽ സമ്മാന ജേതാവായ അമേരിക്കൻ കഥാകൃത്ത്. The Old man and the sea ഹെമിംഗ് വേയെ ലോകപ്രശസ്തനാക്കി. The sun also rises, A farewell to arms, To have and have not എന്നീ നോവലുകളും The fifth coulmn എന്ന നാടകവും അദ്ദേഹത്തിന്റെ പ്രശസ്ത കൃതികളാണ്.

**ജോൺ മിൽറ്റൺ**

ഇംഗ്ലീഷ് കവി, നാടകകൃത്ത്, സാഹിത്യസംവാദകൻ. പാരഡൈസ് ലോസ്റ്റ് എന്ന ഇതിഹാസകാവ്യം രചിച്ചു. അരിയോപജിറ്റിക്ക എന്ന പ്രബന്ധവും ഏറെ ശ്രദ്ധേയമാണ്.

DRAFT

## ആവിഷ്കാര /പ്രകടിതരൂപങ്ങൾ

| വാചികം | ലിഖിതം | അവതരണം |
|---|---|---|
| ചർച്ച<br>പ്രഭാഷണം | ഉപന്യാസം<br>വിശകലനക്കുറിപ്പ്<br>അഭിപ്രായക്കുറിപ്പ്<br>താരതമ്യക്കുറിപ്പ്<br>നിരൂപണക്കുറിപ്പ്<br>പ്രഭാഷണം | റോൾ പ്ലേ<br>താളം കണ്ടെത്തൽ<br>ഡിജിറ്റൽ ആൽബം<br>ഡോക്യുമെന്ററി |

## റഫറൻസ്


കൈരളിയുടെ കഥ ................................................................ എൻ. കൃഷ്ണപിള്ള

സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ ......................... എഡിറ്റർ കെ. എം. ജോർജ്

മലയാള കവിതാസാഹിത്യ ചരിത്രം................................. എം. ലീലാവതി

കഥകളിവിജ്ഞാനകോശം....................................................... പ്രൊഫ. അയ്മനം കൃഷ്ണക്കൈമൾ

നളചരിതം ആട്ടക്കഥ .......................................................... ഉണ്ണായി വാര്യർ

കഥകളിരംഗം ...................................................................... കെ. പി. എസ്. മേനോൻ

നളചരിതത്തിലൂടെ ............................................................. കുട്ടികൃഷ്ണമാരാർ


DRAFT

## ഗ്രന്ഥകാരപരിചയം :

### എഴുത്തച്ഛൻ

മലയാളഭാഷയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രസിദ്ധ പ്രാചീനകവി. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള തുഞ്ചൻപറമ്പിൽ 15-ാം നൂറ്റാണ്ടിനും 16-ാം നൂറ്റാണ്ടിനും ഇടയിൽ ജനിച്ചു എന്ന് കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ മുഴുവൻ പേര് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നാണ്. മലയാള ഭാഷയെ ജനകീയമാക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച എഴുത്തച്ഛനാണ് 30 അക്ഷരമുള്ള വട്ടെഴുത്തിനുപകരം 51 അക്ഷരമുള്ള മലയാളം ലിപി പ്രയോഗത്തിൽ വരുത്തിയതെന്ന് വിശ്വസിക്കപ്പെടുന്നു. കവിയുടെ അഭ്യർഥന മാനിച്ച് കിളി കഥ പറയുന്ന രീതിയിലാണ് ഇദ്ദേഹത്തിന്റെ രചനകൾ. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നീ കിളിപ്പാട്ട് രചനകൾ രാമാനുജൻ എഴുത്തച്ഛന്റേതായിട്ടുണ്ട്. ഈ കൃതികൾ ഇതിഹാസകാവ്യങ്ങളായ വാല്മീകി രാമായണം, വ്യാസഭാരതം എന്നിവയുടെ സ്വതന്ത്രപരിഭാഷകളായിരുന്നു. ഈ രണ്ടു കൃതികൾക്ക് പുറമേ ഹരിനാമകീർത്തനം, ഭാഗവതം കിളിപ്പാട്ട് എന്നീ കാവ്യങ്ങളും എഴുത്തച്ഛന്റേതായിട്ടുണ്ടെന്നു കരുതപ്പെടുന്നു.

### ഉണ്ണായിവാര്യർ

പ്രസിദ്ധകവിയും ആട്ടക്കഥാകൃത്തുമായ ഉണ്ണായിവാര്യർ ക്രിസ്തുവർഷം 1682 നും 1759 നും ഇടയിൽ തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ ജനിച്ചു. നളചരിതം എന്ന ആട്ടക്കഥയിലൂടെ കേരളഭാഷാസാഹിത്യത്തിൽ അനശ്വര പ്രതിഷ്ഠ നേടിയ സാഹിത്യകാരനാണ് ഇദ്ദേഹം. അഭിനയം, സംഗീതം, സാഹിത്യം എന്നീ മൂന്നു ഗുണങ്ങളും ഒത്തിണങ്ങിയതാണ് നളചരിതം ആട്ടക്കഥ. രാമപഞ്ചശതി, ഗിരിജാകല്യാണം എന്നീ കൃതികളും ഉണ്ണായി വാര്യരുടേ താണെന്നു കരുതപ്പെടുന്നു.

### പ്രകാശ് രാജ് –



ചലച്ചിത്രനടനും നിർമ്മാതാവും സംവിധായകനും സാഹിത്യകാരനുമായ പ്രകാശ് രാജ് 1965 ൽ ജനിച്ചു. തെലുങ്ക്, തമിഴ്, കന്നഡ, മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി നിരവധി ഭാഷാ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. 1998 ൽ ഇരുവർ എന്ന ചലചിത്രത്തിലൂടെ മികച്ച സഹനടനുള്ള ദേശീയപുരസ്കാരം ലഭിച്ചു. പിന്നീട് 2009-ൽ പ്രശസ്ത സംവിധായകൻ പ്രിയദർശൻ സംവിധാനം ചെയ്ത കാഞ്ചീവരം എന്ന തമിഴ് ചലച്ചിത്രത്തിലൂടെ മികച്ച നടനുള്ള ദേശീയപുരസ്കാരം പ്രകാശ് രാജിന് നേടുകയുണ്ടായി. മാതൃഭാഷയായ കന്നഡയ്ക്ക് പുറമേ, തെലുങ്ക്, തമിഴ്, ഹിന്ദി, ഇംഗ്ലീഷ്, മറാത്തി ഭാഷകളിൽ പ്രാവീണ്യം നേടിയ പ്രകാശ് രാജ് നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

DRAFT

# മലയാളം

## അടിസ്ഥാനപാഠാവലി

DRAFT

## വാർഷികാസൂത്രണം

# X അടിസ്ഥാനപാഠാവലി

| ടേം | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| ഒന്ന് | ജൂൺ | അരങ്ങും പൊരുളും | ചിത്രകാരി |
| | ജൂലൈ | | ഖൽബിലെ നിലാവ്<br>ഒരു പക്ഷിക്കുഞ്ഞിന്റെ മരണം |
| | ആഗസ്റ്റ് | ഏകോദരസോദരർ നാം | വിഷുക്കണി |
| ഒന്നാം ടേം മൂല്യനിർണ്ണയം | | | |
| രണ്ട് | സെപ്തംബർ | ഏകോദരസോദരർ നാം (തുടർച്ച) | ആനന്ദാശ്രുക്കൾ |
| | ഒക്ടോബർ | | കെത്തളു |
| | നവംബർ | അറിവിന്നറിവായ് നിറവായ് | ചരിത്രം രചിച്ച നാടകം |
| | ഡിസംബർ | അറിവിന്നറിവായ് നിറവായ് (തുടർച്ച) | എന്റെ ഭാഷ |
| രണ്ടാം ടേം മൂല്യനിർണ്ണയം | | | |
| മൂന്ന് | ജനുവരി | അറിവിന്നറിവായ് നിറവായ് (തുടർച്ച) | വിജ്ഞാനഭാഷയും<br>വൈജ്ഞാനികസമൂഹവും |
| | ഫെബ്രുവരി | | പുനരനുഭവപ്രവർത്തനങ്ങൾ<br>മാതൃകാപ്പരീക്ഷ |
| | മാർച്ച് | വാർഷികമൂല്യനിർണ്ണയം | |

DRAFT

# Unit 1

# അരങ്ങും പൊരുളും

## ആമുഖം

മാനവജീവിതത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ അടയാളപ്പെടുത്തലാണ് കലാവിഷ്കാരങ്ങൾ. മനുഷ്യജീവിതത്തിന്റെ ഭാഗമായി വളർന്നുവന്ന കല സമൂഹത്തിന്റെ വികാരവിചാരങ്ങളും ആശയങ്ങളും പ്രതിഫലിപ്പിക്കാനുള്ള ശക്തമായ ഉപാധിയാണ്. അതുകൊണ്ടുതന്നെ സാമൂഹികാവസ്ഥകൾ കലയിൽ പ്രതിഫലിക്കുകയും കല സമൂഹത്തെ സ്വാധീനിക്കുകയും ചെയ്യും. കല മനുഷ്യഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുകയും വ്യക്തിയെയും സമൂഹത്തെയും സംസ്കരിക്കുകയും ചെയ്യുന്നുണ്ട്. അതേസമയം കലാസൃഷ്ടികൾ പ്രക്ഷോഭത്തിന്റെയും പ്രതിരോധത്തിന്റെയും മാർഗമായിക്കൂടി പ്രവർത്തിക്കുന്നതിനാൽ സാമൂഹികമാറ്റങ്ങൾക്ക് അവ പ്രചോദനം നൽകുകയും പുതിയ ജീവിതാവബോധത്തിലേക്ക് നയിക്കുകയും ചെയ്യും.

കലയും സമൂഹവും തമ്മിലുള്ള ബന്ധം കുട്ടികൾ തിരിച്ചറിയണം. സാമൂഹികവും സാംസ്കാരിവുമായ പുരോഗതിക്ക് കലയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ധാരണ നേടുകയും വേണം. കലാവിഷ്കാരങ്ങളിൽ ഏർപ്പെടുന്നവരോട് ഐക്യപ്പെടുകയും സാമൂഹികമായി മാറ്റിനിർത്തപ്പെടുന്നവരോട് അനുഭാവവും പ്രതിബദ്ധത പ്രകടിപ്പിക്കാനുള്ള മനോഭാവം രൂപപ്പെടുകയും ചെയ്യണം. ഈ വിധമായിരിക്കണം യൂണിറ്റിലെ ആശയം വികസിക്കേണ്ടത്.

കലാവിഷ്കാരങ്ങൾ വൈയക്തികവും സാമൂഹികവുമായി എങ്ങനെയെല്ലാം സ്വാധീനിക്കുന്നു എന്നു വിശകലനം ചെയ്യുന്ന മൂന്നു പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഷാഹിന ഇ.കെ.യുടെ ചിത്രകാരി എന്ന കഥ, കെ. ടി മുഹമ്മദിന്റെ ഇതു ഭൂമിയാണ് എന്ന നാടകത്തിലെ ഗാനം - ഖൽബിലെ നിലാവ്, ഡോ. വയലാ വാസുദേവൻപിള്ളയുടെ ഒരു പക്ഷിക്കുഞ്ഞിന്റെ മരണം എന്ന നാടകം എന്നിവയാണ് അവ. ഈ രചനകളിൽ ആവിഷ്കരിച്ചിരിക്കുന്ന ജീവിതാനുഭവങ്ങളിൽനിന്നും മനോഭാവങ്ങളിൽനിന്നും മൂല്യബോധം ഉൾക്കൊള്ളാൻ കുട്ടികൾക്ക് കഴിയണം. അതോടൊപ്പം കഥയിലെയും ഗാനത്തിലെയും നാടകത്തിലെയും സൗന്ദര്യാംശങ്ങളും സാമൂഹികവിഷയങ്ങളും തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനും കലയും ജീവിതവും പ്രമേയമായിവരുന്ന സാഹിത്യകൃതികൾ വായിച്ച് സ്വതന്ത്രരചനകളിൽ ഏർപ്പെടുന്നതിനുമുള്ള അവസരമൊരുക്കുകയും ചെയ്യണം.

DRAFT

**പഠനലക്ഷ്യങ്ങൾ**

- സ്വന്തം ജീവിതപരിസരങ്ങളിൽനിന്നും ലഭിച്ച അനുഭവങ്ങളെയും അറിവുകളെയും യുക്തിപൂർവം വിശകലനം ചെയ്യുകയും യുക്തിപൂർവം വിലയിരുത്തി നിഗമനങ്ങൾ രൂപീകരിക്കുകയും അത് സാമൂഹിക ബോധവൽക്കരണലക്ഷ്യത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുക
- വിവിധ കാലഘട്ടങ്ങളിലെ സാഹിത്യ / കലാസൃഷ്ടികൾ വായിച്ച് ആസ്വദിക്കുകയും അവയിലെ സാമൂഹ്യപശ്ചാത്തലം, ജീവിതവീക്ഷണം എന്നിവ വിമർശനാത്മകമായി വിലയിരുത്തി നിഗമനങ്ങൾ രൂപീകരിക്കുകയും അന്വേഷണാത്മകമനോഭാവത്തോടെ ആവിഷ്കരിക്കുകയും ചെയ്യുക.
- ഗാനങ്ങളുടെ ഭാവവും ഈണവും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കുകയും ആസ്വാദനാംശങ്ങൾ ഉൾപ്പെടുത്തി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക.
- വിവിധ സ്രോതസ്സുകളിൽനിന്ന് വിവരശേഖരണം നടത്തി സാമൂഹികമാറ്റത്തിൽ കലാസൃഷ്ടികൾക്കുള്ള സ്വാധീനം തിരിച്ചറിഞ്ഞ്, പാനൽചർച്ചയിൽ സ്വന്തം അഭിപ്രായം ഉചിതമായ തെളിവുകളും ഉദാഹരണങ്ങളും ചൂണ്ടിക്കാണിച്ച് ജനാധിപത്യമര്യാദകൾ പാലിച്ച് അവതരിപ്പിക്കുക.
- വിവിധ രചനകൾ വായിച്ച് പദവാക്യ ആശയതലങ്ങളിലെ സവിശേഷതകൾ ഉൾക്കൊണ്ട് തന്റെയും സഹപാഠികളുടെയും വൈവിധ്യമാർന്ന രചനകൾ വിലയിരുത്തി പദവാക്യ ആശയതലങ്ങളിലെ മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുകയും ചെയ്യുക.
- വൈവിധ്യമാർന്ന കലാവതരണങ്ങളുമായി ബന്ധപ്പെട്ട് പ്രചാരണം, പരിചയപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ആമുഖഭാഷണം, പോസ്റ്റർ, പത്രവാർത്ത എന്നിവയുടെ സവിശേഷതകൾ ചർച്ച ചെയ്ത് കലയോടും കലാകാരരോടും മതിപ്പും സ്നേഹവും വളർത്തുന്ന വിധത്തിൽ പ്രസ്തുത രചനകൾ നിർവഹിക്കുക.
- വായിച്ച രചനകളിലെ പദങ്ങൾ ചേർത്തും വിഗ്രഹിച്ചും പ്രയോഗിക്കുമ്പോൾ ഭാഷയ്ക്കുണ്ടാകുന്ന മേന്മകൾ തിരിച്ചറിയുകയും സ്വന്തം രചനകളിൽ ഔചിത്യപൂർവം അത്തരത്തിൽ പദങ്ങൾ സമാസിച്ചും വിഗ്രഹിച്ചും ഉപയോഗിക്കുകയും ചെയ്യുക.
- കലയും ജീവിതവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ, ശൈലികൾ എന്നിവ കണ്ടെത്തുകയും വിമർശനാത്മകമായി വിശകലനം ചെയ്ത് സ്വാഭിപ്രായം സമർത്ഥിക്കുകയും ചെയ്യുക.

DRAFT

**പ്രവേശകപ്രവർത്തനം**

പ്രവേശകമായി നൽകിയ ചിത്രം വിശകലനം ചെയ്യുന്നു.

ചർച്ച

? കലയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ ചിത്രത്തിലുണ്ട്?

? നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കലാരൂപങ്ങൾ ഏതെല്ലാം ? അവ ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം ?

കുട്ടികൾ പ്രതികരിക്കുന്നു.

**ക്രോഡീകരണം**

- സാമൂഹികജീവിതത്തിന്റെ സാംസ്കാരികമായ അടയാളപ്പെടുത്തലാണ് ഓരോ കലാരൂപവും.
- ആഹ്ലാദജനകമായ കല സമൂഹവുമായി ചേർന്നുനിൽക്കുന്നു.
- നിത്യജീവിതത്തിൽ വിനോദോപാധികളായി മാറിയ സംഗീതവും സാഹിത്യവും ദൃശ്യകലാരൂപങ്ങളും നമുക്ക് ഏറെ അറിവും ആനന്ദവും നൽകുന്നു. അതുവഴി ജീവിതത്തെ പ്രകാശപൂർണ്ണമാക്കുകയും ചെയ്യുന്നു.

തുടർന്ന്

കല ആനന്ദമാണ്. ആനന്ദം പ്രകാശംപോലെ സർവവ്യാപിയാണ്.
(രവീന്ദ്രനാഥ ടാഗോർ )

DRAFT

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ചർച്ച

? കലയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വാക്യത്തിലുള്ളത്?

? കല നൽകുന്ന ആനന്ദം പ്രകാശംപോലെ സർവവ്യാപിയാണ് എന്ന് പറയുന്നതിന്റെ പൊരുളെന്ത്?

? ടാഗോറിന്റെ കലാദർശനം ഈ വരികളിൽ എങ്ങനെ തെളിയുന്നു ?

**ക്രോഡീകരണം**

- കല മനുഷ്യന്റെ ആത്മപ്രകാശനമാണ്.
- കലയുടെ പരമപ്രധാനലക്ഷ്യം ആനന്ദമാണ്.
- കലാകാരൻ സൃഷ്ടിയിൽ മുഴുകുമ്പോൾ ആനന്ദം അനുഭവിക്കുന്നതുപോലെ അത് ആസ്വദിക്കുന്നർക്കും ആനന്ദം ലഭിക്കുന്നു.
- പ്രകാശം ഇരുട്ടിനെ ഇല്ലാതാക്കുന്നതുപോലെ കല മാനസികവും സാമൂഹികവുമായ അന്ധകാരം നീക്കി വെളിച്ചം വിതറുന്നു.
- കലാകാരന്റെ അന്തർജ്ഞാനം സമൂഹത്തിനും ലോകത്തിനുതന്നെയും പുതുവെളിച്ചം നൽകി സമൂഹത്തെ പ്രകാശപൂരിതമാക്കുന്നു.
- കലയിലെ ആനന്ദം മനുഷ്യന്റെ ദുഖങ്ങളെയും ദുരിതങ്ങളെയും നിസ്സഹായതയെയും മറികടക്കാൻ സഹായിക്കുന്നു.

- പ്രകാശം എന്നത് ജ്ഞാനം, അനുഭവം, ആസ്വാദനം എന്നിവയുടെ പ്രതീകമാണ്.

സ്ലൈഡ് പ്രദർശിപ്പിക്കുന്നു

| |
|---|
| ക്യാൻവാസിൽ ഒരു കാട് വളർന്ന് ആകാശത്തുലയുന്നു.<br>നക്ഷത്രപ്പൂക്കൾ ചുറ്റും പൊഴിയുന്നു. |

ഈ വാക്യത്തിന്റെ പൊരുളെന്ത്? കുറിപ്പ് അവതരിപ്പിക്കുക.

ചർച്ച

? ക്യാൻവാസ് എന്തിന്റെ പ്രതീകമാണ് ?

? ക്യാൻവാസിൽ കാട് വളർന്ന് ആകാശത്തുലയുന്നു എന്ന വാക്യം സൂചിപ്പിക്കുന്നതെന്ത് ?

? നക്ഷത്രപ്പൂക്കൾ കൊഴിയുക എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

? ചിത്രകലയെക്കുറിച്ച് മനോഹരമായ ഒരു വാക്യം എഴുതുക.

**ക്രോഡീകരണം**

ചിത്രരചനയുടെ പ്രതലമാണ് കാൻവാസ്. ഇവിടെ കാൻവാസിന്റെ അതിരുകൾ കടന്ന് കാട് വളരുന്നു. കല മാധ്യമത്തെയും മറികടന്ന് വിശാലമാകുന്നതിന്റെ സൂചനയാണ് ഇതിലുള്ളത്. നക്ഷത്രങ്ങളെ പൂക്കളായി ആവിഷ്കരിക്കുന്നു. പ്രകൃതിയുടെ സൗന്ദര്യവും അതിനെ മറികടന്ന് വളരുന്ന കലയുടെ മഹത്വവും പ്രതീകാത്മകമായി വരച്ചുകാട്ടുകയാണ്. കല നൽകുന്ന ആഹ്ലാദാനുഭൂതികൾക്ക് പരിധിയില്ല എന്ന സൂചനയും അതിലുണ്ട്.

DRAFT

# ചിത്രകാരി

**പാഠവിശകലനം**

ചിത്രകാരി എന്ന കഥ കലാകാരിയായ സ്ത്രീയുടെ ആന്തരികജീവിതവും ഭൗതിക ജീവിതവും തമ്മിലുള്ള സംഘർഷാത്മകമായ ജീവിതത്തിന്റെ ആവിഷ്കാരമാണ്. "കലാകാരിയുടെ ജീവിതം മധുരം നിറഞ്ഞ നഞ്ചുപോലെയാണ് " എന്ന ലളിതാംബിക അന്തർജനത്തിന്റെ നിരീക്ഷണം ഈ കഥയുമായി ചേർത്തുവായിക്കാം. കുടുംബവ്യവസ്ഥയുമായി ബന്ധപ്പെട്ട് സ്ത്രീയുടെയും പുരുഷന്റെയും സ്വാതന്ത്ര്യത്തെക്കുറിച്ച് സമൂഹത്തിന് വ്യത്യസ്തമായ കാഴ്പ്പാടുകളാണുള്ളത്. അതു പലപ്പോഴും പ്രതിലോമകരവും വളരെ യഥാസ്ഥിതികവുമാണ്. കലാകാരിയായ സ്ത്രീയെ സംബന്ധിച്ചാണെങ്കിൽ ഈ അവസ്ഥ കുറേക്കൂടി ദുസ്സഹവുമാണ്. സാംസ്കാരിക / കുടുംബവ്യവസ്ഥക്കകത്ത് പുരുഷനെപ്പോലെ സ്വാതന്ത്ര്യം അനുഭവിക്കാൻ സ്ത്രീക്ക് കഴിയുന്നില്ല, വിശേഷിച്ചും കലാകാരികൾക്ക്.

സർഗശേഷി വിമോചനത്തിനുള്ള വഴിയൊരുക്കലാണ്. എന്നാൽ സർഗാത്മകമായി ആവിഷ്കരിക്കാനോ സ്വയം അടയാളപ്പെടുത്താനോ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കുന്നില്ല. പുരുഷകേന്ദ്രീകൃതമായ കുടുംബവ്യവസ്ഥ അതിനൊരു തടസ്സമാണ്. വിധിവിലക്കുകൾ ക്കകത്ത് ജീവിക്കുക എന്ന ഒട്ടും പുരോഗമനപരമല്ലാത്ത ജീവിതവ്യവസ്ഥയെ അവതരിപ്പിക്കുകവഴി എല്ലാം തുറന്നുപറയുക എന്ന സത്യസന്ധവും ധീരവുമായ ഒരു പ്രവർത്തനമാണ് കഥാകാരി ചെയ്യുന്നത്. വരച്ചു പൂർത്തിയാക്കാത്ത ചിത്രം, പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്ന പഠനം ഇവയെല്ലാം പെൺജീവിതത്തിന്റെ ചില കാലിഡോസ്കോപ്പ് ചിത്രങ്ങളാണ്. ഓരോ ദിവസവും ഓരോ നിമിഷവും വ്യവസ്ഥകളോട് കലഹിച്ച്, ഒരു ലോകം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുകയാണ് ഫിസ. സ്ത്രീകളുടെ സാമൂഹ്യബന്ധങ്ങളും വിനിമയ ങ്ങളുമെല്ലാം സ്ഥലകാലങ്ങൾക്കകത്ത് പരിമിതപ്പെട്ടതാണ് എന്ന തെറ്റായ സാമൂഹ്യ ബോധത്തെ മറികടക്കാനാണ് കഥാകാരിയുടെ ശ്രമം.

കഥാനായികയായ ഫിസ ഒരുയഥാസ്ഥിതികകുടുംബത്തിലേക്ക് വിവാഹം ചെയ്തുകൊണ്ടുവന്ന അസാമാന്യപ്രതിഭയുള്ള, ഒരു ചിത്രകാരിയാണ്. അവളുടെ മനസ്സു നിറയെ നിറങ്ങളാണ്. അതേനേരംതന്നെ കുടുംബവ്യവസ്ഥയെ, സ്നേഹബന്ധങ്ങളെ മുറിവേൽപ്പിക്കാൻ ആഗ്രഹിക്കാത്തവളും. വീട്ടുകാർ അവൾക്ക് കണ്ടെത്തിനൽകുന്ന വിവാഹബന്ധത്തിലേക്ക് കടന്നുവരുന്നതിനുമുമ്പേതന്നെ സർഗജീവിതം തുടരും എന്ന് അവൾ വ്യക്തമാക്കുന്നുണ്ട്. ഫിസ എന്ന വാക്കിന്റെ അർഥം എന്താണ് എന്ന് അവളുടെ വരൻ ചോദിക്കുമ്പോൾ അതിന്റെ യഥാർഥ അർഥം ഇളം കാറ്റ്, സുഗന്ധം, പരിശുദ്ധം എന്നൊക്കെയായിരുന്നിട്ടുകൂടി, 'മൂടൽമഞ്ഞ് ' എന്നു പറഞ്ഞുകൊണ്ട് മൂടൽമഞ്ഞുനിറഞ്ഞ, പ്രകൃതിയുടെ മങ്ങിയ പച്ചകളും മഞ്ഞകളും ചുകപ്പും നിറഞ്ഞ, മനോഹരമായ തന്റെ ഒരു ജലച്ചായച്ചിത്രം അയാൾക്കു മുന്നിലേക്കു നീക്കിവയ്ക്കുന്നുണ്ട് ഫിസ. അവളുടെ പേരിന് അവൾ കണ്ടെത്തുന്ന അർഥമാണ് അത്.

മൂടൽ മഞ്ഞ് ഒരേ സമയം നിഗൂഢവും സുന്ദരവും ആണല്ലോ. മൂടൽമഞ്ഞിലെ കാഴ്ചകൾ കാണാൻ, അറിയാൻ അതിന്റെ ഉൾലോകത്തിലേക്ക് കടന്നുചെല്ലണം. അതിന് അയാൾക്കു കഴിയുന്നില്ല. വളരെ പ്രായോഗികമായി ജീവിക്കുന്ന, യാഥാസ്ഥിതികമായി ജീവിതത്തെ, പെൺജീവിതത്തെ നോക്കിക്കാണുന്ന അയാളുടെ ലോകം പണം, നല്ല ഭക്ഷണം, പൊള്ളയായ വിനോദങ്ങൾ ഇതൊക്കെ നിറഞ്ഞ ഇടുങ്ങിയ ഒരിടമാണ്. ഫിസയുടെ പ്രതിഭയെ തിരിച്ചറിഞ്ഞ അയാളുടെ ഒരു സുഹൃത്ത് അവളുടെ കലാലോകത്തെക്കുറിച്ച് പറയുന്ന അഭിപ്രായങ്ങൾ അയാൾക്ക് ഒരുതരം അപകർഷവും അസ്വാസ്ഥ്യവും ഉണ്ടാക്കുന്നുണ്ട്.

ജീവിതവും കലയും ഒരുമിച്ചു കൊണ്ടുപോകാനുള്ള പ്രത്യാശയോടെയാണ് അവൾ പുതിയ ജീവിതത്തിലേക്ക് കടന്നുവരുന്നത്. കലയെ ഒരു അനാവശ്യഘടകവും ജീവിതത്തിൽ അപ്രസക്തവുമായി കരുതുന്ന ഒരു യഥാസ്ഥിതികകുടുംബവ്യവസ്ഥയിലാണ് താൻ ചെന്നുപെട്ടത് എന്ന് പെട്ടെന്നുതന്നെ അവൾ തിരിച്ചറിയുന്നുണ്ട്. "അടുപ്പത്തെ പണി ഒരു കടലാ ഫിസേ അന്റെ പെയിന്റടിപോലെ എളുപ്പമല്ല. കുടുംബത്തെ ആണുങ്ങൾക്ക് വായ്ക്ക് രുചിയായി വല്ലതും വെച്ചുണ്ടാക്കാ, കുട്ട്യേൾടേം മക്കൾടേം കാര്യം നോക്കാ അത്രന്നെ പെണ്ണുങ്ങൾക്ക് പറഞ്ഞ പണി " എന്ന ഒറ്റ സംഭാഷണത്തിലൂടെ അയാളുടെ ഉമ്മ ആ

DRAFT

കുടുംബത്തിലെ സ്ത്രീകളുടെ നില വ്യക്തമാക്കിക്കൊണ്ട് ഫിസയുടെ സർഗാത്മകജീവിതത്തെ, ആന്തരികലോകത്തെ, റദ്ദ് ചെയ്യുന്നുണ്ട്. തന്റെ കുടുംബജീവിതത്തിന്റെ സാധാരണമായ ഒഴുക്കിനെ ബാധിക്കുമോ ഫിസയുടെ ആന്തരികലോകം എന്ന ഭയം ഭർത്താവായ ഹാഫിസിനും ഉണ്ട്. അതുകൊണ്ട് അവളുടെ ആന്തരികലോകത്തെ അയാൾ വെറുക്കുകയും, " ഒരു പണ്ടാരോം വേണ്ട " എന്ന ഒറ്റപ്പറച്ചിലിലൂടെ ഫിസയുടെ അകം പുറം ലോകങ്ങൾക്ക് ഹാഫിസ് കൃത്യമായ പരിധിവയ്ക്കുന്നു. സർഗാത്മകജീവിതവും കുടുംബവ്യവസ്ഥയും തമ്മിലുള്ള സംഘർഷത്തിൽ ഒരുവേള ഫിസയുടെ ജീവിതത്തിൽ നിറങ്ങൾ ഇല്ലാതാകുന്നുണ്ട്. അത് എന്നേക്കുമുള്ളതാണ് എന്നു കരുതിയ ഹാഫിസിനെ അസ്വസ്ഥനാക്കിക്കൊണ്ട് വലിയ ഒരു ഇടവേളയ്ക്കുശേഷം ഫിസ വീണ്ടും വരയ്ക്കാൻ തുടങ്ങുന്നു. കലയുടെ അഗ്നി ചാരം മൂടിക്കിടന്നേക്കാം. പക്ഷേ അത് കെട്ടു പോകുന്നില്ല.

കലാകാരിയുടെ ആന്തരികലോകത്തെ ഉൾക്കൊള്ളാൻ കഴിയാത്ത ഒരു സമൂഹം നമുക്കു ചുറ്റുമുണ്ട്. മികച്ച കുടുംബത്തെ രൂപീകരിച്ചെടുക്കുന്ന, ഭർത്താവിനെ, കുഞ്ഞുങ്ങളെ കുടുംബത്തിലെ അംഗങ്ങളെയെല്ലാം നന്നായി പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന, സ്ത്രീയാണ് ആത്യന്തികമായി നല്ല സ്ത്രീ എന്നാണ് ഈ കഥയിലെ ഫിസയുടെ കുടുംബാംഗങ്ങളുടെ സങ്കല്പം.

കലാകാരിയായ സ്ത്രീയെ സംബന്ധിച്ചിടത്തോളം തീക്ഷ്ണമായ ഒരു അപരലോകംകൂടി അവൾക്കുണ്ട്. അത് അംഗീകരിക്കാൻ ഈ കഥയിലെ യഥാസ്ഥിതികഭർത്താവും മറ്റു കുടുംബാംഗങ്ങളും ഭയപ്പെടുന്നത് നിശ്ചിതമായ 'പെൺറോളിൽ'നിന്ന് അവൾ തെന്നിപ്പോയാലോ എന്ന ഭയപ്പാടു കൊണ്ടുകൂടിയാണ്. എത്ര ശ്രമിച്ചാലും നിലവിലുള്ള വ്യവസ്ഥയോട് ചേർന്നുനിന്നുകൊണ്ടുള്ള തന്റെ ആന്തരികലോകത്തിന്റെ പ്രകാശനം സാധ്യമാകില്ല എന്ന തിരിച്ചറിവിലെത്തുന്നു കഥാന്ത്യത്തിൽ ഫിസ. സർഗാത്മകതയെയും സ്വാതന്ത്ര്യത്തെയും നിഷേധിക്കുന്ന സാമൂഹികവിലക്കുകളെ മറികടന്ന് മുന്നോട്ടുവന്ന സ്ത്രീകളുടെ പുതുസമൂഹം രൂപപ്പെട്ടിട്ടുണ്ട്. ഇത്തരം സാമൂഹികമായ മുന്നേറ്റത്തിന്റെ സർഗാത്മകമായ ആവിഷ്കാരമാണ് ഈ കഥ.

DRAFT

## പ്രവർത്തനവിശകലനം

പ്രധാനാശയം കണ്ടെത്തൽ

**കഥാവായന**

? കഥ ഭാവാത്മകവമായി വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?

ചർച്ച

**ക്രോഡീകരണം**

- കഥയുടെ ആശയവും വൈകാരികതലവും ഉൾക്കൊണ്ടിട്ടുണ്ട്.
- ഉച്ചാരണസ്ഫുടതയും വ്യക്തതയുമുണ്ട്.
- ശബ്ദക്രമീകരണത്തോടെ ഭാവാത്മകമായി അവതരിപ്പിക്കുന്നുണ്ട്

സൂചകങ്ങൾ ഉപയോഗിച്ച് കഥാവായന വിലയിരുത്തണം.

കഥ വായിച്ചശേഷം കഥയിലെ പ്രധാനാശയം കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകണം.

ചർച്ച

? ചിത്രകാരി എന്ന കഥയിലെ പ്രമേയമെന്ത് ?

? ഫിസ അനുഭവിക്കുന്ന മാനസികസംഘർഷങ്ങൾക്ക് കാരണമെന്ത് ?

? ഫിസയോടുള്ള ഭർതൃവീട്ടുകാരുടെ മനോഭാവമെന്ത്?

? നിലവിലുള്ള സമൂഹത്തിൽ ഇത്തരം സാഹചര്യം എത്രത്തോളം കാണുന്നുണ്ട്?

<u>ക്രോഡീകരണം</u>

- കലാകാരിയായ ഒരു സ്ത്രീയുടെ ആന്തരികജീവിതവും ഭൗതികജീവിതവും തമ്മിലുള്ള സംഘർഷം
- യാഥാസ്ഥിതികകുടുംബവ്യവസ്ഥയ്ക്കകത്ത് ആത്മാവിഷ്കാരവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്ന പെണ്ണവസ്ഥ.
- കലാകാരിയായ സ്ത്രീയുടെ സർഗാത്മകതയെ തടയിടുകയും നിസ്സാരവൽക്കരിക്കുകയും ചെയ്യുന്ന പുരുഷമനോഭാവവും യാഥാസ്ഥിതിക മനോഭാവവും സൃഷ്ടിക്കുന്ന ആത്മസംഘർഷം.
- യാഥാസ്ഥിതികമനോഭാവങ്ങളോട് കലഹിച്ച് ആത്മാവിഷ്കാരത്തിനുവേണ്ടി സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീ ജീവിതം.
- കുടുംബജീവിതവും സർഗാത്മകാവിഷ്കാരവും ഒരുമിച്ചു കൊണ്ടുപോകാനുള്ള പ്രയത്നവും പ്രത്യാശയും
- സമകാലികസമൂഹത്തിൽ കഥയിലെ പൊതുബോധം വലിയൊരളവോളം നിലനിൽക്കുന്നുണ്ട്.

**മാനസികാവസ്ഥയുടെ വിശകലനം**

'കൂട്ടത്തിൽക്കൂടാൻ എന്താടാ ഓൾക്കൊരിത്..', ഒരിക്കൽ ഉമ്മ ചോദിച്ചു.....
'മറ്റുള്ളോരെക്കൊണ്ട് പറേപ്പിക്കാൻ ആളു കൂടുമ്പോ ഓൾടെ വരേം കുറീം...'

ഈ വാക്യം വിശകലനം ചെയ്യുന്നു.

ചർച്ച

? ഫിസയോടുള്ള എന്തു മനോഭാവമാണ് ഈ വാക്യത്തിൽ തെളിയുന്നത്?

DRAFT

**ക്രോഡീകരണം**

- കുടുംബവ്യവസ്ഥയ്ക്കകത്ത് സ്ത്രീക്കുള്ള സ്വാതന്ത്ര്യം പരിമിതമാണ്.
- സ്ത്രീ കുടുംബത്തിന്റെ പാരമ്പര്യവ്യവസ്ഥകൾക്കിണങ്ങി ജീവിക്കണം.
- ആത്മാവിഷ്കാരമോ കലാവിഷ്കാരമോ സ്ത്രീക്ക് അനുവദനീയമല്ല.

? ചിത്രകാരിയായ ഫിസയോടുള്ള ഇത്തരം മനോഭാവത്തിന്റെ മറ്റെന്തെല്ലാം സൂചനകളാണ് കഥയിലുള്ളത്?

കണ്ടെത്തി വിശകലനം ചെയ്ത് അവതരിപ്പിക്കുന്നു.

— "നാലഞ്ചു വരേം കുറീം... ദൊക്കെ ആർക്കാ പറ്റാത്തെ..."

— "അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട് തീർന്നൂന്ന് പറയാമ്പറ്റിയങ്ങനെ?.. അന്റെ പെയിന്റടി പോല ല്ലാത്... എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റേ പണ്യല്ല..... കുടുംബത്തെ ആണുങ്ങക്ക് വായ്ക്ക് രുചിയായി വല്ലതും വച്ചുണ്ടാക്കാ.. കുട്ട്യോൾടേം മക്കൾടേം കാര്യം നോക്കാ, അത്രന്നെ പെണ്ണുങ്ങക്ക് പറഞ്ഞ പണി..."

— "കല്യാണം ഒറപ്പിക്കാമ്പോവാന്നു പറേമ്പഴും അവള് പറയേ്വ, വര നിർത്തൂലാന്ന്..."

— "അയ്നിപ്പൊ എന്താ... ഓള് വരച്ചോട്ടെ. ഓളെ കൈയോണ്ടല്ലേ"

— "എന്തിനെന്നില്ലാതെ, അയാളെ വല്ലാതെ അലോസരപ്പെടുത്തിയിരുന്ന, അപകർഷപ്പെടുത്തിയിരുന്ന അവളുടെ വര..."

— "ചിത്രം വരയുന്നോര് മിണ്ടാറില്ലേ? മിണ്ട്യാ വര തെറ്റോ?"

ചർച്ച

? കലാകാരി എന്ന നിലയിൽ ഭർത്തൃവീട്ടുകാരുടെ മനോഭാവം ഫിസയ്ക്ക് സംതൃപ്തി നൽകിയിരുന്നോ?

? ഫിസയോടുള്ള മററുള്ളവരുടെ മനോഭാവത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

**ക്രോഡീകരണം**

- കുടുംബവ്യവസ്ഥയെക്കുറിച്ച് യാഥാസ്ഥിതികമായ ചിന്തകളും മനോഭാവവുമുള്ള ഭർതൃവീട്ടുകാർക്ക് പെണ്ണ് വയ്ക്കാനും വിളമ്പാനുമുള്ള ഉപകരണമാണ്.
- ആണധികാരകേന്ദ്രീകൃതമായ യാഥാസ്ഥിതികകുടുംബവ്യവസ്ഥയ്ക്കകത്ത് സ്ത്രീയുടെ കലയും പരിത്യജിക്കപ്പെടേണ്ടതാണ്.
- സർഗാത്മകാവിഷ്കാരത്തെ നിസ്സാരവൽക്കരിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന മനോഭാവമാണ് ഭർത്താവിന്റേത്. മാത്രമല്ല അവളുടെ ആവിഷ്കാരങ്ങൾ അയാൾക്ക് എന്തെന്നില്ലാത്ത അലോസരങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്.



DRAFT

**തുടർപ്രവർത്തനം**

? കലാവിഷ്കാരങ്ങളിൽ ഏർപ്പെടുമ്പോൾ ലഭിക്കുന്ന ആഹ്ലാദാനുഭൂതികൾ ഫിസ എന്ന കഥാപാത്രത്തിന് അനുഭവിക്കാൻ കഴിയുന്നുണ്ടോ?

സൂചനകൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

തയ്യാറാക്കിയ കുറിപ്പുകൾ സ്വയം / പരസ്പരം വായിച്ച് വിലയിരുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ ചർച്ചചെയ്തു തീരുമാനിക്കുന്നു. മികച്ചവയുടെ അവതരണം.

**വിലയിരുത്തൽ സൂചകങ്ങൾ**

- മറ്റുള്ളവരുടെ മനോഭാവം കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട്.
- മാനസികാവസ്ഥ വ്യക്തമാക്കിയിട്ടുണ്ട്
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

**കഥാന്ത്യം നൽകുന്ന സൂചനകൾ കണ്ടെത്താം**

കഥയുടെ പ്രമേയവും ഫിസയുടെ മാനസികാവസ്ഥയും കണ്ടെത്തിയശേഷം കഥയിൽ തെളിയുന്ന സന്ദേശം കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടക്കണം.

| |
|---|
| 'അയാൾ അവളുടെ കൈവിരലുകളിലേക്കാണ്ടു നോക്കി. ദൈവം തൊട്ട കൈവിരലിൽ അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ചായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശ്ശബ്ദമായൊരു കരച്ചിലോടെ, അവൾ കൈ കഴുകാൻ തുടങ്ങി.' |

ഈ വാക്യം സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു

ചർച്ച

? ദൈവംതൊട്ട കൈവിരലുകൾ എന്ന പ്രയോഗത്തിന്റെ പൊരുളെന്ത്?

? നിശബ്ദമായ കരച്ചിലോടെ അവൾ കൈകഴുകാൻ തുടങ്ങി എന്ന വാക്യം നൽകുന്ന സൂചനകൾ എന്തായിരിക്കും ?

? ഈ കഥാന്ത്യം എങ്ങനെയാകണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത് ?

DRAFT

**ക്രോഡീകരണം**

- ഫിസ അനുഗൃഹീതമായ പ്രതിഭാവിലാസമുള്ള ചിത്രകാരിയാണ്.
- അവളുടെ അസാമാന്യമായ സർഗശേഷിയെയാണ് ദൈവംതൊട്ട കൈവിരലുകളായി കല്പിക്കുന്നത്.
- സർഗാത്മകമായ ആവിഷ്കാരത്തോടൊപ്പം കുടുംബാംഗങ്ങളോട് ചേർന്നുനിൽക്കാനുള്ള ബോധപൂർവമായ ഇടപെടൽ അവർ നടത്തുന്നുണ്ട്.
- കല ഉള്ളിൽ കൊണ്ടുനടക്കുന്ന അവളുടെ അപരലോകത്തെ പ്രകടിപ്പിക്കാനുള്ള അദൃശ്യമായ ആഗ്രഹവുമുണ്ട്.
- യാഥാസ്ഥിതികരായ ഭർത്തൃവീട്ടുകാരും ഭർത്താവും അവളുടെ ആത്മാവിഷ്കാരത്തെ പെണ്ണിന്റെ നിയതമായ സ്വാതന്ത്ര്യത്തിനപ്പുറത്തേക്ക് വളരാനോ അടയാളപ്പെടുത്താനോ അനുവദിക്കുന്നില്ല.
- എത്ര ശ്രമിച്ചിട്ടും നിലവിലുള്ള വ്യവസ്ഥയോട് ചേർന്നുനിന്ന് തന്റെ ആത്മാവിഷ്കാരം സാധ്യമാവില്ല എന്ന തിരിച്ചറിവിൽ അടിച്ചേൽപ്പിക്കപ്പെട്ട യാഥാസ്ഥിതികവ്യവസ്ഥയെ ഫിസ മറികടക്കുന്നു.

സൂചനകളും സ്വന്തം നിരീക്ഷണങ്ങളും ഉൾപ്പെടുത്തി കഥാന്ത്യം നൽകുന്ന സൂചനകൾ വിശകലനം ചെയ്യണം.

തയ്യാറാക്കിയ കുറിപ്പുകൾ സ്വയം / പരസ്പരം വിലയിരുത്തി പൊതുവായി അവതരിപ്പിക്കണം.

വിലയിരുത്തൽ സൂചകങ്ങൾ ചർച്ചചെയ്ത് രൂപീകരിക്കണം.

**വിലയിരുത്തൽ സൂചകങ്ങൾ**

- കഥയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്
- കഥാന്ത്യം നൽകുന്ന സൂചനകൾ വ്യക്തമാക്കിയിട്ടുണ്ട്
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്

**പ്രയോഗഭംഗി കണ്ടെത്തൽ**

'വരയ്ക്കാതെ വരയ്ക്കാതെ അവൾ ഒക്കെയും മറന്നു പോയിരിക്കും'

ഈ വാക്യം പ്രദർശിപ്പിക്കുന്നു.

ചർച്ച

DRAFT

? വരയ്ക്കാതെ എന്ന പദത്തിന്റെ ആവർത്തനം വാക്യത്തിന് ആശയപരമായ മേന്മ നൽകുന്നുണ്ടോ?

? ചിത്രകാരിയുടെ ജീവിതാവസ്ഥ അവതരിപ്പിക്കുന്നതിന് ഈ പ്രയോഗം പര്യാപ്തമാണോ?

**ക്രോഡീകരണം**

- കഥാപാത്രങ്ങളുടെ ആന്തരികഭാവത്തെയും മാനസികാവസ്ഥകളെയും ആവിഷ്കരിക്കുന്നതിന് ചില പദങ്ങളുടെ ആവർത്തനംകൊണ്ട് സാധ്യമാവും.
- വരയ്ക്കാതെ എന്നെഴുതിയാൽ വരയ്ക്കാൻ കഴിയുന്നില്ല എന്നർഥം. വരയ്ക്കാതെ വരയ്ക്കാതെ എന്ന് ആവർത്തിച്ചാൽ വരയ്ക്കാൻ ആഗ്രഹമുണ്ടെങ്കിലും വരയ്ക്കാൻ കഴിഞ്ഞില്ലെന്ന് അർഥം ലഭിക്കും. വരയ്ക്കാൻ കഴിയാതെ കാലം കഴിയുമ്പോൾ അതു മറന്നുപോകും എന്ന് അയാൾ കരുതുന്നു.
- കാലദൈർഘ്യത്തെയും ഈ ആവർത്തനം സൂചിപ്പിക്കുന്നു. എത്രയോ കാലമായി വരയ്ക്കുന്നില്ല എന്ന അർഥമാണ് ലഭിക്കുക.
- ഫിസ എന്ന കഥാപാത്രത്തിന്റെ സർഗാത്മകതയ്ക്ക് താളഭംഗം സംഭവിച്ചത് ഒരു ദിവസം കൊണ്ടല്ല വളരെക്കാലംകൊണ്ടാണ് എന്ന ആശയമാണ് വരയ്ക്കാതെ എന്ന പദത്തിന്റെ ആവർത്തനംകൊണ്ടു സാധ്യമാകുന്നത്.
- കഥാപാത്രം അനുഭവിക്കുന്ന മാനസികസംഘർഷത്തിന്റെ തീവ്രത അവതരിപ്പിക്കാൻ ഈ ആവർത്തനംകൊണ്ടുകഴിയുന്നു.

ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി വിശകലനം ചെയ്യണം.

- കരഞ്ഞുകരഞ്ഞ് കണ്ണീർ വറ്റിപ്പോയിരിക്കുന്നു - ദുഃഖത്തിന്റെ തീവ്രത, നിരന്തരമായ ദുഖാനുഭവം
- ചിരിച്ചുചിരിച്ച് സഹികെട്ടു - നിർത്താതെയുള്ള ചിരി, തുടർച്ചയായ പ്രക്രിയ

സമാനപ്രയോഗങ്ങൾ കണ്ടെത്തി ഇത്തരം പ്രയോഗങ്ങൾ വാക്യത്തിനു നൽകുന്ന അർഥപരമായ സവിശേഷതകൾ എഴുതുക

## കഥാപാത്രനിരൂപണം തയ്യാറാക്കാം

ഫിസ എന്ന കഥാപാത്രത്തിന്റെ സവിശേഷതകളും മനോഭാവവും വ്യക്തമാക്കുന്ന പാഠസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ ഗ്രൂപ്പുകൾക്ക് ചുമതല നൽകുന്നു. കണ്ടെത്തിയ സന്ദർഭങ്ങൾ ചർച്ച ചെയ്യുന്നു.

— "വെള്ളത്തിൽ കുതിർന്ന ബ്രഷ് പതിയെ കുടഞ്ഞ് അവളപ്പോൾ പറഞ്ഞു: "ഞാൻ പണിയൊക്കെ തീർത്തിട്ടാ ഉമ്മാ..."

— "കല്യാണം ഒറപ്പിക്കാമ്പോവാന്നു പറേമ്പഴും അവള് പറയേ്വ, വര നിർത്തൂലാന്ന്..."

DRAFT

— "ദൈവം തൊട്ട കൈവിരലുകൾ... അഭിപ്രായം എന്റേതല്ല ഹാഫീ... അന്ന്, ഞങ്ങടെയൊക്കെ ചിത്രങ്ങൾ കാണാൻ ആർട്ടിസ്റ്റ് മാധവൻ സാർ വന്നിരുന്നു. അദ്ദേഹത്തിന്റെ മാത്രല്ലാ, അത്യാവശ്യം വാക്കുണ്ടെന്ന് തോന്നുന്നു. കക്ഷീടെ കൈയില്... പക്ഷേ, ഭയങ്കര സൈലന്റ് ആയിരുന്നു എപ്പോഴും."

— "മൂടൽമഞ്ഞു പടർന്ന പ്രകൃതി. ഇടയ്ക്ക് മായുന്ന മഞ്ഞിലൂടെ കടന്നുവരുന്ന തെളിവെയിലിൽ നരച്ച പച്ചയുടെ, മഞ്ഞയുടെ, ഇടയ്ക്ക് പൊട്ടിവിടർന്നൊരു ചുവപ്പു പൂവ്. മൂടൽ മഞ്ഞ്. അവൾ പറഞ്ഞു: 'അതാണ് ഫിസാ'. "

? ഈ സൂചനകൾ ഫിസയുടെ എന്തെല്ലാം സവിശേഷതകളാണ് വ്യക്തമാക്കുന്നത്?

? സർഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും സ്വന്തം ഉത്തരവാദിത്വം നിർവഹിക്കുന്ന കഥാപാത്രമാണോ ഫിസ?

? അഭിപ്രായം തുറന്നുപറയുന്ന മനോഭാവം ഫിസയിൽ പ്രകടമാണോ?

? ഫിസയെക്കുറിച്ചുള്ള മറ്റുള്ളവരുടെ അഭിപ്രായത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

**ക്രോഡീകരണം**

- സർഗാത്മകജീവിതത്തെ മറ്റൊന്നിനുവേണ്ടിയും ത്യജിക്കാൻ തയ്യാറല്ലാത്ത മനോഭാവത്തോടൊപ്പം സ്വന്തം അഭിപ്രായം മറ്റുള്ളവർക്ക് മുമ്പിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നവളാണ് ഫിസ : എങ്കിലും നിശ്ശബ്ദതയിലൂടെ പ്രതിരോധം തീർക്കാനും അവൾക്കറിയാം.
- ആന്തരികലോകത്തെ വരകളിലൂടെയും വർണ്ണങ്ങളിലൂടെയും അവതരിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നു.
- അനുഗൃഹീതകലാകാരി എന്നുള്ള, സുഹൃത്തുക്കളുടെയും ആർട്ടിസ്റ്റ് മാധവൻ സാറിന്റെയും അഭിപ്രായം അവളിലെ കലാകാരിക്കുള്ള അംഗീകാരമാകുന്നു.
- ചിത്രകാരിയായ ഫിസയുടെ നിറങ്ങളുമായി, ഉൾപ്രകൃതിയുമായി ബന്ധപ്പെട്ട് സ്വയം വിളിക്കുന്ന ഫിസ അഥവാ മൂടൽമഞ്ഞ് എന്ന പേര് അവളുടെ ആന്തരികഭാവത്തെയും സൗന്ദര്യബോധത്തെയും അടയാളപ്പെടുത്തുന്നു.

സൂചനകളും സ്വന്തം നിരീക്ഷണങ്ങളും ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുന്നു. തയ്യാറാക്കിയ കഥാപാത്രനിരൂപണം ഗ്രൂപ്പിൽ അവതരിപ്പിച്ച് മികച്ചവ കണ്ടെത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു.

വിലയിരുത്തൽ സൂചകങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുന്നു.

DRAFT

## കഥാപാത്രനിരൂപണം തയ്യാറാക്കുമ്പോൾ

- കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം കണ്ടെത്തണം.
- കഥാപാത്രത്തിന്റെ വാക്കുകളും പ്രവൃത്തിയും വിശകലനം ചെയ്യണം
- കഥാപാത്രത്തിന് മറ്റുള്ളവരോടുള്ള മനോഭാവം വ്യക്തമാക്കണം.
- കഥാപാത്രത്തിന്റെ സാമൂഹികകാഴ്ചപ്പാട് വിശദമാക്കണം.
- കഥാപാത്രത്തിന്റെ നിലപാടുകൾ വിലയിരുത്തണം.

## ചിത്രം വിശകലനം ചെയ്യാം

ഒമ്പതാം ക്ലാസിലെ അടിസ്ഥാനപാഠാവലിയിലെ പദം പദം ഉറച്ചു നാം എന്ന യൂണിറ്റിലെ പ്രവേശകമായി നൽകിയ ചിത്രം പ്രദർശിപ്പിക്കുന്നു.

ചർച്ച

? ഈ ചിത്രം നിങ്ങളിലുണർത്തിയ ചിന്തകൾ എന്തെല്ലാം ?

? ചിത്രം നിങ്ങൾക്ക് ആകർഷകമായി തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്?

? രചനകളുടെ ഭാഗമായി ചിത്രങ്ങൾ ഉൾപ്പെടുത്തുന്നതിന്റെ ലക്ഷ്യമെന്ത്?

## ക്രോഡീകരണം

- മനുഷ്യന്റെയും പ്രകൃതിയുടെയും അതിജീവനമനോഭാവം
- ഏതു കരിമ്പാറക്കെട്ടിലും പൂക്കുകയും തളിർക്കുകയും ചെയ്യുന്ന പ്രകൃതിയുടെ സൗന്ദര്യം
- പ്രതികൂലമായ സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പ്രതീക്ഷയും പ്രത്യാശയും
- ശുഭാപ്തിവിശ്വാസം നിറഞ്ഞ ജീവിതമനോഭാവത്തിന്റെ സൗന്ദര്യാത്മകമായ അവതരണം
- നിറങ്ങളും ആശയങ്ങളും സംയോജിപ്പിച്ച ആകർഷകമായ ചിത്രീകരണം.
- സാഹിത്യരചനകൾക്കൊപ്പം ചേർക്കുന്ന ചിത്രങ്ങൾ ആശയങ്ങളുടെ സൂക്ഷ്മതല ചിത്രീകരണത്തിനും വായനക്കാരെ ആകർഷിക്കുന്നതിനും സഹായിക്കുന്നു.
- കഥാമുഹൂർത്തങ്ങളും കഥാപാത്രങ്ങളുടെ മാനസികഭാവങ്ങളും ആവിഷ്കരിക്കുന്നതിന് ചിത്രം സഹായകമാവുന്നു.

DRAFT

ക്രോഡീകരണത്തിനുശേഷം ചിത്രകാരിയിലെ ചിത്രങ്ങൾ വിശകലനം ചെയ്യാനായി ഗ്രൂപ്പുകളോട് നിർദേശിക്കുന്നു.

ചർച്ച

- ? ചിത്രകാരിയിലെ ചിത്രങ്ങളുടെ പ്രത്യേകതയെന്ത്?
- ? കഥയുടെ പ്രമേയതലത്തെ ആവിഷ്കരിക്കുന്നതിന് അവ എത്രമാത്രം പര്യാപ്തമാണ്?

**ക്രോഡീകരണം**

- കൈവിരലിൽനിന്ന് നീളുന്ന ബ്രഷ് ഫിസ എന്ന കഥാനായികയുടെ കലാവൈദഗ്ദ്യത്തെ സൂചിപ്പിക്കുന്നു.
- കാൻവാസിൽ വീടുവരയ്ക്കുന്ന സ്ത്രീയും വീട്ടിൽ നിറയുന്ന വർണ്ണങ്ങളും രൂപങ്ങളും ഫിസ എന്ന ചിത്രകാരിയുടെ സർഗാത്മകതയെയും മാനസികഭാവങ്ങളെയും ആവിഷ്കരിക്കുന്നു.
- കഥാനായികയുടെ ഹൃദയത്തിൽ നിറയുന്ന വർണ്ണങ്ങൾ സൃഷ്ടിക്കുന്ന സുന്ദരലോകം മുറിഞ്ഞുപോകുന്നതിന്റെ അടയാളമാണ് മൂന്നാമത്തെ ചിത്രം.
- എല്ലാ മുറിവുകളെയും അതിജീവിച്ച് പൂമ്പാറ്റയെപ്പോലെ പറന്നുയരുന്ന കലാഹൃദയത്തിന്റെ ആവിഷ്കാരം ഈ ചിത്രം അടയാളപ്പെടുത്തുന്നു.

DRAFT

**തുടർപ്രവർത്തനം**

ചിത്രകാരിയിലെ ചിത്രങ്ങൾ കഥയുടെ ഭാവതലത്തെ ആവിഷ്കരിക്കുന്നതിന് എത്രത്തോളം പര്യാപ്തമാണെന്ന് പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

ഗ്രൂപ്പുതലത്തിൽ തയ്യാറാക്കിയ വിശകലനക്കുറിപ്പ് കൈമാറി വിലയിരുത്തി മികച്ചവ ക്ലാസിൽ പൊതുവായി അവതരിപ്പിക്കണം. ചർച്ചയിലൂടെ മെച്ചപ്പെടുത്തി എഴുതുന്നതിന് അവസരം നൽകണം. വിലയിരുത്തൽ സൂചകങ്ങൾ ചർച്ച ചെയ്തു വികസിപ്പിക്കണം.

**വിലയിരുത്തൽ സൂചകങ്ങൾ**

- ചിത്രത്തിന്റെ സവിശേഷകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- കഥയുടെ ഭാവതലവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട്.
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

## ചർച്ച സംഘടിപ്പിക്കാം

"അടുക്കളയിലെ
തേഞ്ഞു തീരുന്ന വീട്ടുപകരണമാണു ഞാൻ.

ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന
പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരുപകരണം.

എന്റെ കുട്ടികൾക്ക്
ചിലപ്പോൾ എണ്ണമറ്റ പലഹാരങ്ങൾ നിർമ്മിക്കുന്ന
ഒരു യന്ത്രമാണു ഞാൻ."

(പ്രതിഷ്ഠ – സാവിത്രി രാജീവൻ)

ചർച്ച

? സ്ത്രീജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കാവ്യഭാഗത്തുള്ളത്?

? ഈ അവസ്ഥ വർത്തമാനകാലത്തും നിലനിൽക്കുന്നുണ്ടോ?

ക്രോഡീകരണം

- പുരുഷാധിപത്യ സാമൂഹികഘടനയിൽ സ്ത്രീയുടെ അവസ്ഥ ഇപ്പോഴും പ്രതീക്ഷാനിർഭരമല്ല.
- സ്ത്രീയുടെ സഞ്ചാരപഥങ്ങൾ, പ്രവർത്തനമേഖലകൾ എല്ലാം നിയന്ത്രണങ്ങൾക്കും നിരീക്ഷണങ്ങൾക്കും വിധേയമാണ്.
- വ്യവസ്ഥാപിതസമൂഹം ഇപ്പോഴും സ്ത്രീയുടെ ഇടങ്ങളും പ്രവൃത്തികളും നിർണ്ണയിച്ചുകൊണ്ടേയിരിക്കുന്നു.

തുടർന്ന് കഥാഭാഗങ്ങൾ വിശകലനത്തിനായി നൽകുന്നു.

| |
|---|
| 'അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റിയങ്ങനെ??.. അന്റെ പെയിന്റടി പോല ല്ലാത്.... എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റേ പണ്യല്ല.' (ചിത്രകാരി) |
| 'സമ്മേളനത്തിനു കവിത വായിച്ച പെങ്കുട്ട്യെ ഇഷ്ടപ്പെട്ടുന്ന് പറഞ്ഞതിന് ഇവിടെ വലിയ പുകിലായിരുന്നൂത്രേ... എന്താ ശര്യല്ലേ? എന്തിനാ പാട്ടും കഥേം? അമ്മ പറേണത് പോലെ, പെണ്ണായാൽ ചോറും കറിയും വയ്ക്കണം, പെറണം..." (ഓർമ്മയുടെ ഞരമ്പ് - കെ. ആർ. മീര) |

DRAFT

ചോദ്യം ഉന്നയിക്കുന്നു.

? ഈ രചനാഭാഗങ്ങളിൽ തെളിയുന്നതുപോലുള്ള അവസ്ഥകൾ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുണ്ടോ?

? ഈ വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചാലോ? എന്തെല്ലാം മുന്നൊരുക്കങ്ങൾ ?

— കൂടുതൽ ആശയങ്ങൾ കണ്ടെത്തണം.

— ഗ്രൂപ്പുതലത്തിൽ ചർച്ച നടക്കണം.

— വിഷയവുമായി ബന്ധപ്പെട്ട ഒരു പൊതുതലക്കെട്ട് കണ്ടെത്താം.

— സംഘാടകസമിതി രൂപീകരിക്കണം

— പ്രചാരണത്തിനായി നോട്ടീസ്, പോസ്റ്റർ എന്നിവ തയ്യാറാക്കണം

— ചർച്ച വിലയിരുത്തുന്നതിനായി ചുമതലകൾ നൽകണം

**വിലയിരുത്തൽ സൂചകങ്ങൾ**

- വിഷയവുമായി ബന്ധപ്പെട്ട് പരമാവധി ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട്.
- ജനാധിപത്യമര്യാദകൾ പാലിച്ചുകൊണ്ട് മറ്റുള്ളവർ പറയുന്നതു കേൾക്കാനുള്ള മനോഭാവം പ്രകടിപ്പിച്ചിട്ടുണ്ട്.
- ആശയങ്ങൾ ക്രമീകരിച്ച് സമയബന്ധിതമായി അവതരിപ്പിച്ചിട്ടുണ്ട്.

DRAFT

# ഖൽബിലെ നിലാവ്

## പാഠവിശകലനം

നമ്മുടെ പാട്ടുപാരമ്പര്യത്തിലെ നാടോടിത്തനിമ പ്രതിഫലിക്കുന്ന ഒരു ഗാനമാണ് 'ഖൽബിലെ നിലാവ്' എന്ന പേരിൽ പാഠഭാഗമായി ചേർത്തിരിക്കുന്നത്. മലയാള ഗാനശാഖയെ സമ്പന്നമാക്കിയതിൽ കേരളത്തിന്റെ സഞ്ചിതസംസ്കാരം വലിയൊരു പങ്കുവഹിക്കുന്നുണ്ട്. വ്യത്യസ്തസമൂഹങ്ങൾ തമ്മിലുള്ള ഭാഷാപരവും സാമൂഹികവുമായ പരസ്പരസമ്പർക്കങ്ങളിൽനിന്നാണ് അറബിമലയാളംപോലുള്ള സങ്കരഭാഷകൾ രൂപപ്പെട്ടത്. കപ്പപ്പാട്ട്, മാലപ്പാട്ട്, കെസ്സുപാട്ട്, പടപ്പാട്ട് എന്നിങ്ങനെ മാപ്പിളപ്പാട്ടിന്റെ സുന്ദരവൈവിധ്യങ്ങൾ നിറഞ്ഞതാണ് അറബിമലയാളഗാനശാഖ. മാപ്പിളപ്പാട്ടുശൈലിയിൽ ഒരുക്കിയ ഈ ഗാനം സാംസ്കാരികചരിത്രത്തിലെ ഒരേടാണ്. നമ്മുടെ കലകളെയും സംസ്കാരത്തെയും അതിന്റെ നാനാത്വത്തെയും മനസ്സിലാക്കാൻ ഇതുപോലുള്ള പല ഗാനങ്ങളും സഹായിക്കും.

നായികയെ വർണ്ണിക്കുന്ന സ്വഭാവമാണ് ഈ ഗാനത്തിലെ വരികളിൽ കാണുന്നത്. താമരപ്പൂങ്കാവനത്തിൽ താമസിക്കുന്ന പൂക്കളുടെ റാണിയായാണ് നായകൻ അവളെ കാണുന്നത്. നമ്മുടെ ഭാഷയിലെ മനോഹരങ്ങളായ പ്രയോഗങ്ങളും കാല്പനികമായ അന്തരീക്ഷം ഒരുക്കിയെടുക്കാൻ സഹായിക്കുന്ന വാങ്മയചിത്രങ്ങളും ഗാനത്തിൽ ഇണക്കിച്ചേർത്തിരിക്കുന്നതു കാണാം. ഒരുവേള, അവളെ പഞ്ചവർണ്ണപ്പൈങ്കിളിയേക്കാൾ മനോഹരി എന്ന് അയാൾ സംബോധന ചെയ്യുന്നു. പ്രണയത്തിന് അനുകൂലമായ ആലംബനങ്ങൾ ധാരാളം പാട്ടിൽ ചിത്രീകരിക്കുന്നു. അതാണ് പൂനിലാവിന്റെ പൂവിതറലും പൂക്കളുടെ റാണിയായുള്ള നോക്കിക്കാണലും. തന്റെ കണ്മണിയെ കാണാനായി കാത്തിരുന്ന് കാത്തിരുന്ന് കാലുതരിക്കുമ്പോഴും കണ്ണുകൾ അതിയായി കൊതിക്കുമ്പോഴും നായകന്റെ മനസ്സ് കേന്ദ്രീകരിച്ചിരിക്കുന്നത് പ്രിയപ്പെട്ടവളിലേക്കു മാത്രമാണ്. അവളാകട്ടെ കണ്ണുകൾ കൊണ്ട് ഖൽബിലേക്ക് (ഹൃദയത്തിലേക്ക്) പ്രണയത്തിന്റെ കല്ലെറിയുന്നവളാണ്. അമ്പിളിമാമനെപ്പോലും അമ്പരപ്പിക്കുന്ന സൗന്ദര്യകാന്തി ചിതറുന്നവളാണ്. ഇത്തരത്തിലുള്ള വർണ്ണനകളിലൂടെയും അതിശയോക്തികളിലൂടെയും രംഗാവതരണത്തിന്റെ സവിശേഷ ആവശ്യങ്ങളെ അതികാല്പനികമായി ഒരുക്കിയെടുക്കുകയാണ് ഗാനത്തിലൂടെ. വേദിയിൽ പ്രേക്ഷകരുടെ പ്രിയം പിടിച്ചെടുക്കുന്നതിനുള്ള ഉപാധി നാടകകൃത്ത് സ്വന്തം കൈയിൽ ഭദ്രമാക്കിയിരിക്കുന്നു എന്നതും കാണണം.

നായികയുടെയും നായകന്റെയും സ്നേഹത്തിന്റെ ആന്തരികതലങ്ങളാണ് ഇവിടെ കാണുന്നത്. ഇത് ഭൂമിയാണ് എന്ന നാടകത്തിലെ അഞ്ചാം രംഗത്തിലുള്ള ഗാനമാണിത്. നാട്ടുമൊഴിയായി പ്രചരിച്ചുവന്ന മാപ്പിളപ്പാട്ട് വരികളാണ് 'താമരപ്പൂങ്കാവനത്തിൽ' എന്നു തുടങ്ങുന്ന ആദ്യ വരികൾ. ആ താളത്തിൽ പുതിയ വരികൾ കൂട്ടിച്ചേർക്കുകയാണ് രചയിതാവ് ചെയ്തിരിക്കുന്നത്. ഈ തുടർച്ച ഏറ്റവും മനോഹരവും സ്വാഭാവികവുമായി നമുക്ക് ആസ്വദിക്കാൻ കഴിയും. ബാല്യകാലസഖി എന്ന സിനിമയിലും ഈ ഗാനമുണ്ട്.

DRAFT

## പ്രവർത്തനവിശകലനം

| |
|---|
| "ചായംമറിഞ്ഞ ഉടുപ്പണിഞ്ഞ്<br>പാട്ടുപാടിപ്പറക്കുന്നൊരു<br>പൂമ്പാറ്റച്ചിറക് " |

ഈ വാക്യം വിശകലനം ചെയ്യുന്നു

? ഈ വരികൾ നിങ്ങളുടെ മനസ്സിലുണർത്തുന്ന ചിന്തകൾ എന്തെല്ലാം ?

കുട്ടികൾ പ്രതികരിക്കുന്നു.

? വരികളിലെ പ്രകൃതിദൃശ്യവും ചിത്രകാരി എന്ന കഥയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ചർച്ച

**ക്രോഡീകരണം**

| |
|---|
| ചിത്രകാരിയുടെ കഥയിൽനിന്നുമാണ് ഖൽബിലെ നിലാവ് എന്ന സിനിമാപ്പാട്ടിലേക്കു പ്രവേശിക്കുന്നത്. കഥയിൽ കണ്ട തട്ടിത്തെറിച്ച് ചിതറിപ്പരന്ന മഞ്ഞപ്പച്ചച്ചായക്കൂട്ടുകളുടെ പ്രതിഫലനമെന്നോണം വർണ്ണക്കുപ്പായമിട്ട പൂമ്പാറ്റച്ചിറകുകളുടെ മനോഹരചിത്രമാണ് വരികളിൽ തെളിയുന്നത്. അവയാകട്ടെ ചിത്രകാരിയുടെ കാൻവാസിനരികിൽ മറിഞ്ഞ ചായക്കൂട്ടുകളിൽനിന്നും നിറമാർന്നവയുമാണ്. സർഗാത്മകസൗന്ദര്യലോകത്ത് നിറഞ്ഞുകവിയുന്ന വർണ്ണം വിതറുന്ന സ്വാതന്ത്ര്യത്തിന്റെ സൂചകമായി നിറവാർന്നു പറക്കുന്ന പൂമ്പാറ്റകൾ പാട്ടിലെ ആശയങ്ങളെയും ആഹ്ലാദത്തെയും ഓർമ്മിപ്പിക്കുന്നു. |


DRAFT

## കണ്ടെത്തി എഴുതുക

പ്രസിദ്ധമായ ഒരു സിനിമാഗാനം കേൾപ്പിക്കുന്നു.
"കായലരികത്ത് വലയെറിഞ്ഞപ്പോൾ
വളകിലുക്കിയ സുന്ദരീ..."
കുട്ടികൾ പാട്ടുകേട്ട് ഒന്നിച്ച് ഏറ്റുപാടുന്നു.
ഇത്തരത്തിൽ കുട്ടികൾക്ക് അറിയാവുന്ന മാപ്പിളപ്പാട്ടിന്റെ താളത്തിലുള്ള പാട്ടുകൾ പാടാൻ അവസരമൊക്കുന്നു.
ഓരോ പാട്ടിന്റെയും ആദ്യത്തെ ഏതാനും വരികൾ ഒന്നിച്ചുപാടട്ടെ.
ആഹ്ലാദകരമായ പാട്ടിന്റെ അന്തരീക്ഷത്തിൽനിന്ന് ഖൽബിലെ നിലാവിലേക്ക്.
ഖൽബിലെ നിലാവ് എന്ന കാവ്യഭാഗത്തിന്റെ ഓഡിയോ കേൾപ്പിക്കുന്നു. തുടർന്ന് കുട്ടികൾ ഗ്രൂപ്പായി ഗാനം ആലപിക്കുന്നു.

ചർച്ച

**കെ.ടി.യുടെ നാടകത്തിൽ നിന്ന്**


(പുസ്കാന്റെ വീട്. പാത്തേയി എഴുതിക്കൊണ്ടിരിക്കുന്നു. പുസ്തകത്തിലാണ് മേശമേൽ ... പുസ്തകങ്ങളുമുണ്ട്. കദീശ ഒരു സബീനപ്പാട്ടുമായി പ്രവേശിക്കുന്നു; പാടിക്കൊണ്ട്)

കദീശ: താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളെ.
പഞ്ചവർണ്ണപ്പൈങ്കിളിയില് പങ്കറങ്കുള്ളോളേ.
പാത്തേയ്ത്താത്താ, ഈ പാട്ട്ങ്ങക്കറിയൊ? നോക്കീം, നല്ല പാട്ടാ (പാത്തേയ് ശ്രദ്ധിക്കുന്നില്ലെന്ന് മനസ്സിലാക്കി) എന്താങ്ങളീ എയ്ത്ണ്? ങേ ഇത് നല്ല രസള്ള പാട്ടാ കൈച്ചാത്താക്ക് നല്ലോണം പാടാനറിയ ട്ടൊ...... ങളെന്താ മുണ്ടാത്തത്. പാത്തേയ്ത്താത്ത. ങക്കെന്താ മുണ്ടിക്കൂടെ ങളെ നാവുമ്മലെന്താ കുരുണ്ടോന്ന്. (എന്നിട്ടും വിളികേൾക്കാതിരുന്നതുകൊണ്ട്) ന്നാ ഞാൻ പോഗ്വാണ്. (തിരിഞ്ഞ് അകത്തേയ്ക്കു നടക്കാനാവിക്കുമ്പോൾ ഖാലിദ് പ്രവേശിക്കുന്നു)

ഖാലിദ്: ആരാത് കദീശേ? (പാത്തേയി എഴുന്നേറ്റു നില്ക്കുന്നതുകണ്ട്) പാത്തേയ ഇരുന്നെഴുതിക്കോളൂ. (പാത്തേയി ഇരിക്കുന്നു) എന്താ കദീശാ?

കദീശ: ഇതൊരു പാട്ടാണ്ക്കാക്ക.

ഖാലിദ്: എന്ത് പാട്ട്?

കദീശ: കൈച്ചാത്ത പാട്ണപാട്ടാ.

ഖാലിദ്: (വാങ്ങുന്നു) എങ്ങനേണ്ത് പാട്ത്ത്? ഒന്നു പാട്.

കദീശ: (പാടുന്നു) താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളേ - പഞ്ചവർണ്ണപൈങ്കിളിയില് പങ്കറങ്കുള്ളോളെ.


ഖാലിദ്: (തമാശയായി ആലോചിച്ച് പാട്ടിലേയ്ക്കുനോക്കി) ഇത് ഇങ്ങനെയ പാട്ത്ത്.

കദീശ: ഇങ്ങനെത്തന്നേണ് പാടല്.

ഖാലിദ്: കൈച്ചാത്തക്ക് പാടാനറിയണ്ടെ. ഞാൻ പാടിത്തരട്ടെ. (പാട്ടുപുസ്തകത്തിലേക്കു സൂക്ഷിച്ചുനോക്കി ഒരു പുതുരീതിയുണ്ടാക്കുന്നു. ആ രീതിനുസരിച്ച് ഒരു തവണ പറയുന്നു) താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളെ.... ഞാൻ പാടിത്തരട്ടെ കദീശാ. (ഖാലിദ് പാടാനൊരുങ്ങു കദീശ മേശയ്ക്കടുത്തു ചെന്നു മേശമേൽ കൈകുത്തിനിന്നു പാടുന്ന ... കാണാൻ പുഞ്ചിരിച്ചു നില്ക്കുന്നു. പാത്തേയി എല്ലാം ശ്രദ്ധിക്കുന്നുണ്ടെങ്കി...

? ഈ ഗാനത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

? നായകൻ കാത്തിരിക്കുന്നത് ആരെയായിരിക്കും?



ഖാലിദ്: (പാടുകയാണ്) താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളേ – പഞ്ച വർണ്ണപൈങ്കിളിയില് പങ്കുള്ളോളേ.

കദീശ: ഇങ്ങനല്ലക്കാക്ക അത് പാടല്.

ഖാലിദ്: തന്നെ കദീശ. നീ നോക്കിക്കോ. (തുടർന്ന് അതിലുള്ളതാണെന്നുഭാവിച്ച് പുതിയ വരികൾ പാടിത്തുടരുന്നു) പുനിലാവ് വന്ന് പൂവിതറീണ്ടേ – പൂക്കളിൽ പൂ റാണിയായി പൂത്തുനില്ക്കുന്നോളേ...

കദീശ: അതൊന്നും അയില് ഇല്ലാത്തതാണ്.

ഖാലിദ്: ഇതൊക്കേണ് ഇതിലുള്ളത്. അയിന് നിങ്ങൾക്ക് പാടാനറിയണ്ടെ. ഇനിയുംണ്ട് നോക്കിക്കോ. (തുടരുന്നു) കാത്തിരുന്ന് കാത്തിരുന്ന് കാൽതരിച്ചു പോയി – കണ്മണിയെക്കാണുവാനായ് കൺകൊതിച്ചു പോയി. കണ്ണുകളാൽ കൽബുകളിൽ കല്ലെറിയുന്നോളേ...

കദീശ: എന്തിനാണ് ക്കാക്കാ ഈ ഇല്ലാത്തതൊക്കെ പാടണത്!

ഖാലിദ്: (പാട്ടുപുസ്തകം മേശമേലിട്ടുകൊണ്ട്) ഇല്ലാത്തതൊ. വായിച്ചു നോക്ക് പെണ്ണേ. പോരെങ്കിൽ കുറച്ചുംകൂടി ഞാൻ കേൾപ്പിച്ചുതരാ. (മേശയ്ക്കടുത്തുചെന്ന് പാട്ടുപുസ്തകത്തിലേക്കു നോക്കി) അന്നൊരു നാൾ അമ്പിളിമാൻ വമ്പനായി വന്നു – വന്ന് നിന്നെക്കണ്ടതോടെയമ്പരന്ന് നിന്ന് – കണ്ണുകളാൽ കൽബുകളിൽ കല്ലെറിയുന്നോളേ... (ഖാലിദ് കദീശയെ നോക്കുന്നു. കദീശ പുറത്തെ വാതില്ക്കലോളം ചെന്ന് പുറത്തേയ്ക്കു നോക്കുകയാണ്; നേരിയ ഭയത്തോടെ) ബാപ്പനെ അനക്ക്ത്ര പേടിണ്ടെ

കുട്ടികൾ പ്രതികരിക്കുന്നു.

? നായകന്റെ കാത്തിരിപ്പ് സൂചിപ്പിക്കുന്ന വരികൾ ഏതെല്ലാം ?

? നായകന്റെ കാത്തിരിപ്പ് ഗാനത്തിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

വ്യക്തിഗതമായി കണ്ടെത്തി കുറിക്കുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. ക്രോഡീകരിച്ച് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഗ്രൂപ്പുകളുടെ അവതരണം വിലയിരുത്തുന്നു.

<u>വിലയിരുത്തൽ സൂചകങ്ങൾ</u>

- ഗ്രൂപ്പിലെ അംഗങ്ങളുടെ പങ്കാളിത്തം.
- കാത്തിരിപ്പിന്റെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

<u>ക്രോഡീകരണം</u>

- കാത്തിരുന്ന് കാത്തിരുന്ന്
  കാൽത്തരിച്ചുപോയി
- കണ്മണിയെ കാണുവാനായ്
  കൺ കൊതിച്ചുപോയി.
- നായികയെ കാണാനുള്ള കൊതിയും കാത്തിരിപ്പിന്റെ ദൈർഘ്യവും വികാരതീവ്രമായി ആവിഷ്കരിക്കുന്നു. വാക്കുകളുടെ ആവർത്തനം നായകന്റെ അവസ്ഥ പ്രതിഫലിപ്പിക്കുന്നുണ്ട്.
- നായകന്റെ മനസ്സ് കേന്ദ്രീകരിച്ചിരിക്കുന്നത് നായികയിൽ മാത്രമാണ്.
-

<u>വിശകലനക്കുറിപ്പ് തയ്യാറാക്കാം</u>

? നായികയെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെയെല്ലാം?

കുട്ടികൾ വായിച്ചു കണ്ടെത്തിപ്പറയുന്നു.

DRAFT

**ക്രോഡീകരണം**

- താമരപ്പൂങ്കാവനത്തിൽ താമസിക്കുന്നവൾ.
- പഞ്ചവർണ്ണപ്പൈങ്കിളിയിൽ പങ്ക് റങ്കുള്ളവൾ.
- പൂക്കളിൽ പൂറാണിയായി പൂത്തുനിൽക്കുന്നവൾ.
- കണ്ണുകളാൽ ഖൽബുകളിൽ കല്ലെറിയുന്നവൾ.
- അമ്പിളിമാമനെ സൗന്ദര്യത്തിൽ അമ്പരപ്പിക്കുന്നവൾ.

ഓരോന്നു വീതം 7/8 പേർ വീതമുള്ള ഗ്രൂപ്പിൽ നൽകുന്നു. ഓരോ ഗ്രൂപ്പും സന്ദർഭവുമായി ബന്ധിപ്പിച്ച് വരികൾ വിശകലനം ചെയ്യുന്നു.

**വിശകലനച്ചോദ്യങ്ങൾ**

? ഈ വരികളിൽ നായികയെ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?
? പഞ്ചവർണ്ണപ്പൈങ്കിളിയിൽ പങ്ക് റങ്കുള്ളവൾ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
? അവളോടുള്ള നായകന്റെ ഇഷ്ടം വരികളിൽ തെളിയുന്നുണ്ടോ?
? നായികയുടെയും പ്രകൃതിയുടെയും സൗന്ദര്യം ചേർത്തുപറഞ്ഞതിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

ഓരോ ഗ്രൂപ്പും ക്രോഡീകരിച്ച് എഴുതി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.

**ക്രോഡീകരണം**

- താമരപ്പൂങ്കാവനത്തിൽ താമസിക്കുന്നവൾ, പഞ്ചവർണ്ണപ്പൈങ്കിളിയുടെ സൗന്ദര്യം പകർന്നു കിട്ടിയവൾ, പൂക്കളുടെ മഹാറാണി, ഖൽബുകളിൽ കണ്ണെറിയുന്നവൾ, അമ്പിളിമാമനെ വെല്ലുന്നവൾ എന്നീ വിശേഷണങ്ങൾ നായികയുടെ അവർണ്ണനീയമായ സൗന്ദര്യത്തെ ആവിഷ്കരിക്കുന്നു.
- പഞ്ചവർണ്ണപ്പൈങ്കിയുടെ റങ്ക് (ഭംഗി ) പങ്കിട്ടെടുത്തവൾ. പഞ്ചവർണ്ണ പൈങ്കിളിയെപ്പോലെ ഭംഗിയുള്ളവൾ എന്നതിനു പകരമായി ഈ പ്രയോഗത്തെ കാണാവുന്നതാണ്.
- നായികയുടെ സൗന്ദര്യാതിശയം സൂചിപ്പിക്കുന്നു.
- പ്രകൃതിസൗന്ദര്യത്തെപ്പോലും വെല്ലുന്ന നായികയുടെ സൗന്ദര്യമാണ് നായകന്റെ ഹൃദയത്തെ തരളിതമാക്കുന്നത്. വിശേഷണങ്ങളിലെല്ലാം അവളോടുള്ള ഇഷ്ടം പ്രകടമാകുന്നുണ്ട്.
- താമരപ്പൂങ്കാവനം, പഞ്ചവർണ്ണപ്പൈങ്കിളി, പൂക്കൾ, അമ്പിളിമാമൻ എന്നീ പ്രകൃതിഭാവങ്ങൾ നായികയുടെ രൂപഭാവങ്ങളുമായി ചേർത്തുവച്ചിരിക്കുന്നു.

ചർച്ചയുടെ അടിസ്ഥാനത്തിൽ ഖൽബിലെ നിലാവ് എന്ന ഗാനത്തിലെ വർണ്ണനയുടെ ഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് പരസ്പരം കൈമാറി വായിച്ചു മെച്ചപ്പെടുത്തുന്നു.

DRAFT

**വിലയിരുത്തൽ സൂചകങ്ങൾ**

- വർണ്ണനാഭംഗി കണ്ടെത്തിയിട്ടുണ്ട്.
- വിശകലനം ചെയ്തിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

**ഗാനരചന**

കായലരികത്ത് വലയെറിഞ്ഞപ്പോൾ, ഖൽബിലെ നിലാവ് എന്നീ ഗാനങ്ങൾ കേട്ടല്ലോ തുടർന്ന് പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി, ഗിരീഷ് പുത്തഞ്ചേരി, യൂസഫലി കേച്ചേരി തുടങ്ങിയവരുടെ പ്രശസ്തമായ ചില ഗാനങ്ങൾ കുട്ടികളെ കേൾപ്പിക്കുന്നു

ഗാനങ്ങളുടെ പൊതുസവിശേഷതകളെക്കുറിച്ച് ചർച്ച -

പ്രമേയം, പല്ലവി, അനുപല്ലവി എന്നിവയിലെ വ്യത്യാസങ്ങൾ, പദങ്ങളുടെ തിരഞ്ഞെടുപ്പ്, താളാത്മകഥ എന്നിവയെക്കുറിച്ചുള്ള സാമാന്യധാരണ ലഭിക്കുംവിധം ചർച്ച നയിക്കണം .

തുടർന്ന് കുട്ടികൾക്ക് ഇഷ്ടപ്പെട്ട ആശയത്തെ മുൻനിർത്തി ഒരു ഗാനം രചിക്കാൻ ആവശ്യപ്പെടുന്നു. (വ്യക്തിഗതം)

രചനകൾ പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു

**വിലയിരുത്തൽ സൂചകങ്ങൾ**

- പ്രമേയം ഉൾക്കൊണ്ടിട്ടുണ്ട്.
- ഉചിതമായ പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്.
- ഈണവും താളവും ഉൾക്കൊണ്ട് വരികൾ എഴുതിയിട്ടുണ്ട്.

ഗാനങ്ങളുടെ പതിപ്പ് തയ്യാറാക്കാൻ നിർദേശിക്കുന്നു.
രചിച്ച ഗാനങ്ങൾ ഉൾപ്പെടുത്തി ഗാനസദസ്സ് സംഘടിപ്പിക്കുന്നു. ഗാനസദസ്സ് സംഘടിപ്പിക്കുമ്പോൾ ദിവസം മുൻകൂട്ടി നിശ്ചയിക്കുകയും മുന്നൊരുക്കങ്ങൾ നടത്തുകയും വേണം.

സ്കൂളിലെ സംഗീതാധ്യാപകനെയോ സമീപപ്രദേശത്തെ സംഗീതജ്ഞനെയോ ഉൾപ്പെടുത്തി ഉദ്ഘാടനച്ചടങ്ങ് നിർവഹിക്കാവുന്നതാണ്. ഗാനത്തെക്കുറിച്ചുള്ള വിശകലനവും ചർച്ചയും നടത്തണം.

**സംവാദം സംഘടിപ്പിക്കുക**

കിരീടം എന്ന സിനിമയിലെ 'കണ്ണീർ പൂവിന്റെ കവിളിൽ തലോടി' എന്ന ഗാനം - വീഡിയോ പ്രദർശിപ്പിക്കുന്നു.

ചർച്ച

DRAFT

? ഈ ഗാനത്തിന്റെ പ്രമേയം എന്ത് ?

? കഥാനായകന്റെ മാനസികാവസ്ഥ ഈ ഗാനത്തിൽ പ്രകടമാകുന്നുണ്ടോ?

? ഗാനം ഉപയോഗിച്ചതുകൊണ്ട് സന്ദർഭത്തിന് എന്തെങ്കിലും മേന്മ ലഭിക്കുന്നുണ്ടോ?

കുട്ടികൾ പ്രതികരിക്കുന്നു.

തുടർന്ന് നാടകങ്ങളിലും സിനിമകളിലും ഗാനം അനിവാര്യമാണോ എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുന്നു.

മുന്നൊരുക്കം നടത്തുന്നു.

കുട്ടികൾ രണ്ട് ഗ്രൂപ്പാവുന്നു.

ആശയം ചർച്ച ചെയ്യുന്നു. മോഡറേറ്ററെ നിശ്ചയിക്കുന്നു. പ്രചാരണത്തിനായി നോട്ടീസ്, പോസ്റ്റർ എന്നിവ ഡിജിറ്റലായി തയ്യാറാക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്.
- യുക്തിപൂർണ്ണമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

**ആമുഖഭാഷണം തയ്യാറാക്കുക**

മലയാളികൾ ഏറെ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ സിനിമാഗാനങ്ങൾ ക്ലാസിൽ ഓഡിയോ/ വീഡിയോ അവതരിപ്പിക്കുന്നു.

ഓരോ ഗാനത്തിന്റെയും സവിശേഷതകൾ ചർച്ച ചെയ്ത് ആമുഖക്കുറിപ്പായി എഴുതാൻ നിർദേശിക്കുന്നു (വ്യക്തിഗതം)

ചില അവതരണങ്ങൾ

തുടർന്ന് ബെഞ്ച്ഗ്രൂപ്പ് രൂപീകരിക്കുന്നു.

ഓരോ ഗ്രൂപ്പിനും വ്യത്യസ്തമായ നാടക / സിനിമാഗാനങ്ങൾ നൽകുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആമുഖഭാഷണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**ചർച്ചാസൂചകങ്ങൾ**

- ഗാനരചയിതാവ്
- സംഗീതം
- ആലാപനം
- സിനിമ
- ഗാനത്തിന്റെ പ്രമേയം
- ഭാഷാരീതിയും സൗന്ദര്യാവിഷ്കാരവും

ഓരോ ഗ്രൂപ്പിന്റെയും പൊതുഅവതരണം.

DRAFT

വിലയിരുത്തുന്നതിനായി വിലയിരുത്തൽ ഗ്രൂപ്പിനെ നിശ്ചയിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ഗാനവുമായി ബന്ധപ്പെട്ട പൊതുവായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്
- പ്രമേയം വിശകലനം ചെയ്തിട്ടുണ്ട്.
- ഭാഷാപ്രയോഗഭംഗിയും സൗന്ദര്യതലവും വ്യക്തമാക്കിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

**വീഡിയോ തയ്യാറാക്കാം**

കൃഷി, പ്രകൃതി, സാമൂഹികജീവിതം, പ്രണയം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട ഗാനങ്ങൾ പരിചയപ്പെടുത്തുന്നു.

കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഗാനം പാടാൻ അവസരം നൽകുന്നു. കുട്ടികൾ അവതരിപ്പിച്ചവയിൽ അഞ്ചു ഗാനങ്ങൾ തിരഞ്ഞെടുക്കുന്നു.

പ്രസ്തുതഗാനങ്ങൾ വിശകലനം ചെയ്യുന്നു. വീഡിയോ തയ്യാറാക്കാൻ അഞ്ചു ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ( ഒരു ഗ്രൂപ്പ് ഒരു ഗാനം വീതം)

ഓരോ ഗ്രൂപ്പും ഗാനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു. കുട്ടികൾ ഗാന വിശകലനവീഡിയോ ചിത്രീകരിക്കുന്നു. സംഗീതം, ടൈറ്റിൽ, പശ്ചാത്തലദൃശ്യങ്ങൾ, ഉചിതമായ പ്രകൃതിദൃശ്യങ്ങൾ എന്നിവ ചേർത്ത് വീഡിയോ എഡിറ്റു ചെയ്യുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ഗാനത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആകർഷകമായി അവതരിപ്പിച്ചിട്ടുണ്ട്.
- ഉചിതമായ ദൃശ്യങ്ങളും വിവരണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- ശബ്ദദൃശ്യങ്ങളുടെ ഭംഗിയും വ്യക്തതയും.

വീഡിയോകൾ സ്കൂൾ വിക്കിയിൽ അപ്ലോഡ് ചെയ്യുന്നു. ക്ലാസ് ഓൺലൈൻ ഗ്രൂപ്പുകൾ, നവമാധ്യമങ്ങൾ എന്നിവയിൽ പങ്കുവയ്ക്കുകയും ചെയ്യുന്നു.

**ഗാനപാരമ്പര്യം - മാപ്പിളപ്പാട്ടുകൾ**

ഭാഷയിൽ മറ്റ് സാഹിത്യരൂപങ്ങൾ പിറവികൊള്ളുംമുമ്പേ ആവിർഭവിച്ചവയാണ് ഗാനങ്ങൾ. നാടൻപാട്ടുകളുടെയും ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട മൊഴിവഴക്കങ്ങളുടെയും സമൃദ്ധമായ പാരമ്പര്യം കേരളത്തിലുണ്ട്. അനുഭവങ്ങളെ, വികാരങ്ങളെ സഹജീവികളുമായി പങ്കുവയ്ക്കാനും തലമുറകളിലേക്ക് പകരാനും മനുഷ്യൻ രൂപപ്പെടുത്തിയ വാമൊഴി വഴക്കങ്ങളുടെ സർഗാത്മകവികാസമാണ് ഗാനസാഹിത്യത്തിലുള്ളത്. അനുഷ്ഠാനം, അധ്വാനം, വിനോദം, ചരിത്രം, ഐതിഹ്യം ഇങ്ങനെ ജീവിതത്തിന്റെ സമസ്തമേഖലകളും നമ്മുടെ പാട്ടിൽ കാണാം. കാവ്യവൃത്തങ്ങളുടെ പൂർവരൂപങ്ങൾ പലതും പാട്ടുകളിലെ താളമട്ടുകളിൽ അന്തർലീനമായിട്ടുണ്ട്.

DRAFT

പ്രാദേശികത, വൈകാരികത, സംഘബോധം, പ്രകൃതിബോധം തുടങ്ങിയവ നമ്മുടെ നാടോടിഗാനപാരമ്പര്യത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളാണ്. നന്തുണിപ്പാട്ട്, ഉടുക്കുപാട്ട്, കൊയ്ത്തുപാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, താരാട്ടുപാട്ട്, തുമ്പിതുള്ളൽപ്പാട്ട്, ഊഞ്ഞാൽപ്പാട്ട്, വഞ്ചിപ്പാട്ട് എന്നിങ്ങനെ കേരളീയജീവിതത്തിന്റെ സർവമേഖലകളും നമ്മുടെ പാട്ടുകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. മലയാളവും തമിഴും കലർന്ന പാട്ടുപ്രസ്ഥാനം പാട്ടുപാരമ്പര്യത്തിന്റെ സാഹിതീയവികാസമാണ്.

സിനിമാഗാനങ്ങളിലൂടെയും സംഗീത ആൽബങ്ങളിലൂടെയും നാടൻപാട്ടുകളുടെ പുതുരൂപങ്ങളി ലൂടെയും പുത്തൻ തലമുറയുടെ റാപ്പുകളിലൂടെയും നമ്മുടെ ഗാനരീതി സജീവമായി ഇന്നും തുടരുന്നു

പാട്ടുപാരമ്പര്യത്തിലെ സവിശേഷവിഭാഗമാണ് മാപ്പിളപ്പാട്ടുകൾ. അറബിമലയാളസാഹിത്യത്തിലെ പദ്യകൃതികളാണ് ഇവ. അറബികളും കേരളവുമായി ഉണ്ടായിരുന്ന കച്ചവടബന്ധങ്ങളി ലൂടെയും, ഭാഷാപരവും സാംസ്കാരികവുമായ സമ്പർക്കത്തിലൂടെയും ഉണ്ടായ സങ്കരഭാഷയാണ് അറബിമലയാളം. അറബിലിപിയിൽ മലയാളം എഴുതുകയാണ് ഇതിന്റെ രീതി. അറബി മലയാളത്തിൽ ഗദ്യകൃതികളും പദ്യകൃതികളും ധാരാളമായി എഴുതപ്പെട്ടിട്ടുണ്ട്. പദ്യകൃതികളായ മാപ്പിളപ്പാട്ടുകളാണ് ഇതിൽ ഏറ്റവും പ്രചാരം നേടിയത്. ഇമ്പമാർന്ന ഇശലുകളും നാടൻപദങ്ങളുടെ സുന്ദരമായ ചേർച്ചകളും ഇവയെ ഹൃദ്യമാക്കുന്നു.

1607 ൽ ഖാസി മുഹമ്മദ് രചിച്ച മുഹയുദ്ദീൻ മാലയാണ് കൃത്യമായി കാലഗണന ചെയ്ത് കണ്ടെടുക്കപ്പെട്ട ആദ്യ മാപ്പിളപ്പാട്ടുകൃതി. സൂഫിവര്യന്മാരുടെ അപദാനങ്ങൾ വാഴ്ത്തുന്ന മാലപ്പാട്ടുകൾ, യുദ്ധവർണ്ണനയായ പടപ്പാട്ടുകൾ, കത്തുപാട്ടുകൾ, ഒപ്പനപ്പാട്ടുകൾ, കെസ്സുപാട്ടുകൾ ഇങ്ങനെ പല വിഭാഗങ്ങൾ മാപ്പിളപ്പാട്ടുകളിലുണ്ട്.

സബീനപ്പാട്ടുകൾ, കപ്പപ്പാട്ടുകൾ എന്നീ പേരുകളിലാണ് ആദ്യകാലങ്ങളിൽ മാപ്പിളപ്പാട്ടുകൾ അറിയപ്പെട്ടിരുന്നത്. മഹാകവി മോയിൻകുട്ടി വൈദ്യർ, പുലിക്കോട്ടിൽ ഹൈദർ എന്നിവർ നമ്മുടെ മാപ്പിളപ്പാട്ടുസാഹിത്യത്തിലെ പ്രധാനികളാണ്. പി. ഭാസ്കരൻ, കെ. ടി. മുഹമ്മദ് തുടങ്ങിയവരിലൂടെ മാപ്പിളപ്പാട്ടുരീതികൾ നാടക സിനിമമേഖലയിലും പ്രചാരം നേടി. സിനിമയിലും ആൽബങ്ങളിലും ഇന്ന് ഏറെ ജനപ്രിയമായ ഒന്നാണ് മാപ്പിളപ്പാട്ടുകൾ.

DRAFT

# ഒരു പക്ഷിക്കുഞ്ഞിന്റെ മരണം

**പാഠവിശകലനം**

സംഘർഷം നിറഞ്ഞ മാനവജീവിതഭാവങ്ങളുടെ ആവിഷ്കാരമാണ് നാടകം. അതിദ്രുതം വളർന്നുവികസിക്കുന്ന ഇതിവൃത്തം, മാനസികവും സാമൂഹികവുമായ ജീവിതസംഘർഷം, പരിവർത്തനമുൾക്കൊള്ളുന്ന കഥാപാത്രങ്ങൾ, കഥാപാത്രങ്ങളുടെ ആന്തരികഭാവങ്ങൾ ആവിഷ്കരിക്കുന്ന സംഭാഷണങ്ങൾ എന്നിവയെല്ലാം ചേർന്നതാണ് നാടകത്തിന്റെ ജീവൻ. ഈ സവിശേഷതകളെല്ലാം പക്ഷിക്കുഞ്ഞിന്റെ മരണം എന്ന നാടകത്തിൽ വയലാ വാസുദേവൻ പിള്ള യഥോചിതം സന്നിവേശിപ്പിച്ചിരിക്കുന്നതു കാണാം. അധ്വാനിക്കുന്നവന് അപ്പം നിഷേധിക്കുന്ന അധികാരശക്തിയെയും പാരിസ്ഥിതികത താറുമാറാക്കുന്ന രാക്ഷസീയതയെയും അതിജീവിക്കുന്ന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും മാനവികതയുടെയും ആവിഷ്കാരം എന്നിവ ഒരു പക്ഷിക്കുഞ്ഞിന്റെ മരണം എന്ന നാടകത്തിൽ ദർശിക്കാം.

പ്രകൃതിനശീകരണത്തിനിടയിലും പച്ചപ്പ് നഷ്ടപ്പെട്ടുപോകാതെ വഴിവക്കിൽ നിലകൊള്ളുന്ന ഒരു അരയാൽച്ചുവടാണ് നാടകപശ്ചാത്തലം. നിബിഡമായ വനം വെട്ടിത്തെളിച്ചതിന്റെ അവശിഷ്ടങ്ങളും വെളുത്തപൂക്കളും ഈ പശ്ചാത്തലത്തെ അടയാളപ്പെടുത്തുന്നു. നാശത്തിനിടയിലും അവസാനിക്കാത്ത നന്മയുടെയും പ്രതീക്ഷയുടെയും പൂക്കൾ വിരിയുന്നുണ്ട്. അന്ധനായ പക്ഷിശാസ്ത്രക്കാരനും പക്ഷിവേഷക്കാരായ പതിനൊന്നു കിളികളും പാടത്തിനുടമയുമാണ് പ്രധാനകഥാപാത്രങ്ങൾ. അന്ധനെങ്കിലും പക്ഷിശാസ്ത്രക്കാരന്റെ തേജസ്സുറ്റ മുഖത്ത് തന്റെ ചിറകിനുള്ളിൽ കഴിഞ്ഞവരിൽ ഒരുവനെ കാണാതാതെ പോയതിന്റെ ദുഃഖം നിറഞ്ഞുനിൽക്കുന്നുണ്ട്. കൂട്ടംതെറ്റി പറന്നുപോയ കിളി ഇനിയും കൂടണഞ്ഞില്ലല്ലോ എന്ന വിഷാദപൂർണ്ണമായ സംഭാഷണത്തിൽനിന്നാണ് നാടകത്തിന്റെ പ്രമേയം വളർന്നുവികസിക്കുന്നത്. കാണാതെ പോയവൻ സ്വയം ചിറകറുത്ത് കൂട്ടം വിട്ടുപോയതാണ്. അതിമോഹങ്ങളും അധികാരക്കൊതിയും ചിലരെ വർഗവഞ്ചകനാക്കുന്നു. അത്തരത്തിലുള്ള വ്യക്തിയുടെ പ്രതിനിധിയായി അവൻ മാറുന്നുണ്ട്.

കൂട്ടം വിട്ടുപോയവൻ എന്നെങ്കിലും തിരിച്ചുവരുമെന്ന പ്രതീക്ഷ, ഭാവി പ്രവചിക്കാൻ സമർഥനായ, അന്ധതയേറുംതോറും അകത്ത് പ്രകാശമേറുന്ന, ഭാവി തെളിഞ്ഞുകാണുന്ന പക്ഷിശാസ്ത്രക്കാരനിൽ പ്രകടമാകുന്നു. തേനരുവിയുടെ ഉദ്ഭവസ്ഥാനവും തെളിനീർത്തടാകവും കണ്ട്, നാടോടികളുടെ കൂടെക്കഴിഞ്ഞ്, പട്ടിണിക്കാരന്റെ അത്താഴം പങ്കിട്ട് നേടിയ ജീവിതാനുഭവങ്ങളാണ് അയാളുടെ ശക്തി. ദന്തഗോപുരവാസിക്കല്ല മണ്ണിനൊപ്പം ചേർന്നുനിൽക്കുന്നവനാണ് ജീവിതയാഥാർഥ്യങ്ങൾ തിരിച്ചറിയാനാവുക എന്നതിന്റെ സൂചനയാണിത്. അക്ഷയപാത്രത്തിലെ ചീരയിലകൊണ്ട് വിശപ്പടക്കിയ പുരാണകഥ സൂചിപ്പിച്ചുകൊണ്ട് പട്ടിണിക്കാരന്റെ കൈയിൽനിന്നും കിട്ടിയ ഭക്ഷണം മൃഷ്ടാന്നമാവുകയും അവരോട് ആഭിമുഖ്യം പുലർത്തുന്ന ജീവിതദർശനം വെളിപ്പെടുത്തുകയും ചെയ്യുന്നു.

DRAFT

നമ്മയുടെ ഇത്തിരിപ്പൂക്കൾ അവശേഷിക്കുന്ന ഈ മണ്ണിൽ വിതയ്ക്കാനും വാരിക്കൂട്ടാനും മറന്നുപോയവരുടെയും വിതയ്ക്കാൻ ഇത്തിരി മണ്ണില്ലാത്തവരുടെയും വിശപ്പകറ്റാൻ കുന്നിൻപുറത്തെ വിളഞ്ഞുനിൽക്കുന്ന കതിർക്കുലകൾ കാണാനാവുന്നു. വിളകൾ കൊയ്തെടുക്കാനുള്ള ആഹ്വാനം മണ്ണിന്റെയും അധ്വാനത്തിന്റെയും ഫലം അനുഭവിക്കാനുള്ള മണ്ണിന്റെ മക്കളോടുള്ള ആഹ്വാനമാണ്. ഈ ഭൂമിയാകെ നമ്മുടേത് എന്ന പ്രഖ്യാപനവും ഭൂമിയിൽ ഏതോ താപസൻ നമുക്കായി വിതച്ച വരിനെല്ല് ആയിരം മേനിയായി വിളഞ്ഞുനിൽക്കുന്നു എന്ന ഓർമ്മപ്പെടുത്തലും മണ്ണിൽ വിളയുന്നത് ജീവജാലങ്ങൾക്ക് അനുഭവിക്കാനുള്ളതാണ് എന്ന സന്ദേശം നൽകുന്നു. ഈ മണ്ണിന്റെ അവകാശികൾ ഉള്ളവനും ഉടമയുമല്ല, പണിയെടുക്കുന്നവനും പട്ടിണിക്കാരനുമാണ്.

കതിർക്കുലകൾ കൊണ്ടുവരാനുള്ള ആഹ്വാനംകേൾക്കുമ്പോൾ, കെണിയൊരുക്കി കാത്തിരിക്കുന്ന പാടത്തിനുടമയെ ഭയക്കുന്ന കിളികൾക്ക് പക്ഷിശാസ്ത്രക്കാരൻ ആത്മവിശ്വാസം പകർന്നുകൊടുത്ത് യാത്രയാക്കുന്നു. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ പെരുവഴി ഇരുളാണെങ്കിലും ഹൃദയത്തിൽ വെളിച്ചം ഒന്നിച്ചൊഴുക്കി പറന്നുപോകാനുള്ള നിർദേശം ഇരുട്ടിനെ കീറിമുറിച്ച് വെളിച്ചത്തിലേക്ക് കുതിക്കാനുള്ള കരുത്തു പകരലാണ്.

ചിറകു കരിയുന്ന കൊടുംവേനലിന് വഴിയൊരുക്കിയ പരിസ്ഥിതിയുടെ വേരുതോണ്ടുന്ന രാക്ഷസസമൂഹം നമുക്കു ചുറ്റുമുണ്ടെന്ന് കിളികൾ പറയുന്നുണ്ട്. അവരുടെ കൈയിൽപ്പെടാതെ സൂക്ഷിച്ചു പോകണമെന്ന നിർദേശവും അവന്റെ വിഷമുനയേൽക്കാതെ സ്വയം കാത്തുകൊള്ളണമെന്ന ഓർമ്മപ്പെടുത്തലുമുണ്ട്. പകയോ പ്രതികാരമോ അല്ല, അവർക്കുകൂടി തങ്ങളുടെ ചിറകടികൊണ്ട് കുളിർമ്മ നൽകും എന്ന മഹത്തായ പ്രപഞ്ചദർശനം കിളികൾ പങ്കുവയ്ക്കുന്നുണ്ട്. നമുക്ക് കുളിർമ്മ തന്നവനും വെട്ടിയവനും ഒരുപോലെ തണലേകുക എന്ന പക്ഷിശാസ്ത്രക്കാരന്റെ മറുപടി

> "ഇറുപ്പവനും മലർ ഗന്ധമേകും
> വെട്ടുന്നവനും തരു ചൂടകറ്റും
> ഹനിപ്പവനും കിളി പാട്ടുപാടും
> പരോപകാരപ്രവണം പ്രപഞ്ചം"

എന്ന ദർശനത്തെ ഓർമ്മിപ്പിക്കുന്നു. ചേക്കേറുവാൻ ഒരു മരംപോലും ഇല്ലാതായാലും അലറുന്ന കടലിലും തിരയ്ക്കു മുകളിലും കൂടുകെട്ടി അതിജീവനത്തിനുള്ള ആത്മവിശ്വാസം പകർന്നുനൽകുന്നുണ്ട് പക്ഷിശാസ്ത്രക്കാരൻ. എല്ലാ അടിത്തറകളും ഇളകിയാലും പൊരുതിനിൽക്കാനുള്ള ആത്മവിശ്വാസം പകരുന്ന പക്ഷിശാസ്ത്രക്കാരന്റെ വാക്കുകൾ കേട്ട് വിണ്ണിന്റെ മക്കളാവാൻ തയ്യാറെടുക്കുന്ന കിളികൾ വിശപ്പിൽനിന്ന് ആർജ്ജിച്ച കരുത്തുമായി പാടത്തേക്കു പറക്കുന്നു. പാടത്തിനുടമ തടയാനെത്തിയാൽ കുത്തി വീഴ്ത്തണമെന്ന് പറയുന്ന പക്ഷികളോട് അഹിംസയുടെ പാത പിന്തുടരാനാണ് ഉപദേശം. രക്തച്ചൊരിച്ചിൽ ഒന്നിനും പരിഹാരമല്ലാത്തതിനാൽ അവന്റെ രക്തം മണ്ണിൽ വീഴരുതെന്ന് പക്ഷിശാസ്ത്രക്കാരൻ ഓർമ്മിപ്പിക്കുന്നുണ്ട്. ചിറകുവച്ച ചിന്തകളും തീപ്പിടിച്ച സ്വപ്നങ്ങളുമായി പറന്നുയരുന്ന പക്ഷികൾ ലോകത്തിന് പുതിയ ആശയങ്ങളും ആവേശവും നൽകുമെന്നു പ്രത്യാശിക്കുന്നു.

DRAFT

പ്രതീക്ഷയുടെ കൂടാരത്തിൽ ധ്യാനനിമഗ്നനാകുന്ന പക്ഷിശാസ്ത്രക്കാരന്റെ അരികിലേക്ക് പാഞ്ഞടുത്ത പാടത്തിനുടമയുടെ കൈയിൽ തിന്മയുടെ അടയാളമായ കുരമ്പുകണ്ട് അവർ പരസ്പരം തിരിച്ചറിയുന്നു. സംഘർഷത്തിന്റെ പുതിയ രംഗം ആരംഭിക്കുന്നു. കതിർക്കുലകൾ കൊയ്തെടുക്കാൻ പക്ഷികൾ കൂട്ടമായി പുറപ്പെട്ടത് പക്ഷിശാസ്ത്രക്കാരൻ പകർന്നുനൽകിയ പ്രചോദനമെന്ന തിരിച്ചറിവ് പാടത്തിനുടമയെ അത്യധികം ക്രുദ്ധനാക്കുന്നു. ഈ മണ്ണിൽ എല്ലാം എന്റേതാണെന്ന് പ്രഖ്യാപിക്കുന്ന പാടത്തിനുടമ പക്ഷി ശാസ്ത്രക്കാരനെ കൊല്ലാനൊരുങ്ങുമ്പോൾ എനിക്കുശേഷവും അധ്വാനിക്കുന്നവന്റെ സ്വപ്നവും പ്രതീക്ഷയും തൂണിലും തുരുമ്പിലും വെളുത്ത പുഷ്പങ്ങളിലും ധ്രുവനക്ഷത്രത്തിലും തെളിഞ്ഞു നിൽക്കും എന്നു പ്രത്യാശ പ്രകടിപ്പിക്കുന്നു. ചുറ്റും കാണുന്ന വെളുത്ത പൂക്കൾ മൊട്ടായിരിക്കുമ്പോഴേ എന്റെ മനോരാജ്യം അറിഞ്ഞിരിക്കുന്നു എന്ന സൂചനയിലൂടെ ഈ മണ്ണിൽ വിടരാൻപോകുന്നത് നന്മയുടെയും ഐക്യത്തിന്റെയും ലോകമാണെന്ന് പ്രഖ്യാപിക്കുന്നു. ഈ പ്രകൃതിയെ, മനുഷ്യരെയാണ് നാം ചേർത്തുപിടിക്കേണ്ടത്, അവരെയാണ് നാം ധ്യാനിക്കേണ്ടത് എന്നു പക്ഷിശാസ്ത്രക്കാരൻ പാടത്തിനുടമയെ ഓർമ്മിപ്പിക്കുന്നു. പക്ഷേ, ഹിംസാത്മകത നിറഞ്ഞ പാടത്തിനുടമയുടെ അമ്പേറ്റ് പക്ഷി ശാസ്ത്രക്കാരൻ പിടഞ്ഞുവീഴുന്നു. അയാളുടെ ദയനീയ വിലാപം ഉയർന്നു. പാടത്തിനുടമയുടെ തോട്ടത്തിലെ വെളുത്ത പൂക്കൾ ചുവന്നുതുടങ്ങി അതുകണ്ട് അവരന്ന് ദയനീയമായി കരഞ്ഞുകൊണ്ട് രക്ഷതേടി നാലുപാടും ഓടുന്നു.

കതിർ തേടിപ്പോയ കിളികൾ തിരികെയെത്തുമ്പോൾ പക്ഷിശാസ്ത്രക്കാരനെക്കാണാഞ്ഞ് അവരുടെ ഉള്ളം കലങ്ങുന്നു. അപ്പോഴേക്കും പൂർണ്ണമായും ചുവന്നുകഴിഞ്ഞ വെളുത്ത പൂക്കൾ അവരുടെ ദൃഷ്ടിയിൽപ്പെട്ടു. നന്മയുടെ സ്വർണച്ചിറക് സ്വയം അറുത്തെറിഞ്ഞ് സമ്പത്തിന്റെ തിളക്കം കണ്ട് അത്യാഗ്രഹിയായി കൂട്ടം വിട്ടുപോയി പാടത്തിനുടമയായവൻ ഗുരുവിനെ തള്ളിപ്പറഞ്ഞവനാണ്. ഗുരുവിനോടുള്ള പ്രതികാരം നടപ്പിലാക്കിയോ എന്ന് അവർ ഭയപ്പെടുന്നു. മാറിൽ തറച്ച കുരമ്പുമായി ശരശയ്യയിൽ കിടക്കുന്ന പക്ഷിശാസ്ത്രക്കാരന്റെ ധ്യാനനിമഗ്നത തിരിച്ചറിയാനാവാതെ പക്ഷികൾ കരഞ്ഞു. ഏതു ഭാരതയുദ്ധം തീർന്നുകാണാനാണ് അങ്ങയുടെ ധ്യാനം എന്ന ചോദ്യം പ്രസക്തമാകുന്നു. തിന്മയുടെ ഒറ്റക്കക്ഷിയായ കൗരവരാണ് എന്നും ശക്തി പ്രാപിച്ചതെന്നും അല്ലാത്തവർ വനവാസത്തിലാണെന്നും പറയുമ്പോൾ സത്യത്തെയും നന്മയെയും വനവാസത്തിനയ്ക്കുന്ന സാമൂഹികജീർണ്ണതയെ ഓർമ്മിപ്പിക്കുന്നു.

കൂരമ്പേറ്റ് പിടയുമ്പോഴും കൂട്ടം തെറ്റിയവനെ ഓർത്ത് വിലപിക്കുന്ന മനസ്സാണ് പക്ഷിശാസ്ത്രക്കാരന്റേത്. കൂട്ടുകാരും ആ വേദനയിൽ പങ്കാളികളാകുന്നു. പ്രതികാരത്തി നായി പാടത്തിനുടമയെ കൂരമ്പെയ്ത് കൊല്ലാനൊരുങ്ങുമ്പോൾ. "വേണ്ട. അവൻ നിങ്ങളിലൊരുവൻ സ്വയം ചിറകറുത്തെറിഞ്ഞവൻ. പാടത്തിനുടമയായവൻ." എന്നു പറഞ്ഞ് സ്നേഹത്തിന്റെയും സഹനത്തിന്റെയും വഴി ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. കൂട്ടംതെറ്റി പറന്നുപോയ കിളി കൂടണയാത്ത കിളി എന്ന തിരിച്ചറിവോടെ സംഘർഷം അവസാനിക്കുന്നു.

ഈ ലോകത്ത് ആർക്കും പുതിയ ചിറകുകൾ നൽകാനാവാത്തവിധം പക്ഷിശാസ്ത്രക്കാരൻ മുറിവേറ്റുപോയിരുന്നു. പക്ഷിശാസ്ത്രക്കാരന്റെ അഭ്യർഥന മാനിച്ച്

DRAFT

ഊരിയെടുത്ത ശരങ്ങൾകൊണ്ട് അവർ ശയ്യയൊരുക്കി. സ്വന്തം തോട്ടത്തിലെ പൂക്കൾ ചുവന്നതും എങ്ങും ചുവന്ന നക്ഷത്രങ്ങൾ തുറിച്ചുനോക്കുന്നതും കണ്ട് അത്യധികം ഭയപ്പാടോടെ പാടത്തിനുടമ കിളികളുടെ ചിറകുകൾക്കുള്ളിൽ അഭയം തേടിയെത്തുന്നു. ഉടമയാകാനും കൂരമ്പേന്താനം ചിറകുകൾ അരിഞ്ഞുകളഞ്ഞ തന്റെ ക്രൂരതയോർത്ത് അയാൾ ഉറക്കെ കരഞ്ഞു. കൂട്ടുകാരാകട്ടെ സ്വർണ്ണച്ചിറകളും സ്വപ്നങ്ങളും അയാൾക്ക് സന്തോഷത്തോടെ വാഗ്ദാനം ചെയ്തു. അപ്പോൾ വീണ്ടും ചുവന്ന പൂക്കൾ പളുങ്കുപോലെ വെളുത്ത പൂക്കളായി മാറുന്നു. തന്നെ എപ്പോഴും സ്നേഹിക്കുന്ന കിളികളിൽനിന്ന് സ്വർണ്ണച്ചിറകുകൾ ദാനമായി സ്വീകരിച്ച് ഒരുമിച്ചുപറക്കാനുള്ള പാടത്തിനുടമയുടെ തീരുമാനത്തോടെ നാടകം അവസാനിക്കുന്നു. എല്ലാവരും ഒന്നാണെന്ന ബോധ്യത്തോടെ ഈ ലോകത്തിൽ ഒരുമിച്ചുനിന്ന് സ്നേഹിക്കുകയും അർഹതപ്പെട്ടതെല്ലാം പങ്കുവയ്ക്കുകയും ചെയ്താലേ സമത്വസുന്ദരമായ ലോകം പണിയാനാവൂ എന്ന മഹത്തായ സന്ദേശമാണ് ഈ നാടകം മുന്നോട്ടുവയ്ക്കുന്നത്.

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

| |
|---|
| "വസന്തത്തിൽ കൊഴിച്ചിട്ട സ്വപ്നങ്ങൾ മുളച്ചുപൊന്തുന്ന മണ്ണിലേക്ക് പക്ഷികൾ പറന്നുവരുന്നു." |

ഈ വാക്യം നൽകുന്ന ആശയതലങ്ങൾ എന്തെല്ലാമാണ്?

കുറിപ്പ് തയ്യാറാക്കുക.

തുടർന്ന്

ചർച്ച

വസന്തത്തിൽ കൊഴിച്ചിട്ട സ്വപ്നങ്ങൾ എന്ന പ്രയോഗംകൊണ്ട് അർഥമാക്കുന്നതെന്ത്?

പ്രകൃതി മനുഷ്യമനസ്സുകളെ എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നത്?

**ക്രോഡീകരണം**

വസന്തം പ്രകൃതിയിലും മനസ്സിലും സൗന്ദര്യസമ്പന്നത കൊണ്ടുവരുന്നു.

അതുകൊണ്ടുതന്നെ ആഹ്ളാദവും അനുഭൂതിയും നിറയ്ക്കാൻ ഈ ഋതുവിന് കഴിയാറുണ്ട്.

ഇതു പുതിയ സ്വപ്നങ്ങൾക്കു കാരണമാകുന്നു. ഋതു മാറിയാലും വളരുന്ന സ്വപ്നങ്ങൾ പൂവണിയുന്ന മണ്ണാണ് മനസ്സ്. സ്വപ്നങ്ങൾ പൂക്കുന്ന മനസ്സിലേക്ക് പ്രത്യാശകളും ആശയങ്ങളും പക്ഷികളെപ്പോലെ പറന്നുവന്നു ചേക്കേറുന്നു.

DRAFT

## പ്രവർത്തനവിശകലനം

### നാടകവായന

നാടകം വ്യക്തിഗതമായി വായിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു നാടകത്തിലെ പ്രധാനകഥാപാത്രങ്ങളെ കുട്ടികൾ കണ്ടെത്തട്ടെ.

തുടർന്ന് ക്ലാസിൽ കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. ഗ്രൂപ്പുതലത്തിൽ കഥാപാത്രങ്ങളെ മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് നാടകം ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമൊരുക്കണം.

നാടകവായനയിൽ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം ?

ചർച്ച

### ക്രോഡീകരണം

- കഥാപാത്രസവിശേഷതകൾ ഉൾക്കൊണ്ടുള്ള അവതരണം.
- കഥാപാത്രങ്ങളുടെ വൈകാരികഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള വായന.
- ആശയവ്യക്തതയോടെയും സ്ഫുടമായുമുള്ള സംഭാഷണങ്ങളുടെ അവതരണം.
- ഭാവാവിഷ്കരണത്തിന് ഉതകുന്ന ശബ്ദനിയന്ത്രണം.

നാടകാവതരണത്തിന്റെ ഭാവാത്മക അവതരണത്തിനുശേഷം നാടകത്തിന്റെ ശബ്ദരൂപാന്തരം, ഉചിതമായ പശ്ചാത്തലസംഗീതം നൽകിക്കൊണ്ട് റെക്കോർഡ് ചെയ്ത് അവതരിപ്പിക്കാനുള്ള പ്രവർത്തനം നടക്കണം. കഥാപാത്രങ്ങളെ മുൻകൂട്ടി നിശ്ചയിച്ച് ആവശ്യമായ റിഹേഴ്സൽ നടത്തിയാണ് ശബ്ദരൂപാന്തരം തയ്യാറാക്കേണ്ടത്. സ്കൂളിലെ ഐ.ടി. ലാബ് സംവിധാനം ഉപയോഗപ്പെടുത്താം. ശബ്ദലേഖനം ചെയ്ത നാടകം ക്ലാസുമുറിയിൽ അവതരിപ്പിക്കുകയും ക്ലാസ് ഗ്രൂപ്പിൽ പങ്കുവയ്ക്കുകയും ചെയ്യണം. റീഡേഴ്സ് തിയേറ്റർ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തണം. വിലയിരുത്തൽ സൂചകങ്ങൾ ചർച്ചചെയ്ത് കണ്ടെത്തുന്നു.

#### റീഡേഴ്സ് തിയേറ്റർ

വേഷവിധാനങ്ങൾ, ഉപകരണങ്ങൾ, ദൃശ്യങ്ങൾ, പ്രത്യേക ലൈറ്റിംഗ് എന്നിവയില്ലാതെ അഭിനേതാക്കൾ ആഖ്യാനസാമഗ്രികളിലൂടെ നാടകീയവായനകൾ അവതരിപ്പിക്കുന്ന ഒരു നാടകരീതിയാണ് റീഡേഴ്സ് തിയേറ്റർ. പ്രേക്ഷകർക്ക് കഥ മനസ്സിലാക്കാൻ സഹായിക്കുന്നതിന് അഭിനേതാക്കൾ സ്ക്രിപ്റ്റുകളും വോക്കൽ എക്സ്പ്രഷനും മാത്രമേ ഉപയോഗിക്കുന്നുള്ളൂ. റീഡേഴ്സ് തിയേറ്റർ "കഥാ തിയേറ്റർ" എന്നും അറിയപ്പെടുന്നു,

DRAFT

## വിലയിരുത്തൽ സൂചകങ്ങൾ

- കഥാപാത്രങ്ങളുടെ വൈകാരികഭാവം ഉൾക്കൊണ്ടിട്ടുണ്ട്.
- സംഭാഷണങ്ങളുടെ സ്ഫുടതയും വ്യക്തതയും.
- ശബ്ദലേഖനത്തിന്റെ മികവും ഓഡിയോയുടെ വ്യക്തതയും.

## പ്രധാനാശയം കണ്ടെത്തൽ

നാടകം വായിച്ച് പ്രധാന ആശയം കണ്ടെത്താൻ ഗ്രൂപ്പുകൾക്ക് ചുമതല നൽകുന്നു

ചർച്ചാസൂചകങ്ങൾ നൽകുന്നു.

? പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം ?

? അവർ പ്രതിനിധീകരിക്കുന്ന ആശയം?

? കഥാപാത്രങ്ങളുടെ മാനസികാവസ്ഥ ആവിഷ്കരിക്കാൻ സംഭാഷണങ്ങൾക്ക് കഴിയുന്നുണ്ടോ?

? ഏതെല്ലാം സാമൂഹികവിഷയങ്ങളാണ് നാടകത്തിൽ ചർച്ച ചെയ്യുന്നത്?

### ക്രോഡീകരണം

- പക്ഷിശാസ്ത്രക്കാരനും പാടത്തിനുടമയും പക്ഷിവേഷക്കാരും സമൂഹത്തിന്റെ വ്യത്യസ്തമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നു.
- പക്ഷിശാസ്ത്രക്കാരൻ സാമൂഹികപരിവർത്തനത്തിന്റെ പ്രയോക്താവും ഉടമ അധികാരത്തിന്റെ പ്രതിനിധിയും പക്ഷിവേഷക്കാർ സാമൂഹികമാറ്റത്തിനായി പ്രവർത്തിക്കുന്ന സമൂഹവുമാണ്.
- അടിസ്ഥാനജനവിഭാഗത്തോടൊപ്പം കഴിയുകയും പട്ടിണിക്കാരന്റെ അന്നം പങ്കിട്ടു കഴിക്കുകയും ചെയ്യുന്ന സമഭാവനയും സാഹോദര്യവും.
- ഈ ഭൂമിയുടെ ഉടമകളായിട്ടും വിതയ്ക്കാനും കൊയ്യാനും കഴിയാത്ത ഇത്തിരി മണ്ണില്ലാത്തവരുടെ ദുഃഖവും ദുരിതവും.
- ആവാസവ്യവസ്ഥയെ തകിടംമറിക്കുന്ന പ്രകൃതിനശീകരണ മനോഭാവത്തോടുള്ള പ്രതികരണം.
- പ്രകൃതിയെ ധ്യാനിക്കണമെന്നും വെട്ടുന്നവർക്കും തണലേകണമെന്നുമുള്ള പ്രപഞ്ചദർശനം.
- സ്നേഹസുന്ദരപാതയിലൂടെ സമത്വം നിലനിർത്തണമെന്ന ആഹ്വാനം.
- സത്യവും ധർമ്മവും പലപ്പോഴും ഹിംസിക്കപ്പെടുമെന്ന സാമൂഹിക യാഥാർഥ്യം.

DRAFT

- അധികാരത്തിനും സമ്പത്തിനുംവേണ്ടി വർഗസമൂഹത്തെ ഉപേക്ഷിക്കുന്ന സ്വാർഥമനോഭാവം, പ്രകൃതിയെ ഒന്നാകെ കവരാനുള്ള ആർത്തി.
- സ്നേഹത്തോടെയും സാഹോദര്യത്തോടെയും ഒന്നിച്ചു നിൽക്കുമ്പോഴാണ് നവലോകനിർമ്മിതി സാധ്യമാവുക.
- മാനവികതയ്ക്കുവേണ്ടി നിലകൊള്ളുന്നവർക്ക് നേരിടേണ്ടിവരുന്ന പീഢനവും സഹനവും.
- നവലോകനിർമ്മിതിക്കുവേണ്ടി രക്തസാക്ഷിയാകുന്ന വിപ്ലവകാരിയുടെ സഹനവും ത്യാഗവും.

## തുടർപ്രവർത്തനം

നാടകത്തിന്റെ പ്രധാനാശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## സമകാലികപ്രസക്തി കണ്ടെത്തൽ

നാടകത്തിലെ പക്ഷിശാസ്ത്രക്കാരന്റെയും ഉടമയുടെയും സംഭാഷണങ്ങളിൽ ഏറ്റവും പ്രസക്തമെന്നു തോന്നുന്നവ കണ്ടെത്താൻ നിർദ്ദേശിക്കുന്നു. ഓരോ ഗ്രൂപ്പും കണ്ടെത്തിയവ പൊതുവായി അവതരിപ്പിക്കുന്നു.

"പ്രായം കൂടുന്തോറും ഞാൻ കൂടുതൽ കാണുന്നു... അന്ധത ഏറിവരുന്തോറും അകത്തു പ്രകാശം!"

"നാട്ടാരുടെ ഭാഗ്യംപറഞ്ഞും നാട്ടുവെളിച്ചത്തിൽ തപ്പിത്തടഞ്ഞും നടന്ന്, പറന്ന് തെണ്ടികളുടെ പറുദീസയിലുറങ്ങി... പട്ടിണിക്കാരന്റെ അത്താഴമുണ്ടു... ഒഴിഞ്ഞ പാത്രത്തിലൊരു ചീരയില. നമുക്കത് മൃഷ്ടാന്നഭോജനം..."

"ഈ ഭൂമിയാകെ നമ്മുടേത്. വന്യഭൂമിയിൽ ഏതോ താപസൻ നമുക്കായി വിതച്ച വരിനെല്ല് ആയിരംമേനി വിളഞ്ഞുനിൽക്കുന്നു. ചന്തമുള്ള കതിർക്കുലകൾ."

"ഈ തൂണിലും തുരുമ്പിലും വെളുത്ത പുഷ്പങ്ങളിലും കിഴക്കുദിച്ച ധ്രുവനക്ഷത്രത്തിലും ഞാനവരുടെ ഫലം കൊത്തിവച്ചിട്ടുണ്ടല്ലോ. പൂക്കളും കിളികളും അത് പാടിപ്പരത്തും. നിന്റെ ചുറ്റും കാണുന്ന ഈ വെളുത്തപൂക്കൾ മൊട്ടായിരിക്കുമ്പോഴേ എന്റെ മനോരാജ്യമറിഞ്ഞിരിക്കുന്നു."

? പക്ഷിശാസ്ത്രക്കാരന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ സംഭാഷണങ്ങളിൽ തെളിയുന്നത്?

ചർച്ച

DRAFT

**ക്രോഡീകരണം**

- പക്ഷിശാസ്ത്രക്കാരൻ ഉൾക്കണ്ണുകൊണ്ട് ലോകത്തെ കാണുന്നവനും നയിക്കുന്നവനുമാണ്.
- അടിസ്ഥാനവർഗത്തിനുവേണ്ടി നിലകൊള്ളുകയും അവരുടെ സന്തോഷത്തിലും സങ്കടത്തിലും പങ്കുചേരുകയും ചെയ്യുന്നു.
- നന്മയുടെയും പ്രതീക്ഷയുടെയും സാഹോദര്യത്തിന്റെയും പുതിയ ലോകം ഉയർന്നുവരും.
- ഈ മണ്ണിൽ എല്ലാ നന്മകളും വിളയുമെന്ന സ്വപ്നമാണ് പക്ഷിശാസ്ത്രക്കാരന്റെ വാക്കുകൾ ഓർമ്മിപ്പിക്കുന്നത്.

തുടർന്ന് നാടകത്തിലെ ഉടമയുടെ പ്രസക്തമായ സംഭാഷണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. കണ്ടെത്തിയവ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

“കൂട് പൊളിച്ചെൻ പാടമരിഞ്ഞു തകർക്കാൻ

കൂട്ടായി പാടിപ്പോയത് നിൻപക്ഷി”

"അന്ന് നീ അവരുടെ ഫലം പറയാനില്ലെങ്കിലോ?"

"അങ്ങനെ പിടഞ്ഞു പിടഞ്ഞു മരിക്കട്ടെ, എന്റെ ഗുരു പോലും "

"എന്റെതോട്ടത്തിലെ പൂവിന്റെ ചോപ്പിന് പക്ഷി ശാസ്ത്രക്കാരന്റെ ചോരപോലും "

ചർച്ച

? ഉടമയുടെ രോഷത്തിന് കാരണം എന്താണ്?

? അന്നു നീ അവരുടെ ഫലം പറയാനില്ലെങ്കിലോ എന്ന വാക്കുകളിൽ നിറയുന്ന മനോഭാവം എന്താണ്?

? ആരോടാണ് ഇങ്ങനെ പറയുന്നത്?

? എന്റെ ഗുരുപോലും എന്ന പ്രയോഗം ഉടമയും പക്ഷിശാസ്ത്രക്കാരനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നുണ്ടോ?

? എന്റെ തോട്ടത്തിലെ ചോര എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ എന്തെല്ലാം ?

**ക്രോഡീകരണം**

- വയലുകളിൽ കതിരുകൾ കൊത്താനെത്തുന്ന കിളികൾക്കുനേരെയാണ് ഉടമയുടെ രോഷം. കിളികൾക്ക് അവകാശപ്പെട്ട ഭൂമിയും ആകാശവും കവർന്നെടുക്കുന്നവരുടെ പ്രതിനിധിയാണ് ഉടമ. ഉടമയുടെ കോപത്തിന് പാത്രമാകുന്നത് പക്ഷികൾക്ക് സംരക്ഷണമേകുന്ന പക്ഷിശാസ്ത്രക്കാരനാണ്.

DRAFT

- പക്ഷികളെ സംരക്ഷിക്കുകയും പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള പാരസ്പര്യം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന വ്യക്തിയാണ് പക്ഷിശാസ്ത്രക്കാരൻ.
- പ്രകൃതിക്കും സമൂഹത്തിനുംവേണ്ടി നിലകൊള്ളുന്നവരെ ഇല്ലാതാക്കുമെന്ന ഭീഷണിയാണ് ഉടമയുടെ വാക്കുകളിൽ തെളിയുന്നത്.
- കൂരമ്പേറ്റ് ചുറ്റും ഒഴുകിപ്പരക്കുന്ന ചോര സാമൂഹ്യപരിവർത്തനത്തിന് തുടക്കമാണ്. സാമൂഹ്യമുന്നേറ്റത്തിൽ താൻ എന്നെന്നേക്കുമായി ഇല്ലാതാകുമെന്ന് ഉടമ പരിഭ്രമത്തോടെ തിരിച്ചറിയുന്നു. അനിവാര്യമായ മാറ്റത്തിനൊടുവിൽ ലോകത്ത് ശാന്തിയുടെയും സമാധാനത്തിന്റെയും വെളുത്ത പൂക്കൾ നിറയും.

**തുടർപ്രവർത്തനം**

പക്ഷിശാസ്ത്രക്കാരൻ, ഉടമ എന്നിവരുടെ മനോഭാവങ്ങളും ജീവിതാവസ്ഥകളും വ്യക്തമാക്കി നാടകത്തിന്റെ സമകാലികപ്രസക്തി വിമർശനാത്മകമായി വിലയിരുത്തുക.

**അർഥസാധ്യതകൾ കണ്ടെത്താം**

“സഖീ! ഈ യുദ്ധത്തിൽനിന്ന് ഒഴിയാൻ നമുക്കിനി സാധ്യമല്ല... മരിച്ചവർക്കുവേണ്ടി നാം യുദ്ധം ചെയ്യും. പക്ഷേ, ഈ യുദ്ധം നമ്മുടെ അവസാനത്തെ യുദ്ധമാണ്. പൊട്ടാത്ത പടച്ചട്ടകൾ നാം അണിയുകയാണ് ഈ നിമിഷത്തിൽ ആത്മസഖിയോട്- ഒരുപക്ഷേ, മനശ്ശാന്തിക്കുവേണ്ടി ചോദിക്കട്ടെ രാവണന്റെ ജീവിതം ഒരു പാഴ്ചെലവായിരുന്നോ?”

( ലങ്കാലക്ഷ്മി - സി.എൻ. ശ്രീകണ്ഠൻനായർ)

നാടകസംഭാഷണം വിശകലനം ചെയ്യുന്നു.

ചർച്ച

? രാവണന്റെ ജീവിതം പാഴ്ചെലവായിരുന്നോ?” എന്ന സംഭാഷണത്തിന്റെ അർഥസാധ്യതകൾ എന്തെല്ലാമാണ്?

? നാടകത്തിൽ ഇത്തരം സംഭാഷണങ്ങളുടെ പ്രസക്തി എന്താണ്?

**ക്രോഡീകരണം**

- രാമരാവണയുദ്ധത്തിന്റെ അവസാനഘട്ടത്തിൽപോലും രാവണൻ ആത്മവിശ്വാസം മുറുകെപ്പിടിക്കുകയാണ്.
- അധികാരവും അറിവും വേണ്ടുവോളമുണ്ടായിട്ടും തന്റെ ജീവിതം പാകപ്പിഴ സംഭവിച്ചതായിരുന്നോ എന്ന ആത്മവിമർശനം.
- കഥാപാത്രങ്ങളുടെ മാനസികസംഘർഷം ആവിഷ്കരിക്കുന്നതിന് ഇത്തരം സംഭാഷണങ്ങൾക്ക് മുഖ്യപങ്കുണ്ട്.

DRAFT

ക്രോഡീകരണത്തിനുശേഷം പക്ഷിക്കുഞ്ഞിന്റെ മരണം എന്ന നാടകത്തിലെ സംഭാഷണം വിശകലനം ചെയ്യുന്നു.

| ചിറകുവച്ച ചിന്തകൾ തീപ്പിടിച്ച സ്വപ്നങ്ങൾ |
|---|

ചർച്ച

? ചിന്തകൾക്ക് ചിറകുവയ്ക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്?

? തീപ്പിടിച്ച സ്വപ്നങ്ങൾ എന്ന പ്രയോഗം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം ?

**ക്രോഡീകരണം**

- വ്യക്തികളിൽനിന്ന് ഉരുത്തിരിയുന്ന പുരോഗമനചിന്തകൾ ലോകത്തമ്പാടും വ്യാപിച്ച് സാമൂഹികവിപ്ലവത്തിന് വഴിയൊരുക്കുന്നു.
- സ്വപ്നങ്ങൾ വൈയക്തികളായ അനുഭൂതികൾക്കപ്പുറത്ത് ജീവിതത്തെ കരുപ്പിടിപ്പിക്കുകയും ജ്വലിപ്പിക്കുകയും ചെയ്യുന്നു.
- സ്വപ്നങ്ങളുടെ തീക്ഷ്ണതയാണ് ജീവിതത്തെ പ്രകാശപൂർണ്ണമാക്കുന്നത്.

തുടർന്ന് നാടകത്തിൽനിന്ന് കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കാൻ അവസരം നൽകുന്നു. കണ്ടെത്തിയവ ഗ്രൂപ്പുതലത്തിൽ വിശകലനം ചെയ്തു മികച്ചവ ക്ലാസുമുറിയിൽ പൊതുവായി അവതരിപ്പിക്കുന്നു.

DRAFT

വിലയിരുത്തൽ സൂചകങ്ങൾ ചർച്ച ചെയ്ത് വികസിപ്പിക്കണം.

**വിലയിരുത്തൽ സൂചകങ്ങൾ**

- ഉചിതമായ പ്രയോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- അർഥതലങ്ങൾ കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട്.
- കഥാപാത്രങ്ങളുടെ മനോഭാവവുമായി ബന്ധിപ്പിച്ച് വിലയിരുത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

**താരതമ്യക്കുറിപ്പ് തയ്യാറാക്കാം**

“സ്നേഹിക്കയുണ്ണീ നീ നിന്നെ

ദ്രോഹിക്കുന്ന ജനത്തെയും

ദ്രോഹം ദ്വേഷത്തെ നീക്കിടാ

സ്നേഹം നീക്കിടുമോർക്ക നീ"

(വിചിത്രവിജയം - കുമാരനാശാൻ)

വരികളിലെ ആശയം ചർച്ച ചെയ്യുന്നു.

**ക്രോഡീകരണം**

- ജീവിതത്തിൽ മറ്റുള്ളവർക്ക് ദ്രോഹം ചെയ്യുന്ന വ്യക്തിയെയും സ്നേഹിക്കാൻ ശീലിക്കണം.
- ദ്രോഹംകൊണ്ട് വിദ്വേഷത്തെ ഒരിക്കലും ഇല്ലാതാക്കാൻ കഴിയില്ല
- ശത്രുവിനെപ്പോലും സ്നേഹംകൊണ്ട് കീഴടക്കുകയാണ് വേണ്ടത്.

തുടർന്ന് നാടകത്തിലെ സംഭാഷണം വിശകലനത്തിനായി നൽകുന്നു.

കിളികൾ "എല്ലാവരുംകൂടി ഓരോ കൊത്ത്, അയാൾ രക്തംവാർന്ന് വെയിലത്ത് വാടിവീഴും... ആ പാടത്തിനൊത്ത നടുവിൽ."

പക്ഷിശാസ്ത്രക്കാരൻ: "അയ്യോ! വേണ്ട. എന്റെ പൊന്നുങ്കുടങ്ങളേ, കൊത്തണ്ട.. ആ രക്തംകൊണ്ട് കുഴയ്ക്കണ്ട" (ഡോ. വയലാ വാസുദേവൻപിള്ള)

ചർച്ച

? കിളികൾ ഇപ്രകാരം ചിന്തിക്കാനിടയായ സാഹചര്യം എന്ത്?

? പക്ഷിശാസ്ത്രക്കാരന്റെ സംഭാഷണത്തിലെ സന്ദേശം എന്താണ്?

**ക്രോഡീകരണം**

- അർഹതപ്പെട്ട കതിർക്കുലകൾ നിഷേധിക്കുകയും കിളികളെ വേട്ടയാടുകയും ചെയ്യുന്നവനാണ് ഉടമ.
- ഉടമയോടുള്ള പ്രതിഷേധമാണ് കിളികൾ പ്രകടിപ്പിക്കുന്നത്.
- അവകാശങ്ങൾ നിഷേധിക്കുന്നവനെപ്പോലും സ്നേഹംകൊണ്ട് കീഴടക്കണം.

തുടർന്ന് വൈലോപ്പിള്ളിയുടെ കാവ്യഭാഗം ചർച്ചയ്ക്കായി നൽകുന്നു

DRAFT

*"ആകുമോ ഭവാന്മാർക്ക് നികത്താൻ*
*ലോകസാമൂഹ്യദുർനിയമങ്ങൾ*
*സ്നേഹസുന്ദരപാതയിലൂടെ*
*വേഗമാവട്ടെ വേഗമാവട്ടെ."*

*(വൈലോപ്പിള്ളി)*

കാവ്യഭാഗത്ത് തെളിയുന്ന വൈലോപ്പിള്ളിയുടെ ജീവിതദർശനം എന്താണ്?

**ക്രോഡീകരണം**

അവകാശങ്ങൾ നിഷേധിക്കുന്ന ദുർനിയമങ്ങൾ ലോകത്തെമ്പാടുമുണ്ട്. അവ ഇല്ലാതാക്കി സമത്വസുന്ദരലോകം പണിയാൻ സ്നേഹത്തിന്റെ പാതയാണ് സ്വീകരിക്കേണ്ടത്. രക്തച്ചൊരിച്ചിൽകൊണ്ട് സമത്വവും സാഹോദര്യവും സ്ഥാപിക്കാൻ കഴിയില്ല എന്നാണ് വൈലോപ്പിള്ളി വ്യക്തമാക്കുന്നത്.

## താരതമ്യക്കുറിപ്പ് തയ്യാറാക്കുക

രണ്ടു രചനാഭാഗങ്ങളിലും തെളിയുന്ന ജീവിതസന്ദേശങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

തയ്യാറാക്കിയ കുറിപ്പുകൾ സ്വയം / പരസ്പരം വായിച്ച് മെച്ചപ്പെടുത്തി മികച്ച ക്ലാസുമുറിയിൽ അവതരിപ്പിക്കുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ

- രണ്ടു സന്ദർഭങ്ങളിലെയും ആശയം കണ്ടെത്തിയിട്ടുണ്ട്.
- സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്

### നാടകാവതരണം

സ്കൂളിന്റെയും ഭൗതികസാഹചര്യങ്ങളും ക്ലാസ്സ് റൂം സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തിയാണ് നാടകാവതരണം നടത്തേണ്ടത്.

നാടകാവതരണത്തിനു മുന്നോടിയായ മുന്നൊരുക്കങ്ങൾ ക്ലാസ് റൂം പ്രവർത്തനങ്ങൾ തടസ്സപ്പെടാത്ത രീതിയിൽ നടക്കേണ്ടതാണ്. സ്കൂളിലെ കലാവിഭാഗം അധ്യാപകരുടെയും കലാമേഖലയിൽ പ്രാവീണ്യമുള്ള കുട്ടികളുടെയും

സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

DRAFT

നാടകാവതരണത്തിൽ ശ്രദ്ധിക്കേണ്ടതെല്ലാം.

**സംവിധാനം**

നാടകകലയുടെ അടിസ്ഥാനഘടകങ്ങളായ സ്ഥലം, കാലം, താളം, സംഭാഷണം, ശബ്ദം, ചലനം, പ്രകാശം എന്നിവയെ സമഞ്ജസമായി സമ്മേളിക്കുന്ന കലയാണ് നാടക സംവിധാനം. സംഭാഷണങ്ങളുടെയും കഥാനുസാരിയായ ചലനങ്ങളിലൂടെയും വികസിക്കുന്ന രംഗത്തിന് ചതുർമാനവ്യാഖ്യാനം നൽകുന്ന കലയാണ് സംവിധാനം.

**അഭിനയം**

ഒരു ക്രിയയുടെ അനുകരണമാണ് അഭിനയകല എന്നാണ് അരിസ്റ്റോട്ടിൽ അഭിനയത്തെ നിർവഹിച്ചിരിക്കുന്നത്. അഭിനയത്തിലൂടെ ജീവിതത്തെ പുനരാവിഷ്കരിക്കുകയാണ് ചെയ്യുന്നത്. നടനം എന്ന ശാസ്ത്രാധിഷ്ഠിതസങ്കല്പമാണ് അഭിനയമായി മാറിയത്. ലോകാവസ്ഥകളെ അനുകരിക്കൽ മാത്രമല്ല അനുസരിക്കൽ കൂടിയാണ് അഭിനയകലയുടെ മർമ്മം. നടൻ തന്റെ കഥാപാത്രവുമായും അന്തരീക്ഷവുമായും അഭേദ്യമായി താദാത്മ്യം പ്രാപിക്കണം.

**വേഷവിധാനം**

ഓരോ കഥാപാത്രത്തിനും അനുയോജ്യമായ വേഷം നാടകത്തിൽ പ്രധാനമാണ്. കഥാപാത്രത്തിന്റെ രൂപഭാവങ്ങൾക്കനുസരിച്ചുള്ള വേഷവും ചമയവും ചിട്ടപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

**രംഗവസ്തുക്കൾ**

കഥയ്ക്കും പശ്ചാത്തലത്തിലും ഇണങ്ങുന്ന രംഗവസ്തുക്കളും രംഗപടവും തയ്യാറാക്കണം. പ്രതീകാത്മകനാടകങ്ങളിൽ രംഗവസ്തുക്കളെ പ്രതീകാത്മകമായി മറ്റെന്തെങ്കിലും വസ്തുക്കൾ ഉപയോഗിച്ച് അടയാളപ്പെടുത്തുകയാണ് ചെയ്യുക.

**ദീപവിതാനം**

ആധുനികനാടകങ്ങളിൽ ദീപവിതാനത്തിന് സുവിശേഷമായ സ്ഥാനമുണ്ട്. സ്പോട്ട്ലൈറ്റ്, ഫ്ലഡ്ലൈറ്റ്, സ്ട്രിപ് ലൈറ്റ് എന്നിവയാണ് നാടകത്തിലെ ദീപവിതാനങ്ങളുടെ അടിസ്ഥാന ഉപകരണങ്ങൾ. കഥാപാത്രങ്ങളുടെ ഭാവപ്രകടനത്തിനും രംഗസൗകുമാര്യം വർധിപ്പിക്കുന്നതിനും ദീപവിതാനം സഹായമാകുന്നു.

**സംഗീതം**

നാടകത്തിലെ ഓരോ ക്രിയാംശത്തെയും ഭാവപൂർണ്ണമാകുന്നതിനും കഥാപാത്രത്തിന്റെ ഭാവചലനങ്ങൾ ഹൃദയസ്പർശിയാക്കുന്നതിനും സംഗീതം മുഖ്യപങ്കുവഹിക്കുന്നു. അപൂർവമായ വികാരഭാവങ്ങളാണ് സംഗീതം ആസ്വാദകർക്ക് പകർന്നുനൽകുന്നത്.

**പ്രത്യയങ്ങൾ തിരിച്ചറിയാം**

താഴെപ്പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

ഭീകരതാളത്തിൽ പാഞ്ഞെത്തുന്നു.

DRAFT

ഭീകരമായ താളത്തിൽ പാഞ്ഞെത്തുന്നു.

ചർച്ച

ഈ വാക്യത്തിൽ ഭീകരമായ താളത്തിൽ എന്ന രണ്ടു പദങ്ങൾ ഭീകരതാളത്തിൽ എന്ന ഒറ്റപ്പദമായി പ്രയോഗിച്ചപ്പോൾ ഉണ്ടായ മാറ്റം എന്ത്?

ഇങ്ങനെ ചേർത്തെഴുതുന്നതുകൊണ്ടുള്ള മേന്മകൾ എന്തെല്ലാം?

**ക്രോഡീകരണം**

- ഭീകരമായ എന്ന പദത്തിലെ "ആയ" ശബ്ദം ഇല്ലാതായി.
- പദങ്ങൾക്ക് അർഥവ്യത്യാസം സംഭവിക്കുന്നില്ല.

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ നിർദേശിക്കുന്നു.

കണ്ടെത്തിയവ ചർച്ചചെയ്യുന്നു.

ഗുരുവിന്റെ മുഖത്ത് സൂക്ഷിച്ചുനോക്കി

ഗുരുമുഖത്ത് സൂക്ഷിച്ചുനോക്കി

ഗുരുവിന്റെ മുഖം ഗുരുമുഖത്ത് എന്നു ചേർത്തെഴുതിയപ്പോൾ വന്ന മാറ്റമെന്ത്?

ചർച്ച.

ഇവിടെ 'ന്റെ 'എന്ന പ്രത്യയം ഇല്ലാതായി.

ഇവിടെയും അർഥവ്യത്യാസം സംഭവിക്കുന്നില്ല.

മറ്റെന്തെല്ലാം മേന്മകളാണ് ഇത്തരം ചേർത്തെഴുതലുകളിലൂടെ ഭാഷയ്ക്ക് ലഭിക്കുന്നത്?

**ക്രോഡീകരണം**

- വാക്യത്തിന്റെ ഭാവതലത്തിൽ ആധികാരികത പ്രകടമാവുന്നു.
- ഗുരുവിന്റെ മുഖത്തേക്കുതന്നെയാണ് നോക്കിയത് എന്ന അർഥം പ്രകടമാവുന്നു.
- ഭാഷയുടെ പ്രയോഗതലം ശക്തവും അനായാസവുമാക്കാൻ സമാസിച്ച പ്രയോഗംകൊണ്ട് സാധ്യമാകുന്നു.
- ആശയതലത്തിൽ വ്യക്തത കൈവരുന്നു.

പാഠഭാഗത്തുനിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

പദങ്ങൾ സമാസിച്ചും അല്ലാതെയും എഴുതുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

വിശകലനക്കുറിപ്പുകൾ സ്വയം പരസ്പരം വായിച്ച് മെച്ചപ്പെടുത്തി പൊതുവായി അവതരിപ്പിക്കണം.

DRAFT

വിഭക്തിയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്കായി ഒമ്പതാം ക്ലാസിലെ ടീച്ചർ ടെക്സ്റ്റ് പരിശോധിക്കുക.

**അഭിമുഖം നടത്താം**

കുട്ടികൾ അഭിമുഖം നടത്തുന്നതിനുള്ള മുന്നൊരുക്കൾ ആസൂത്രണം ചെയ്യണം. ചർച്ച ചെയ്തു പൊതുധാരണ രൂപീകരിക്കണം. ടീച്ചർ ഇടപെട്ട് അഭിമുഖം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

**അഭിമുഖം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടതെല്ലാം?**

- മുന്നൊരുക്കം നടത്തി ചോദ്യാവലി തയ്യാറാക്കണം.
- പ്രതികരണത്തിനനുസരിച്ച് വിഷയവുമായി ബന്ധപ്പെട്ട ഉചിതമായ ചോദ്യങ്ങൾ ചോദിക്കണം.
- ചോദ്യാവലി വസ്തുനിഷ്ഠമായിരിക്കണം.
- എളുപ്പം വിനിമയം ചെയ്യുന്ന രീതിയിലുള്ള ചോദ്യങ്ങളായിരിക്കണം.
- ചോദ്യത്തിന് ആശയവ്യക്തതയുണ്ടാവണം.
- ആവശ്യങ്ങളും മുൻഗണനകളും അനുസരിച്ച് അഭിമുഖത്തിൽ ചോദ്യാവലി ക്രമപ്പെടുത്തണം.

**പാനൽചർച്ച സംഘടിപ്പിക്കാം**

'സൃഷ്ടിപരമായ കലാവൃത്തി സമുദായജീവിതത്തെ സുന്ദരവും സത്യനിഷ്ഠവുമാക്കാതെ അടങ്ങുകയില്ല. അതായിരിക്കട്ടെ നമ്മുടെ കലാകാരന്മാരുടെയും ലക്ഷ്യം.'
(നിത്യചൈതന്യയതി)

ഈ നിരീക്ഷണം വിശകലനം ചെയ്യുന്നു.

? കലാകാരന്റെ ലക്ഷ്യമായി നിത്യചൈതന്യയതി ചൂണ്ടിക്കാണിക്കുന്നത് എന്താണ്?

? സമൂഹത്തെ നവീകരിക്കുന്നതിൽ കലയുടെ സ്ഥാനമെന്താണ്?

**ക്രോഡീകരണം**

- സമൂഹത്തെ നവീകരിക്കുന്നതിൽ കലാകാരന് പ്രധാനമായ പങ്കുവഹിക്കാൻ കഴിയും.
- വ്യക്തിയെയും സമൂഹത്തെയും സത്യത്തിലേക്കും ആനന്ദത്തിലേക്കും നയിക്കുന്നതിന് കലാസൃഷ്ടിക്കു കഴിയും.
- സാമൂഹികപരിവർത്തനത്തിനുള്ള ഉപാധികളിലൊന്നാണ് കല.

DRAFT

തുടർന്ന് എൻ. എൻ. പിള്ളയുടെ നിരീക്ഷണം വിശകലനത്തിനായി നൽകുന്നു.

'നാടകം വൈവിധ്യവും വൈചിത്ര്യവുമാർന്ന മാനവജീവിതഭാവങ്ങളുടെ കലാപരമായ ഒരു പുനരാവിഷ്കാരമാണ്.' (എൻ.എൻ. പിള്ള)

ചോദ്യം ഉന്നയിക്കുന്നു.

? നാടകത്തെക്കുറിച്ചുള്ള എൻ. എൻ. പിള്ളയുടെ നിരീക്ഷണം എത്രമാത്രം പ്രസക്തമാണ്?

**ക്രോഡീകരണം**

- ജീവിതത്തിന്റെ പുനരാവിഷ്കാരമാണ് നാടകം.
- സാമൂഹികപരിവർത്തനത്തിനുള്ള ഉപാധികളിലൊന്നാണ് നാടകം.
- മനുഷ്യഭാവങ്ങളുടെ സംഘർഷാത്മകമായ അവതരണം നാടകത്തിന്റെ ജീവനാണ്.
- നാടകം ജീവിതാവസ്ഥകളെ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുന്നു.
- സാമൂഹികവും സാംസ്കാരികവുമായ ഘടനയിൽ നാടകം കനത്ത സ്വാധീനം ചെലുത്തുന്നു.

നിത്യചൈതന്യയതിയുടെയും എൻ.എൻ പിള്ളയുടെയും നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ 'കലയും സാമൂഹികപരിവർത്തനവും' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കുക.

## പാനൽചർച്ച

വ്യത്യസ്ത കാഴ്ചപ്പാടുകളും ആശയങ്ങളും ഉള്ള വിദഗ്ധർ ഒരു വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന പ്രവർത്തനമാണ് പാനൽചർച്ച. ഒരു വ്യവഹാരരൂപമെന്ന നിലയിൽ എല്ലാ പഠിതാക്കൾക്കും പങ്കാളിത്തവും അവരെ വിലയിരുത്തുന്നതിനുള്ള അവസരവും പാനൽ ചർച്ചയിൽ ലഭിക്കേണ്ടതുണ്ട്. ക്ലാസുതല പാനൽചർച്ചയിൽ മൂന്നു ഘടകങ്ങൾ പ്രധാനമാണ്.

**വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന വിദഗ്ധർ**

നിർദിഷ്ട മേഖലകളിൽ വൈദഗ്ധ്യം നേടിയവരാകണം വിദഗ്ധർ.

**മോഡറേറ്റർ**

വിഷയപരിജ്ഞാനമുള്ള വ്യക്തിയാവണം. യുക്തമായ ചോദ്യങ്ങൾകൊണ്ട് ചർച്ചയെ നയിക്കാനുള്ള ശേഷിയുണ്ടാവണം, ആശയസമന്വയത്തിലെത്തിക്കാൻ ശ്രമിക്കണം.

**ചർച്ചയിലെ പങ്കാളികൾ**

ജനാധിപത്യമര്യാദകൾ പാലിച്ചുകൊണ്ട് വിദഗ്ധരോട്, അവർ അവതരിപ്പിക്കുന്ന ആശയങ്ങളോട് യോജിച്ചും വിയോജിച്ചും ചോദ്യങ്ങൾ ചോദിക്കാൻ അവസരമുണ്ട്.

**പാനൽചർച്ച - വിലയിരുത്തൽ സൂചകങ്ങൾ**

- **പാനൽവിദഗ്ധരെ**

വിഷയത്തിൽ നേടിയിട്ടുള്ള ധാരണ.

പ്രതികരണങ്ങളിലെ കൃത്യത.

DRAFT

ആശയവിനിമയശേഷി

- **മോഡറേറ്ററെ**

വ്യക്തവും ഉചിതവുമായ ചോദ്യങ്ങൾ ചോദിക്കുന്നതിലെ വൈദഗ്ധ്യം.

വിദഗ്ധർക്ക് ചോദ്യങ്ങൾ വിഭജിച്ച് നൽകുന്നതിലെ വൈദഗ്ധ്യം.

ചർച്ചയിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായങ്ങളെയും നിർദേശങ്ങളെയും ശരിയായ ദിശയിലേക്കു നയിക്കാനുള്ള കഴിവ്.

- **പങ്കാളികളെ**

ആശയം ശരിയായി ഉൾക്കൊണ്ടുകൊണ്ട് ചർച്ചയിൽ ഇടപെടാനുള്ള കഴിവ്.

ഉദ്ദേശിക്കുന്ന കാര്യം ശരിയായി വിനിമയം ചെയ്യാനുള്ള കഴിവ്.

ജനാധിപത്യമര്യാദകൾ പാലിച്ചുകൊണ്ട് സംസാരിക്കാനുള്ള കഴിവ്.

## ആവിഷ്കാര / പ്രകടിത രൂപങ്ങൾ

| വാചികം | ലിഖിതം | അവതരണം |
|---|---|---|
| കഥാവായന<br>സംവാദം<br>ആമുഖഭാഷണം<br>ചർച്ച<br>അഭിമുഖം<br>പാനൽചർച്ച | ചിത്രവിശകലനം<br>വിശകലനക്കുറിപ്പ്<br>പ്രയോഗഭംഗി<br>നിരീക്ഷണക്കുറിപ്പ്<br>വർണ്ണനാഭംഗി<br>വിലയിരുത്തൽ<br>പോസ്റ്റർ<br>പട്ടികപ്പെടുത്തൽ<br>കഥാപാത്രനിരൂപണം<br>വിശകലനം<br>താരതമ്യം | ഗാനാലാപനം<br>നാടകാവതരണം<br>വീഡിയോ |

DRAFT


**സഹായകഗ്രന്ഥങ്ങൾ**

ഇതു ഭൂമിയാണ് – കെ. ടി. മുഹമ്മദ്
വ്യാകരണപാഠങ്ങൾ - പ്രൊ. പി. നാരായണമേനോൻ
മലയാളനാടകവിജ്ഞാനകോശം – വട്ടപ്പറമ്പിൽ പീതാംബരൻ
രംഗഭാഷ – ഡോ. വയലാവാസുദേവൻപിള്ള
നമുക്കൊരു നാടകം കളിക്കാം – സി. പി. രാജശേഖരൻ
മലയാള ചലചിത്രഗാനം – സാഹിത്യം, ചരിത്രം – എഡി. പി. കെ. ഹരികുമാർ

## ഗ്രന്ഥകാരപരിചയം :



### കെ ടി മുഹമ്മദ് (1929- 2008)

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ജനനം. നാടകം, നോവൽ, ചെറുകഥ എന്നീ ശാഖകളിൽ രചനകൾ നടത്തുകയും വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. കണ്ണുകൾ എന്ന ചെറുകഥയ്ക്ക് ലഭിച്ച അവാർഡ് അദ്ദേഹത്തിന് സാഹിത്യത്തിന് കിട്ടിയ ആദ്യത്തെ അംഗീകാരമായിരുന്നു. പിന്നീട് നാടകങ്ങൾക്ക് സാഹിത്യ അക്കാദമി അവാർഡും ചലച്ചിത്രമാക്കപ്പെട്ട കൃതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ അവാർഡും ലഭിച്ചു. 1987-ൽ കേരള സംഗീത നാടക അക്കാദമി ചെയർമാനായി നിയമിക്കപ്പെട്ടു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോപ്പറേഷന്റെ ചെയർമാൻ പദവിയും നിർവഹിച്ചിട്ടുണ്ട്. കോഴിക്കോട് സംഗമം തിയറ്ററിന്റെ സംഘാടകനായിരുന്നു. കേരള സംഗീത നാടക അക്കാദമി ഫെലോഷിപ്പ് നൽകി ആദരിക്കുകയുണ്ടായി. അൻപതുകളിൽ സാമൂഹികനാടകങ്ങൾ എഴുതിയാണ് കെ.ടി. മുഹമ്മദ് നാടകരംഗത്തേക്ക് വന്നത്. ഇരുപത്തഞ്ചോളം നാടകങ്ങൾ രചിച്ചിട്ടുണ്ട്. ഇത് ഭൂമിയാണ്, കാഫർ, കറവറ്റ പശു, ചുവന്ന ഘടികാരം, രാത്രി വണ്ടികൾ, ഉറങ്ങാൻ വൈകിയ രാത്രികൾ, വെളിച്ചം വിളക്ക് അന്വേഷിക്കുന്നു, മനുഷ്യൻ കാരാഗ്രഹത്തിലാണ്, ഉറങ്ങാൻ വൈകിയ രാത്രികൾ, ഞാൻ പേടിക്കുന്നു എന്നിവ പ്രധാന നാടകങ്ങളാണ്.



### ഡോ. വയലാ വാസുദേവൻ പിള്ള (1943-2011)

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വയലായിൽ ജനനം. മലയാള നാടകവേദിയിലെ മുതിർന്ന നാടകസാഹിത്യകാരനും നിരൂപകനും നാടക പരിശീലകനുമാണ് ഡോ. വയലാവാസുദേവൻ പിള്ള. 1988-89 ൽ അമേരിക്കയിൽ സംഘടിപ്പിച്ച നാടക കലാകാരന്മാരുടെ അന്താരാഷ്ട്രസമ്മേളനത്തിൽ ഭാരതത്തെ പ്രതിനിധാനം ചെയ്തു. 1989ൽ ഫുൾ ബ്രൈറ്റ് ഫെലോഷിപ്പ് നേടി. അമേരിക്കയിലെ ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ഷെക്നറുടെ നേതൃത്വത്തിൽ നവീന നാടകകലയിൽ ഗവേഷണം നടത്തി. തിരുവനന്തപുരത്തെ സുവർണ്ണരേഖയുടെ ഡയറക്ടറായി നാടകാവതരണങ്ങളും ശില്പശാലകളും സംഘടിപ്പിച്ചു. കേരള സംഗീത നാടക അക്കാദമി അവാർഡ് നേടിയ തുളസീവനം, കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ അഗ്നി, നാലാപ്പാടൻ അവാർഡ് നേടിയ ഒരു പക്ഷിക്കുഞ്ഞിന്റെ മരണം, വിശ്വദർശനം, കുഞ്ഞിച്ചിറകുകൾ, വരവേൽപ്പ്, കുചേലഗാഥ തുടങ്ങിയ നാടകങ്ങളും സൂത്രധാരാ ഇതിലേ?.... ഇതിലേ?... എന്ന നാടകപഠനഗ്രന്ഥവുമാണ് പ്രധാന കൃതികൾ.

### ഷാഹിന ഇ. കെ. (1978- )



മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ ജനനം. ഹയർസെക്കൻഡറി സ്കൂൾ അധ്യാപിക. അനന്തപത്മനാഭന്റെ മരക്കുതിരകൾ, പുതുമഴച്ചൂരുള്ള ചുംബനങ്ങൾ, ഫാന്റം ബാത്ത്, അ, കഥ, കാറ്റും വെയിലും ഇലയും പൂവും പോലെ, സ്വപ്നങ്ങളുടെ പുസ്തകം, പുസ്തകങ്ങളുടെ വീട് (കഥാസമാഹാരങ്ങൾ) നീലത്തീവണ്ടി (നോവലെറ്റുകൾ), പ്രവാചകൻ (വിവർത്തനം), ഒറ്റ ഞൊടിക്കവിതകൾ (കവിതാ സമാഹാരം), ഉണ്ണി എക്സ്പ്രസ്സ് ഡൽഹീന്നു മുത്തശ്ശി വീട്ടിലേയ്ക്ക്, ടുട്ടൂസിൻെറ മിന്നാമിന്നിക്കൂട്ടം (ബാലസാഹിത്യം) എന്നിവ കൃതികൾ.

DRAFT